# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 സെപ്റ്റംബർ 8 | ദീപം 55 | നാളം 27 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org


# ഒരുമയുടെ ഓണം ഓർമകളാകുമ്പോൾ




പ്രഫ. എം.കെ. സാനു


മലയാളികളുടെ ദേശീയോത്സവമായ തിരുവോണം കേരളത്തിൽ മാത്രമല്ല, ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ള മലയാളികൾക്കും ഉത്സവമായാണ് അനുഭവപ്പെടുന്നത്. കേരളത്തിനു വെളിയിലുള്ളവരും അകത്തുള്ളവരെപ്പോലെതന്നെ കോടിവസ്ത്രം ധരിക്കുകയും ഓണത്തിന്റേതായ സദ്യയൊരുക്കി ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുകയും ചെയ്യുന്നു. കോടിയുടുക്കുന്ന സമ്പ്രദായം പോലും അവർ മാറ്റിയിട്ടില്ല. ഏതോ ഒരു ഐതിഹ്യത്തെ ആസ്പദമാക്കിയാണെങ്കിലും ഇപ്രകാരം കേരളീയപ്രകൃതിയുടെ മനോഹാരിത മുഴുവൻ ഒത്തിണങ്ങുന്ന ഒരു ഉത്സവദിനം ലോകത്തിൽ ചുരുക്കംചില ജനവിഭാഗങ്ങൾക്കുമാത്രമേ ലഭിക്കാറുള്ളൂ. അയൽക്കാർ തമ്മിൽ സ്നേഹത്തോടെ സഹകരിക്കുകയും വിശിഷ്ടമായ പാരസ്പര്യം സ്ഥാപിക്കുകയും ചെയ്യുന്ന ദിനംകൂടിയാണ് തിരുവോണം.

എന്റെ നാട്ടിൻപുറത്ത് ഹിന്ദുക്കളും ക്രിസ്ത്യാനികളും മാത്രമാണുണ്ടായിരുന്നത്. അവർ ഒരുമിച്ചുചേർന്നാണ് ഓണക്കളികൾ പലതും നടത്തുന്നത്. വീടുകൾതോറും ഊഞ്ഞാലുണ്ടാകും. അതോടൊപ്പംതന്നെ, തെങ്ങിന്റെ ഉയരങ്ങളിൽനിന്നാരംഭിക്കുന്ന ആലാത്ത് എന്ന വലിയ ഊഞ്ഞാലും ഉണ്ടായിരിക്കും. അതിൽ രണ്ടുമൂന്നുപേർ ഒരുമിച്ചിരുന്ന് ആടുകയും ചെയ്യും. രാത്രികാലങ്ങളിൽ നിലാവും നിഴലും ഇടകലർന്നു സ്വപ്നാത്മകമായിത്തീർന്ന അന്തരീക്ഷത്തിൽ ആലാത്തിൽനിന്നുയരുന്ന സംഗീതം ദേശവാസികളെല്ലാവരും ഒരുപോലെ ആസ്വദിച്ചിരുന്നു. ഇതുകൂടാതെ പലതരം കളികൾ വേറെയുമുണ്ട്.

രാത്രികാലങ്ങളിൽ തുമ്പിതുള്ളൽ പ്രധാനമായിരുന്നു. പെൺകുട്ടികളെ ഒരു പീഠത്തിനു ചുറ്റും പിടിച്ചിരുത്തി, പാട്ടുകൾ പാടി അവരിൽ തുമ്പി ആവേശിച്ചതായ ബോധം സൃഷ്ടിക്കുന്നു. ആ അർദ്ധബോധാവസ്ഥയിൽ പെൺകുഞ്ഞുങ്ങൾ ഒരു പീഠത്തെ വലംവച്ചു ചുറ്റുകയും ഒടുവിൽ മോഹാലസ്യത്തിൽ അലിയുകയും ചെയ്യുന്നു. ഇതാണ് തുമ്പിതുള്ളൽ. ഇതു നടക്കുമ്പോൾത്തന്നെ തൊട്ടയൽവീടുകളിൽ വട്ടക്കളി ഉണ്ടായിരിക്കാം. തിരുവാതിരകളിയും ഉണ്ടായിരിക്കാം. ഇത്തരം കളികളിൽ പ്രായഭേദമെന്യേ എല്ലാവരും പങ്കുചേരുന്നു.

പലഹാരങ്ങൾ പരസ്പരം കൈമാറുന്ന ഹൃദ്യമായ കാഴ്ചയും അന്നു കാണാമായിരുന്നു. അവിടെയും മതവ്യത്യാസമില്ല. കുഞ്ഞുങ്ങൾ കോടിയുടുക്കുന്ന സമ്പ്രദായവും അന്നുണ്ടായിരുന്നു.

ഇപ്രകാരം, ഈശ്വരചൈതന്യത്താൽ വിശുദ്ധി നേടിയവരായി പരസ്പരം സ്നേഹിച്ചും സഹകരിച്ചും ജീവിതത്തിന് മനുഷ്യർ അർത്ഥം നല്കുന്ന കാഴ്ചയാണ് അന്നു കണ്ടുപോന്നിരുന്നത്. ഇന്ന് അസ്തമിച്ചുപോയ ഒരു സ്വപ്നത്തിന്റെ സ്മരണപോലെ ആ ഓർമകൾ എന്നെ തഴുകുന്നു എന്നുമാത്രം.

ഇന്നു ഞാൻ കാണുന്നത് തിരുവോണത്തിന്റെ കമ്പോളവത്കരണംമാത്രമാണ്. ആരും നാടൻ പലഹാരങ്ങൾപോലും അവരവരുടെ വീടുകളിൽ ഉണ്ടാക്കാറില്ല. കളികളൊന്നും നടക്കുന്നില്ല. പരസ്പരം സഹോദരഭാവേന ഒരുമിച്ചുചേർന്ന് ഒരു വിശുദ്ധദിനം കൊണ്ടാടുന്നതിന്റെ രംഗങ്ങളില്ല. യാന്ത്രികമായ ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും അവിടവിടെ നടന്നുപോരുന്നു എന്നുമാത്രം. യഥാർത്ഥമായ പൂവിന്റെ സ്ഥാനത്ത് പ്ലാസ്റ്റിക് പൂവ് പ്രത്യക്ഷപ്പെടുന്നതുപോലുള്ള ഒരു മാറ്റമായിട്ടാണ് ഈ കാലഘട്ടത്തിലെ ഓണം എന്റെ മനസ്സിൽ അനുഭവപ്പെടുന്നത്.

ചിന്തിക്കാനാരംഭിച്ച കാലംമുതൽ മനുഷ്യരെല്ലാവരും താലോലിക്കുന്ന ഒരു സ്വപ്നമാണ് സമത്വത്തിന്റെയും സമൃദ്ധിയുടെയുമായ ഒരു സമൂഹം. ആ സമൂഹത്തെ സംബന്ധിക്കുന്ന സങ്കല്പമാണ് തിരുവോണദിനത്തിന് ആധാരമായ ഐതിഹ്യമുൾക്കൊള്ളുന്നത്. അതു പ്രചോദകമാണ്. അതേസമയം, മനുഷ്യസാഹോദര്യത്തിനുവേണ്ടി പ്രയത്നിച്ച ജീവിതത്തെ അർത്ഥപൂർണമാക്കാൻ ആഹ്വാനം നൽകുന്നതുമാണ്.



മഹാബലിയും മഹാവിഷ്ണുവുമാണ് ഐതിഹ്യത്തിലെ മുഖ്യകഥാപാത്രങ്ങളെന്നു നമുക്കറിയാം. മഹാവിഷ്ണുവിന്റെ ചവിട്ടേറ്റ് മാവേലി പാതാളത്തിലേക്കു നിഷ്കാസിതനാവുകയാണ്. എന്തു കാരണത്താലാണ് വിഷ്ണുപാദങ്ങൾ മാവേലിയുടെ നിറുകയിൽ പതിഞ്ഞത്? അഴിമതിയില്ലാത്ത, കള്ളവും കളവുമില്ലാത്ത സമത്വസുന്ദരമായ ഒരു ഭരണം നടപ്പാക്കിയതിന്റെ പേരിലാണത്. നാം ഓരോ വർഷവും ഓർമിക്കുന്നത് ജയിച്ച മഹാവിഷ്ണുവിനെയല്ല, നിഷ്കാസിതനായ മഹാബലിയെയാണ്. അതിന്റെ അർത്ഥം വളരെ ലളിതമാണെന്നു ഞാൻ വിചാരിക്കുന്നു. ധർമത്തിനുവേണ്ടി പരാജയം വരിക്കുന്നതിലാണ് അധർമത്തിലൂടെ വിജയം വരിക്കുന്നതിനെക്കാൾ മഹനീയതയുള്ളത് എന്നാണ് അതിന്റെ അർത്ഥം. ആ അർത്ഥം ജീവിതത്തിൽ സൂക്ഷിക്കാവുന്ന നിലയ്ക്ക് നമുക്ക് നമ്മുടെ സ്വകാര്യജീവിതത്തിലും പൊതുജീവിതത്തിലും ആദർശാധിഷ്ഠിതമായ സമീപനം എക്കാലത്തും അവലംബിക്കാവുന്നതും ലോകത്തിനു മാതൃകയാക്കാവുന്നതുമാണ്. ഈ സന്ദേശമാണ് തിരുവോണം ഓർമിപ്പിക്കുന്നതെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ■



പാലാക്കാർക്ക്
ഓണ സമ്മാനമായി...

PUTHETTU CINEMAS

inauguration
3rd SEPT. 5pm



ഉദ്ഘാടനം:
ശ്രീ.വി.എൻ.വാസവൻ

4K ULTRAHD · real D 3D · CHRISTIE RealLaser · DOLBY ATMOS

പാലായിലെ ആദ്യ മൾട്ടിപ്ലക്സ് തീയേറ്റർ

For Online Booking:
www.puthettucinemas.com



ADMISSION 2022 - 2023
PARAMEDICAL COURSES



- B.Sc. ANAESTHESIA
- B.Sc. DIALYSIS
- B.Sc. MLT
- B.Sc. OPERATION THEATRE TECHNOLOGY (B.Sc. OTT)
- B.Sc. RADIOGRAPHY
- B.Sc. CARDIOVASCULAR TECHNOLOGY

+2 PASS IN ANY GROUP

- DMLT- 2 years
- DRIT - 2 years
- DOTT- 2 years
- DNT - 2 years
- D.ANAESTHESIA -2 years
- D.DIALYSIS-2 years

KERALA'S NO. 1 PARAMEDICAL TRAINING COLLEGE

യു.ജി.സി. അംഗീകൃത യൂണിവേഴ്സിറ്റിയുടെ 3 വർഷ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേക്ക് ഏതാനും സീറ്റുകൾകൂടി ലഭ്യമാണ്. പ്രമുഖ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികളിൽ ഓരോ വർഷവും 2 മാസം വീതം പ്രാക്ടിക്കൽ സൗകര്യം ലഭ്യമാണ്. സംവത്സരങ്ങളുടെ പ്രവർത്തനപാരമ്പര്യമുള്ള, കേരളത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന, കേരളത്തിൽനിന്ന് ഏറ്റവും കൂടുതൽ കുട്ടികൾക്കു വിദേശജോലി നേടിക്കൊടുത്ത സ്ഥാപനം. താത്പര്യമുള്ളവർ ഉടൻ നേരിൽ ബന്ധപ്പെടുക.

SSLC PASSED / +2 FAILED

BHARAT
EDUCATIONAL TRUST & COLLEGE OF ALLIED HEALTH SCIENCE, NEW CAMPUS - ANDOOR (PALA-VAIKOM ROUTE), PALA, KOTTAYAM,
Phone: 04822 214234, 9447507858, 9446900866

# മഹാബലിക്കഥയിലെ പാഠാന്തരങ്ങൾ



ഡോ. കുര്യാസ് കുമ്പളക്കുഴി

കേരളസാംസ്കാരത്തിന്റെ ആധാരശിലകളിലൊന്നാണ് മഹാബലിക്കഥ. മാനവസമത്വത്തിന്റെയും ജനക്ഷേമകരമായ ഭരണമാതൃകയുടെയും എക്കാലത്തെയും മികച്ച ഉദാഹരണമെന്ന നിലയിലാണ് കേരളീയർ അക്കഥ പാടിപ്പോരുന്നത്. പുരാണകഥകളുടെ പിൻബലമുള്ള കേരളീയരുടെ സ്വന്തം ഐതിഹ്യമാണ് മഹാബലിയും തിരുവോണവും.

ഭാഗവതം എട്ടാമധ്യായത്തിലാണു മഹാബലിയുടെയും വാമനന്റെയും കഥ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. അവിടെത്തന്നെയാണു പാലാഴിമഥനം കഥയും. പാലാഴിമഥനം നടക്കുമ്പോൾ മഹാബലിയായിരുന്നു അസുരചക്രവർത്തി. പുരാണകഥയെന്നതിലുപരി ഒരു ചരിത്രസംഭവം എന്നനിലയിലാണ് കേരളീയർ മഹാബലിയെയും അദ്ദേഹത്തോടു ചേർന്നുകിടക്കുന്ന തിരുവോണത്തെയും പൊതുവെ കണക്കാക്കുന്നത്. അതുപക്ഷേ, അത്രയ്ക്കങ്ങു സ്വീകാര്യമല്ല. പുരാണങ്ങളിലും ഐതിഹ്യങ്ങളിലും കെട്ടുപിണഞ്ഞുകിടക്കുന്ന ഇക്കഥയെ ഇഴപിരിച്ചു ചരിത്രത്തിൽ പ്രതിഷ്ഠിക്കുക അസാധ്യമാണ്.

മഹാബലിയെ പുരാണം അവതരിപ്പിക്കുന്നത് ഇങ്ങനെ: ഹിരണ്യകശിപുവിന്റെ ഏകമകൻ പ്രഹ്ളാദന്റെ പുത്രൻ വിരോചനനാണു മഹാബലിയുടെ പിതാവ്.

നാരായണായ നമഃ (നാരായണനെ നമസ്കരിക്കുന്നു) എന്ന പ്രാർത്ഥന ഹിരണ്യായനമഃ (ഹിരണ്യനെ നമസ്കരിക്കുന്നു) എന്നു മാറ്റി ജനമനസ്സിൽനിന്ന് ഈശ്വരചിന്ത തുടച്ചുനീക്കാൻ വിഫലശ്രമം നടത്തി, ദുരന്തം ഏറ്റുവാങ്ങിയ അസുരചക്രവർത്തിയാണ് ഹിരണ്യകശിപു. വിഷ്ണു നരസിംഹമായി അവതരിച്ചത് അദ്ദേഹത്തെ വധിക്കാനായിരുന്നു. ഹിരണ്യകശിപുവിന്റെ മകൻ പ്രഹ്ളാദൻ ഉറച്ച ഈശ്വരഭക്തനായിരുന്നു. ആ പ്രഹ്ളാദന്റെ കൊച്ചുമകൻ മഹാബലി.

പ്രപിതാമഹന്റെ ദുഷ്ടതയും പിതാമഹന്റെ നന്മയും ഇടകലർന്ന അപൂർവവ്യക്തിത്വമായിരുന്നു മഹാബലി. ഈ ഇരട്ടവ്യക്തിത്വം ആധിപത്യത്തിനുവേണ്ടി പരസ്പരം മത്സരിക്കും. ജയാപജയങ്ങൾ മാറിമാറിവരും. അങ്ങനെയാണു മഹാബലി ഒരേസമയം ക്രൂരനായ ഏകാധിപതിയും പ്രജാക്ഷേമതത്പരനായ ജനപ്രിയഭരണാധികാരിയുമായത്.

ഭാരതീയസങ്കല്പമനുസരിച്ച് ലോകങ്ങൾ മൂന്നാണ് - സ്വർഗം, ഭൂമി, പാതാളം. സ്വർഗം ദേവകളുടെയും ഭൂമി മനുഷ്യരുടെയും പാതാളം അസുരന്മാരുടെയും വാസസ്ഥലം. ഇതനുസരിച്ച് അസുരചക്രവർത്തിയായ മഹാബലിയുടെ അധികാരസീമ പാതാളത്തിൽ ഒതുങ്ങിനില്ക്കണം. പക്ഷേ, അതിബലവാനായ മഹാബലിക്ക് പാതാളംകൊണ്ടു തൃപ്തനാകാൻ കഴിയുമായിരുന്നില്ല. അദ്ദേഹം സൈനികശക്തികൊണ്ടു ഭൂമിയെയും പിന്നാലെ സ്വർഗലോകത്തെയും കീഴടക്കി. ദേവകൾ സ്വർഗം വിട്ടോടിപ്പോയി. ഭൂമിയിൽ മഹർഷിമാർക്കും വൈദികർക്കും സത്കർമങ്ങൾ ചെയ്യാൻ അനുവാദമില്ലാതായി. എല്ലാം മഹാബലിതന്നെ നടത്തിക്കൊള്ളും.

എങ്കിലും പ്രപിതാമഹൻ ഹിരണ്യകശിപുവിനെപ്പോലെ സ്വയം ദൈവമായിത്തീരാനൊന്നും അദ്ദേഹം തുനിഞ്ഞില്ല. എന്നല്ല, ബലി വലിയ വിഷ്ണുഭക്തനായിരുന്നുതാനും. പൂജകളും യാഗങ്ങളും നടത്തി വിഷ്ണുവിനെ പ്രസാദിപ്പിക്കാൻ ആ അസുരചക്രവർത്തി മറന്നില്ല.

തന്റെ ഭക്തനാണെങ്കിലും, ബലിയുടെ അഹങ്കാരം അതിരുകടക്കുന്നത് വിഷ്ണുവിനും സന്തോഷകരമായിരുന്നില്ല. മറ്റു ദേവന്മാരുടെയും മഹർഷിമാരുടെയും നിരന്തരപരാതിയും ഭഗവാന്റെ മനസ്സുലച്ചു. അനുവദനീയമായ അധികാരപരിധി ലംഘിച്ച് അയൽരാജ്യങ്ങൾ കീഴടക്കുന്ന ധിക്കാരത്തെ ഏറെക്കാലം അനുവദിച്ചുകൊടുക്കാൻ വിഷ്ണുവിനും വയ്യെന്നായി. അതുകൊണ്ടു വാമനനായി അവതരിച്ചു ബലിയെ ശിക്ഷിക്കാൻ അവിടുന്നു തീരുമാനിച്ചു.

കശ്യപപ്രജാപതിയുടെ ഭാര്യ അദിതിയുടെ ഉദരത്തിലാണ് വിഷ്ണു വാമനരൂപം സ്വീകരിച്ചത്. അദിതി ഗർഭിണിയായപ്പോൾമുതൽ മഹാബലി അശുഭസൂചനകൾ കണ്ടുതുടങ്ങി. തന്റെ കർമങ്ങളൊന്നും മുന്നേപ്പോലെ ഫലപ്രദമാകുന്നില്ല. ജനങ്ങൾക്കിടയിൽ അസ്വസ്ഥത പടരുന്നു. രോഗങ്ങളും പ്രകൃതിദുരന്തങ്ങളും ജനങ്ങളെ ദുരിതത്തിലാഴ്ത്തി. കുലഗുരുവായ ശുക്രാചാര്യരോടു ബലി കാരണമന്വേഷിച്ചു. ഗുരുവിന്റെ ഉൾക്കണ്ണിൽ നടുക്കുന്ന സത്യം തെളിഞ്ഞു. അദ്ദേഹം രാജാവിനു മുന്നറിയിപ്പു നല്കി: "കരുതിയിരിക്കുക. നിന്റെ നടപടികളിൽ മഹാവിഷ്ണു ഇപ്പോൾ പഴയതുപോലെ സംപ്രീതനല്ല."



ജനങ്ങളുടെ ഭൗതികജീവിതത്തിൽ കരുതലുള്ളവനായിരുന്നെങ്കിലും അവരുടെ ആധ്യാത്മികജീവിതത്തെ മഹാബലി അവഗണിച്ചുകളഞ്ഞു. ആധ്യാത്മികാചാര്യന്മാരുടെ നേതൃത്വത്തിലുള്ള ഭക്ത്യനുഷ്ഠാനങ്ങൾ നിരോധിച്ചതിലൂടെ ജനഹൃദയങ്ങളിൽ ശൂന്യത നിറഞ്ഞു. സാധാരണജനങ്ങൾക്ക് അത്തരം അനുഷ്ഠാനങ്ങൾ ഒഴിവാക്കാനാവില്ല. അവരുടെ ഹൃദയങ്ങളിൽ സ്വാസ്ഥ്യവും സമാധാനവും നിറയ്ക്കാൻ അത്തരം കർമ്മങ്ങൾ കൂടിയേ തീരൂ.

സ്വന്തം ശ്രേയസ്സിനും പ്രജകളുടെ ക്ഷേമത്തിനുമായി അഖണ്ഡയജ്ഞം നടത്തിയിരുന്ന മഹാബലിയുടെ യാഗശാലയിലേക്കു വാമനൻ കടന്നുവന്നു. സുന്ദരനായ ആ ബ്രാഹ്മണകുമാരനെ കണ്ടതേ മഹാബലിയുടെ മനസ്സിളകി. സ്നേഹവാത്സല്യങ്ങൾ ഉള്ളിൽ തിരയടിച്ചു. 'കുഞ്ഞേ, വരൂ, നിനക്കെന്തുവേണം? എന്തും ചോദിച്ചോളൂ.' മഹാബലി ഉദാരമനസ്കനായി.

"മഹാപ്രഭോ, എനിക്കധികമൊന്നും വേണ്ട. ഞാൻ മാതാപിതാക്കളില്ലാത്ത ഒരു ബാലനാണ്. എനിക്കിരുന്നു തപസ്സുചെയ്യാൻ മൂന്നു ചുവടു ഭൂമിമാത്രം മതി." വാമനൻ വിനയപൂർവം അറിയിച്ചു.

ശേഷം 10-ാം പേജിൽ





# അരമനയിൽനിന്ന് ആശ്രമത്തിലേക്ക്

2012 മുതൽ 2022 വരെയുള്ള പത്തുവർഷക്കാലം പാലാ രൂപതയുടെ സഹായമെത്രാനായിരുന്ന മാർ ജേക്കബ് മുരിക്കൻ ഏകാന്തതാപസജീവിതത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. 1993 ൽ വൈദികനായി അഭിഷിക്തനായ മാർ ജേക്കബ് മുരിക്കൻ 2012 ഓഗസ്റ്റ് 24 നാണ് പാലാ രൂപതയുടെ സഹായമെത്രാനായി നിയോഗിക്കപ്പെടുന്നത്. അഞ്ചു വർഷത്തിനുശേഷം 2017 ൽ ഒരു ഉൾവിളിയെന്നോണം ഏകാന്തതാപസപരിഹാരജീവിതത്തിനായി ദൈവം തന്നെ ഒരുക്കുന്നതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. വെളുപ്പിനേ മൂന്നു മണിക്കാരംഭിക്കുന്ന വ്യക്തിപരമായ പ്രാർത്ഥനയിൽ ആ ഉൾവിളി ദിവസംചെല്ലുന്തോറും ശക്തിപ്പെടുന്ന അനുഭവമാണ് അദ്ദേഹത്തിനുണ്ടായത്.

'ലോകത്തിൽനിന്ന് പൂർണമായി വിട്ട് നിശ്ശബ്ദതയിലേക്കു വരണം. ലോകം അറിയപ്പെടാത്ത ഒരു ജീവിതത്തിലേക്കു പ്രവേശിക്കണം.' ഈ ചിന്ത തുടർന്നുള്ള വർഷങ്ങളിലും കൂടുതൽ പ്രബലപ്പെട്ടുവന്നു. സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയോടും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിനോടും ഇക്കാര്യം സംസാരിക്കുകയുണ്ടായി. വിളിയുടെ വാസ്തവികത വെളിപ്പെട്ടുകിട്ടാൻ പ്രാർത്ഥനയോടെ കാത്തിരിക്കാനുള്ള നിർദേശമാണു ലഭിച്ചത്. വർഷങ്ങൾ പിന്നിടുന്തോറും ബോധ്യങ്ങളിൽ വളരുകയും താപസജീവിതത്തോടു മാനസികമായി പൊരുത്തപ്പെടുകയും ചെയ്തു. തദവസരത്തിലാണ് പാലാ രൂപതയുടെ സഹായമെത്രാൻസ്ഥാനത്തുനിന്ന് വിടുതൽ ചെയ്യണമെന്നാവശ്യപ്പെട്ട് മേജർ ആർച്ചുബിഷപ്പിന് കത്തു സമർപ്പിച്ചത്. ആ സമയംതന്നെ പരിശുദ്ധ പിതാവിന് വിശദവിവരങ്ങൾ അറിയിച്ചുകൊണ്ട് മാർ ജേക്കബ് മുരിക്കൻ കത്തെഴുതി. തുടർന്ന് പെർമനന്റ് സിനഡിന്റെ അനുമതിയോടെ മേജർ ആർച്ചുബിഷപ് മാർ മുരിക്കന്റെ സ്ഥാനത്യാഗം അംഗീകരിച്ചതായി സിനഡിന്റെ സമാപനദിവസമായ ഓഗസ്റ്റ് 25 ന് അറിയിക്കുകയായിരുന്നു.

താപസന്മാരുടെ ജീവിതം പരിശുദ്ധകുർബാനയുടെ സന്നിധിയിലാണ്. ഊണിലും ഉറക്കത്തിലും ഇരുപത്തിനാലു മണിക്കൂറും ഈശോയോടൊപ്പം! ഈശോയിൽ വിശ്വസിക്കുന്ന ഒരു വലിയ സമൂഹത്തിന്റെ കൂട്ടായ്മയിലാണ് താപസൻ പ്രാർത്ഥിക്കുന്നത്. അതുകൊണ്ട്, ഏകാന്തധ്യാനമാണെങ്കിലും താപസൻ ഒറ്റയ്ക്കല്ല. പ്രപഞ്ചവും സർവസൃഷ്ടിജാലങ്ങളും അവനോടൊപ്പം സന്ന്യസിക്കുന്നുണ്ട്; പരിഹാരബലിയിൽ പങ്കെടുക്കുന്നുണ്ട്. സന്ന്യാസജീവിതത്തിലെ ഏഴു യാമങ്ങളിലുമുള്ള പ്രാർത്ഥനകൾ എല്ലാ സമയത്തെയും വിശുദ്ധീകരിക്കാനുള്ള ജപധ്യാനങ്ങളാണ്. അതു മനുഷ്യർക്കുവേണ്ടി മാത്രമല്ല, എല്ലാ സൃഷ്ടികൾക്കുംവേണ്ടിയുള്ളതാണ്. പ്രാർത്ഥനയും ഉപവാസവും അധ്വാനവും വായനയും പഠനവുമൊക്കെയായി ആശ്രമാന്തരീക്ഷത്തിൽ മാർ ജേക്കബ് മുരിക്കൻ ജീവിതത്തിന്റെ അർത്ഥവും ആനന്ദവും കണ്ടെത്തുകയാണ്.

ഈശോയോടുകൂടെയായിരിക്കുമ്പോൾ ലഭിക്കുന്ന ശാന്തതയും ശക്തിയും സഭയ്ക്കും സമൂഹത്തിനും കരുത്തു പകരും. ബനഡിക്ട് പാപ്പാ മറഞ്ഞിരുന്നു പ്രാർത്ഥിക്കുന്നതാണ് ഫ്രാൻസീസ് പാപ്പായുടെ ശക്തിയും കത്തോലിക്കാസഭയുടെ ഉണർവുമെന്ന് ബിഷപ് മുരിക്കൻ പലപ്പോഴും പറയാറുണ്ട്. ഒരു മെത്രാനോട് താപസജീവിതം നയിക്കാൻ ദൈവം ആവശ്യപ്പെടുന്നത്, അവിടുത്തെ ഇച്ഛയും തിരഞ്ഞെടുപ്പുമാണ്. തപസ്സിന്റെ മഹത്ത്വവും പ്രാധാന്യവും ലോകം മനസ്സിലാക്കാനും അതുവഴി ലോകത്തെ രൂപാന്തരപ്പെടുത്താനും തന്റെ തിരഞ്ഞെടുപ്പിലൂടെ കാരുണ്യവാനായ ദൈവം നിശ്ചയിച്ചിട്ടുണ്ടാകാമെന്ന് ബിഷപ് ജേക്കബ് മുരിക്കൻ കരുതുന്നു.

ഏകാന്തജീവിതം നയിക്കുമ്പോഴും ജനങ്ങൾക്കു വന്നു കാണാനും ആത്മീയോപദേശം സ്വീകരിക്കാനും അവസരമുണ്ട്. മാത്രമല്ല, സഭ ആവശ്യപ്പെട്ടാൽ, മെത്രാനടുത്ത ശുശ്രൂഷകൾ നടത്താനും സാധിക്കും.

ഇടുക്കി ജില്ലയിലെ നല്ലതണ്ണിയിൽ പൗരസ്ത്യ ആത്മീയദർശനങ്ങളാൽ രൂപീകൃതമായ മാർത്തോമ്മാശ്ലീഹാ ദയറാ(ആശ്രമം)യുടെ സമീപത്തുള്ള ഒരു ഭവനത്തിലായിരിക്കും മാർ ജേക്കബ് മുരിക്കന്റെ ഇനിയുള്ള ജീവിതം.

ഏകാന്തതാപസജീവിതത്തിലേക്കു പ്രവേശിച്ച ഞങ്ങളുടെ പ്രിയപ്പെട്ട മുരിക്കൻപിതാവിന് ദീപനാളത്തിന്റെ പ്രാർത്ഥനാശംസകൾ.

# മധുരസ്മരണകളുടെ മാവേലിക്കാലം



രാജീവ് പെരിങ്ങാട്ട്

"മാവേലി നാടുവാണീടും കാലം
മനുഷ്യരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും.
കള്ളവുമില്ല ചതിവുമില്ല
എള്ളോളമില്ല പൊളിവചനം"

ഓണമെന്നു കേൾക്കുമ്പോൾ മനസ്സിൽ ആദ്യം വരുന്നത് അച്ഛമ്മ പാടിത്തരാറുള്ള ഓണപ്പാട്ടിന്റെ വരികളാണ്. ആ പാട്ട് എപ്പോൾ കേൾക്കുമ്പോഴും ഓണത്തിന്റെ വരവറിയിക്കുന്ന പൂക്കളും അത്തം മുതൽ പത്തുദിവസം നീളുന്ന ഓണക്കാലവുമൊക്കെ മനസ്സിൽ തെളിയും.

അത്തത്തിന്റെയന്നു രാവിലെ, മൂടിപ്പുതച്ചുകിടക്കുന്ന എന്നെയും വിളിച്ചുണർത്തി ചേച്ചിമാർ പൂക്കൾ പൊട്ടിക്കാനിറങ്ങും. മിക്കവാറും പൂക്കളൊക്കെ വീട്ടിലെ തൊടിയിൽ നിൽക്കുന്നതുകൊണ്ട് മറ്റുള്ളവരുടെ പറമ്പിലേക്കു നോട്ടം ചെല്ലാറില്ല. ചാണകം വട്ടത്തിൽ മെഴുകി ആദ്യത്തെ മൂന്നു ദിവസം തുമ്പപ്പൂക്കൾ മാത്രമുള്ള അത്തപ്പൂക്കളം പിന്നീടുള്ള ദിവസങ്ങൾ പലതരം പൂക്കൾകൊണ്ട് ഞങ്ങൾ മനോഹരമാക്കും. പൂക്കളം ഇട്ടുതുടങ്ങിയാൽ ഓണത്തിനുള്ള കാത്തിരിപ്പാണ്.

മണ്ണു കുഴച്ചു അമ്മ തൃക്കാക്കരയപ്പന്മാരെ ഉണ്ടാക്കും. മഹാബലിയെ വരവേൽക്കാൻ നിൽക്കുന്ന വാമനനാണ് തൃക്കാക്കരയപ്പൻ എന്ന് അമ്മ പറയും. അത്തംമുതൽതന്നെ അമ്മയും ചേച്ചിമാരും അടുക്കളയിലെ തിരക്കുകളിലേക്ക് ഊളിയിട്ടിറങ്ങും.

ചായ്പ്പിൽ കെട്ടിത്തൂക്കിയിട്ടിരിക്കുന്ന കായക്കുലകൾ വൈകാതെ ഉപ്പേരിയും ശർക്കരവരട്ടിയുമായി പരിണമിക്കും.



അമ്മയുടെ കണ്ണു വെട്ടിച്ച്, ചേച്ചിമാരുടെ കണ്ണുരുട്ടൽ കണ്ടില്ലെന്നു നടിച്ച് കായ വറത്തതും ശർക്കരവരട്ടിയുമൊക്കെ ഇടയ്ക്കിടെ ട്രൗസറിന്റെ പോക്കറ്റിലിട്ടുകൊണ്ട് ഞാൻ ടിവിയിലെ ജയന്റ് റോബോട്ട് പറക്കുന്നതുപോലെ കൈ മുകളിലേക്കുയർത്തി പറക്കും.

വീടിന്റെ പിന്നിലോ മുറ്റത്തോ നിന്ന് ആരും കാണില്ലെന്നുള്ള ഉറപ്പിൽ കായ വറുത്തതും ശർക്കരവരട്ടിയുമൊക്കെ ഞാൻ അകത്താക്കുന്നതു കണ്ട്, 'അമ്മേ, ദേ ചെക്കൻ എല്ലാം എടുത്തുകൊണ്ടോയി തിന്നണു' എന്നു വിളിച്ചുപറയുന്ന കുഞ്ഞേച്ചി ഞാൻ കുനിഞ്ഞു കല്ലെടുക്കുന്നത് കാണുമ്പോൾ തിരിഞ്ഞോടും.

അങ്ങനെ, അത്തംമുതൽ വറവിന്റെയും പലഹാരങ്ങളുടെയുമൊക്കെ കൊതിപ്പിക്കുന്ന മണം വീട്ടിലങ്ങനെ നിറഞ്ഞുനിൽക്കും. ഉത്രാടമാവുമ്പോൾ സന്ധ്യയ്ക്കുശേഷം ഉമ്മറത്ത് അരിമാവുകൊണ്ട് കോലം വരച്ച് അതിൽ പീഠംവച്ച് അതിന്മേൽ കിഴക്കോട്ടാക്കി നാക്കിലവിരിച്ച് ഉണ്ടാക്കിവച്ച തൃക്കാക്കരയപ്പന്മാരെ ഒന്നൊന്നായി അരിമാവുകൊണ്ട് അണിഞ്ഞു പൂക്കൾകൊണ്ട് അലങ്കരിച്ചു വലിയ തൃക്കാക്കരയപ്പനെ നടുക്കും ചെറിയവരെ ചുറ്റുമായും പിന്നെ ഒരു ചെറിയ തൃക്കാക്കരയപ്പനെ പുറത്തു ഗേറ്റിന്റെ അടുത്തുമായും അമ്മ പ്രതിഷ്ഠിക്കും.

ഉത്രാടവിളക്ക് കൊളുത്തിവച്ചതിനുശേഷം പൂജ ചെയ്യാൻ അമ്മ എന്നെ വിളിക്കും. കിണ്ടിയിൽ വെള്ളം നിറച്ചുവച്ചതിനുശേഷം നാളികേരം മുറിച്ചു രണ്ടു മുറികളിലും തിരിയിട്ട് കത്തിച്ച് ഇരുവശത്തുമായി വയ്ക്കും. ചന്ദനംകൊണ്ടും കർപ്പൂരംകൊണ്ടും പൂജിക്കും. ചുറ്റും ഉപപ്രതിഷ്ഠകളായി കുറച്ചു തൃക്കാക്കരയപ്പന്മാരെയും പൂചൂടിച്ചു വയ്ക്കും. പഴക്കഷണത്തിൽ കുത്തിവച്ച ചന്ദനത്തിരിയും തുളസിയിലയും പൂജിച്ചുണ്ടാക്കിവച്ച പൂവടയും പഴവുംകൊണ്ടു നേദിച്ചു തൃക്കാക്കരയപ്പന്മാരെ കുടിയിരുത്തി ഓണംകൊള്ളും.

പുലർച്ചെ ഓണംകൊണ്ടതു കാണാൻ മാവേലിത്തമ്പുരാൻ വരുമെന്ന് അച്ഛമ്മ പറയും. രാത്രിയിൽ ഉറക്കത്തിന്റെ അഗാധതയിൽ പട്ടുവസ്ത്രങ്ങളണിഞ്ഞ് ഓലക്കുടചൂടി രജതകിരീടം തലയിൽ ചൂടി മാവേലിത്തമ്പുരാൻ ഞങ്ങൾ ഓണംകൊണ്ടതു കാണാൻ വീട്ടിലേക്കുവരുന്നത് ഞാൻ സ്വപ്നം കാണും. രാവിലെ എഴുന്നേറ്റോടിപ്പോയി ഗേറ്റിന്റെ അടുത്തും മുറ്റത്തുമെല്ലാം ഞാൻ നോക്കും, കാൽപ്പാടുകളുണ്ടോയെന്ന്. ഒന്നും കാണാതെ നിരാശനായി തിരിച്ചുവന്ന് സങ്കടത്തോടെ അച്ഛമ്മയോടു ഞാൻ ചോദിക്കും:

"മാവേലിത്തമ്പുരാന്റെ കാൽപ്പാടൊന്നും കാണുന്നില്ലല്ലോ അച്ഛമ്മേ.. മ്മടെ വീട്ടിൽ വന്നില്ലല്ലേ..."

അപ്പൊ അച്ഛമ്മ പറയും:

"മാവേലിത്തമ്പുരാൻ വന്നു പോയിട്ടുണ്ടാകും രാജുമോനെ.. കാൽപ്പാടുകൾപോലും ആരും കാണരുതെന്നാണ് അദ്ദേഹത്തിനു കിട്ടിയ നിർദേശം."

ആരുടെ നിർദേശമാണതെന്നും മറ്റും ഞാൻ ചോദിക്കുമ്പോൾ അടുത്തിരിക്കുന്ന വെറ്റിലച്ചെല്ലം തുറന്ന്, വെള്ളം തളിച്ചുവച്ചിരിക്കുന്ന വെറ്റിലയെടുത്തു കൈയിൽ നിവർത്തിവച്ച് ചുണ്ണാമ്പു പുരട്ടി അടയ്ക്കക്കഷണങ്ങൾ വച്ചു പുകയില കൂട്ടി വായിലേക്കു വച്ച് മഹാബലി എന്ന മാവേലിയുടെ കഥ അച്ഛമ്മ പറഞ്ഞുതുടങ്ങും.

'പ്രഹ്ലാദരാജാവിന്റെ ചെറുമകനായിരുന്ന മഹാബലി പ്രജാക്ഷേമതത്പരനായ രാജാവായിരുന്നു. മഹാബലിയുടെ ഭരണകാലത്ത് നാട്ടിൽ ഒരു വിധത്തിലുള്ള അനിഷ്ടങ്ങളോ ദുരിതങ്ങളോ ഉണ്ടായിരുന്നില്ല. പ്രജകളെല്ലാം സന്തുഷ്ടരും സമൃദ്ധിയുള്ളവരുമായിരുന്നു. അദ്ദേഹത്തിന്റെ നല്ല ഭരണത്തിൽ ദേവന്മാർവരെ അസൂയാലുക്കളായിരുന്നു. ദേവലോകം വരെ കീഴടക്കിയതോടെ തന്നെ നേരിടാൻ ആരുമില്ലെന്ന അഹംഭാവം അദ്ദേഹത്തിനുണ്ടായി.

മഹാബലിയുടെ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന കീർത്തിയിൽ അസൂയാലുവായ ദേവേന്ദ്രൻ മാതാവായ അദിതിയുടെ അടുത്തെത്തി തന്റെ സങ്കടമറിയിച്ചു. അദിതി വൈകുണ്ഠത്തിൽച്ചെന്ന് മഹാവിഷ്ണുവിനോട് തന്റെ പുത്രന്റെ സങ്കടത്തെക്കുറിച്ചു പറഞ്ഞു.

ഇങ്ങനെ പോയാൽ ദേവവർഗം ഇല്ലാതാവുമെന്നും മഹാബലിയെ എങ്ങനെയെങ്കിലും തടയണമെന്നും അപേക്ഷിച്ചു. മഹാവിഷ്ണു ബ്രാഹ്മണബാലനായി അവതരിച്ചുകൊണ്ട് നർമദാ നദീതീരത്തു യാഗം ചെയ്തുകൊണ്ടിരിക്കുന്ന മഹാബലിയുടെ അടുത്തുവരികയും തന്റെ കാലുകൊണ്ട് അളന്നെടുക്കാൻ കഴിയുന്ന മൂന്നു ചുവട് മണ്ണ് ദാനമായി നൽകണമെന്ന് അപേക്ഷിക്കുകയും ചെയ്തു.

മഹാവിഷ്ണുവാണ് വാമനനായി വന്നിട്ടുള്ളതെന്ന് ഗുരുവായ ശുക്രാചാര്യർ മഹാബലിക്കു മുന്നറിയിപ്പു നൽകിയെങ്കിലും ദാനശീലനായ മഹാബലി ആ മുന്നറിയിപ്പിനെ അവഗണിച്ചുകൊണ്ട് മൂന്നടി മണ്ണ് അളന്നെടുക്കാൻ വാമനനെ അനുവദിച്ചു. ആകാശംമുട്ടെ വളർന്ന വാമനൻ തന്റെ പാദം അളവുകോലാക്കിക്കൊണ്ട് ആദ്യത്തെ രണ്ടടിയിൽ ആകാശവും ഭൂമിയും പാതാളവും അളന്നെടുക്കുകയും തന്റെ മൂന്നാമത്തെ ചുവട് എവിടെ വയ്ക്കണമെന്നു മഹാബലിയോടു ചോദിക്കുകയും ചെയ്തു.

കൊടുത്ത വാക്ക് തെറ്റാതിരിക്കാൻ മഹാബലി മൂന്നാമത്തെ ചുവടിനായി തന്റെ ശിരസ്സ് കാണിച്ചു കൊടുത്തു. ശിരസ്സിൽ കാലമർത്തി പാതാളലോകത്തേക്കു മഹാബലിയെ പറഞ്ഞുവിടുന്നതിനുമുമ്പ് വർഷത്തിലൊരിക്കൽ പ്രജകളെ കാണാനായി തന്റെ രാജ്യമായ മലയാളനാട്ടിലേക്കു മടങ്ങിവരാൻ അനുവദിക്കണമെന്നു മഹാബലി ഭഗവാനോട് അപേക്ഷിക്കുന്നു. അദ്ദേഹത്തിന്റെ ത്യാഗമനോഭാവം അനുഭവിച്ചറിഞ്ഞ ഭഗവാൻ അദ്ദേഹത്തെ 'തഥാസ്തു' എന്നു പറഞ്ഞനുഗ്രഹിക്കുന്നു. തന്റെ പ്രജകളെ കാണാനും അവരുടെ ക്ഷേമം അന്വേഷിക്കാനും മാവേലിത്തമ്പുരാൻ തിരികെയെത്തുന്ന ദിവസമായി തിരുവോണനാൾ എല്ലാവരും ആഘോഷിക്കുന്നു.

കഥയാണെങ്കിലും അങ്ങനെയൊരു കാലമുണ്ടായിരുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. മനുഷ്യരെല്ലാവരും ഒന്നുപോലെ സന്തോഷത്തോടെ ജീവിച്ചിരുന്ന സുന്ദരമായ കാലം.



60 Years Trust
KTS PRODUCTS
SINCE 1995
Tastit™
ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ
ISO 9001-2015
CERTIFIED COMPANY
www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ




കർത്താവേ, വ്യാജം പറയുന്ന അധരങ്ങളിൽനിന്നും വഞ്ചന നിറഞ്ഞ നാവിൽനിന്നും എന്നെ രക്ഷിക്കണമേ!

സങ്കീർത്തനങ്ങൾ 120:2

**എഡിറ്റോറിയൽ**

## ടൂറിസംമേഖല
## കടലാസുപദ്ധതികളല്ല, കർമപദ്ധതികളാണാവശ്യം

കൊവിഡനന്തരകേരളത്തിന്റെ വലിയ സമ്പദ്പ്രതീക്ഷയായ ടൂറിസംമേഖല പുതുപുത്തൻ പദ്ധതികളുമായി വികസനം കൊതിക്കുന്ന കാലമാണിത്. ഈ വർഷം ഇതുവരെ 38 ലക്ഷം വിനോദസഞ്ചാരികളാണ് സംസ്ഥാനത്തെത്തിയത്. വരുംവർഷങ്ങളിൽ സഞ്ചാരികളുടെ ഒഴുക്ക് ഗണ്യമായി വർദ്ധിക്കുമെന്ന കണക്കുകൂട്ടലിൽ നടപ്പുസാമ്പത്തിക വർഷംതന്നെ നൂറു പുതിയ വിനോദസഞ്ചാരകേന്ദ്രങ്ങൾ കൂട്ടിച്ചേർക്കാൻ പദ്ധതിയിട്ടിരിക്കുകയാണ് ടൂറിസംവകുപ്പ്. ടൂറിസംമേഖലയിലേക്കു പ്രതീക്ഷയോടെ കടന്നുവരുന്ന ചെറുകിട - ഇടത്തരം സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതടക്കം അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ടൂറിസംവകുപ്പ് പദ്ധതിയാസൂത്രണം ചെയ്തിരിക്കുന്നുവെന്നത് ശുഭോദർക്കം തന്നെയാണ്.

ടൂറിസംമേഖല ഉയർന്നുപറക്കാൻ പുതിയ ചിറകുകൾ തേടുമ്പോൾ, നാളിതുവരെയുണ്ടായ കഷ്ടനഷ്ടങ്ങളുടെ കണക്കുപുസ്തകം ആർക്കും പൂഴ്ത്തിവയ്ക്കാനാവില്ല. ടൂറിസംവകുപ്പിലെ 2016 മുതലുള്ള 'കടലാസുപദ്ധതി'കൾക്കായി അനുവദിച്ച 33 കോടി രൂപ തിരിച്ചടയ്ക്കാൻ വകുപ്പുമന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർദേശിച്ചിരിക്കുന്നു. 43 പദ്ധതികൾക്ക് മുൻകൂറായി വിവിധ സർക്കാർ വകുപ്പുകൾക്കും സർക്കാർ, സ്വകാര്യ ഏജൻസികൾക്കും നൽകിയ തുകയാണിത്. സമയപരിധിക്കുള്ളിൽ നടപ്പാകാതെപോയ പദ്ധതികളാണിവ. ചിലത് കരാറുകാരുടെ അനാസ്ഥമൂലമാണെങ്കിൽ, മറ്റുചിലത് വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങളിലും തടസ്സങ്ങളിലും കുടുങ്ങി. ടൂറിസം മന്ത്രിയുടെ നിർദേശപ്രകാരം നാലു മാസമായി ടൂറിസം വകുപ്പു നടത്തിയ പരിശോധനയിലാണ് ക്രമക്കേടു കണ്ടെത്തിയത്. ഏജൻസികളുടെ വീഴ്ചകൊണ്ടാണു പദ്ധതി നടക്കാതിരുന്നതെങ്കിൽ തുക പതിനെട്ടു ശതമാനം പലിശയോടെ തിരിച്ചുപിടിക്കും. വീഴ്ച ഉദ്യോഗസ്ഥരുടേതെങ്കിൽ അവരിൽനിന്ന് ഈടാക്കും.

ഭരണാനാനുമതി ലഭിച്ചു മൂന്നു വർഷത്തിനകം പദ്ധതി നടപ്പായില്ലെങ്കിൽ സ്വാഭാവികമായി പദ്ധതി റദ്ദാവും. മുൻകൂർ തുക തിരിച്ചടയ്ക്കുകയും വേണം. എന്നാൽ, പദ്ധതിയുപേക്ഷിച്ചു വർഷങ്ങൾ കഴിഞ്ഞിട്ടും വിവിധ ഏജൻസികൾ തുക കൈവശം വച്ചിരിക്കുകയായിരുന്നു. ഏറ്റെടുത്ത പദ്ധതികൾ ഉപേക്ഷിച്ചവരിൽ മുൻനിരയിൽ നിൽക്കുന്നത് ഡിടിപിസിയും കിറ്റ്കോയുമാണ്. നിർമിതികേന്ദ്രം, സിഡ്കോ, കെയ്കോ, ജലസേചന വകുപ്പ്, ഹാർബർ എൻജിനീറിങ് വകുപ്പ്, ഹാബിറ്റാറ്റ്, വാപ്കോസ്, ടെപ്സ്, ജിറ്റ്പാക്, സുലഭ് തുടങ്ങിയവയും പദ്ധതികൾ നടപ്പാക്കാതെ ഉപേക്ഷിച്ചതായി കണ്ടെത്തി.

ഏറ്റവുമധികം തുക മുൻകൂറായി കൈപ്പറ്റിയശേഷം പദ്ധതിയുപേക്ഷിച്ചത് തിരുവനന്തപുരത്താണ്. കഴക്കൂട്ടം കുളങ്ങരയിൽ പിൽഗ്രിം ഹെറിറ്റേജ് പദ്ധതിക്കായി 2.47 കോടി രൂപ അനുവദിച്ചിരുന്നു. പദ്ധതിപ്രദേശത്തെച്ചൊല്ലിയുള്ള തർക്കം കോടതി കയറിയതോടെ ഡിടിപിസി പദ്ധതി ഉപേക്ഷിച്ചു. ഏറെ പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടത് കണ്ണൂരിലാണ്. തലശേരി പൈതൃകടൂറിസത്തിന്റെ ഭാഗമായി പത്തു പദ്ധതികളാണ് മുൻകൂർതുക കൈപ്പറ്റിയശേഷം ഉപേക്ഷിച്ചത്.

ക്രമക്കേടുകൾ എന്തുണ്ടായാലും, അതു സാമ്പത്തികമോ അല്ലാത്തതോ ആകട്ടെ, കൊവിഡ്കാലത്തെ പഴിചാരുന്ന പ്രകൃതമാണല്ലോ കൊവിഡനന്തരകേരളത്തിന്റെ പൊതുരീതി. പക്ഷേ, ഇവിടെ കൊവിഡ്കാലത്തിനുമുമ്പുള്ള പാഴ്പദ്ധതികളെക്കുറിച്ചാണ് വിമർശനബുദ്ധ്യാ പരാമർശിക്കുന്നത്. ഇത്ര നിരുത്തരവാദിത്വത്തോടെയും കെടുകാര്യസ്ഥതയോടെയുമാണോ നമ്മുടെ ടൂറിസം വികസന സ്വപ്നങ്ങളെയും പദ്ധതികളെയും സർക്കാർ ഏജൻസികൾപോലും കണ്ടത്? വൈകിയാണെങ്കിലും ടൂറിസം മന്ത്രിയും വകുപ്പും കാണിച്ച ജാഗ്രതയും നടപടികളും സ്വാഗതാർഹംതന്നെ.

ടൂറിസംവകുപ്പിൽ കടലാസുപദ്ധതികളല്ല, കരുത്തുള്ള കർമപദ്ധതികളാണു കരണീയം. ചരിത്രത്തെ നോക്കി പഴിചാരിയിട്ടു പ്രയോജനമില്ല. വന്നുപോയ പിടിപ്പുകേടുകൾക്കു പരിഹാരമുണ്ടാക്കാനുള്ള അതിജാഗ്രതയും കൂട്ടുത്തരവാദിത്വവുമാണ് ഈ മേഖലയോടു ബന്ധപ്പെടുന്ന എല്ലാവർക്കുമുണ്ടാകേണ്ടത്. കൊവിഡനന്തരകേരളത്തിൽ ടൂറിസം സംരംഭകർക്കു കൈത്താങ്ങാകേണ്ട സർക്കാരിന് ഉത്തരവാദിത്വടൂറിസം മിഷൻവഴിയായി ട്രെയിനിങ്ങുകളും സാങ്കേതികസഹായങ്ങളും നല്കാൻ കഴിയും. കൂടുതൽ വേഗത്തോടും കരുത്തോടുംകൂടി മുന്നോട്ടു കുതിച്ചാലേ നഷ്ടകാലത്തിന്റെ ഇടർച്ചകളിൽനിന്ന് നമുക്കു കരകയറാനാവൂ.

■

## സീറോ മലബാർ സഭയിൽ മൂന്നു പുതിയ സഹായമെത്രാന്മാർ



മോൺ. ജോസഫ് കൊല്ലംപറമ്പിൽ



മോൺ. തോമസ് പാടിയത്ത്



മോൺ. അലക്സ് താരാമംഗലം

കൊച്ചി: സീറോ മലബാർ സഭയിൽ മൂന്നു പുതിയ സഹായമെത്രാന്മാരെക്കൂടി നിയമിച്ചു. ഷംഷാബാദ് രൂപതയുടെ സഹായമെത്രാന്മാരായി മോൺ. ജോസഫ് കൊല്ലംപറമ്പിലിനെയും മോൺ. തോമസ് പാടിയത്തിനെയും മാനന്തവാടി രൂപതയുടെ സഹായമെത്രാനായി മോൺ. അലക്സ് താരാമംഗലത്തിനെയുമാണ് മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി നിയമിച്ചത്.

സീറോ മലബാർ സഭയുടെ മുപ്പതാമത് സിനഡിന്റെ രണ്ടാം സമ്മേളനത്തിലാണ് പുതിയ മെത്രാന്മാരെ തിരഞ്ഞെടുത്തത്. മാർപാപ്പായുടെ അനുമതി വത്തിക്കാൻ സ്ഥാനപതി വഴി ലഭിച്ച ശേഷമായിരുന്നു നിയമനപ്രഖ്യാപനം. സിനഡിന്റെ സമാപനദിവസം സിനഡുപിതാക്കന്മാരുടെ സാന്നിധ്യത്തിൽ നിയുക്തമെത്രാന്മാരുടെ പ്രഖ്യാപനം നടന്നു. ജർമനിയിലായിരിക്കുന്ന മാനന്തവാടി രൂപതയുടെ നിയുക്ത സഹായമെത്രാൻ മോൺ. അലക്സ് താരാമംഗലം ചടങ്ങിൽ സന്നിഹിതനായിരുന്നില്ല.

ഷംഷാബാദ് രൂപതയുടെ സഹായമെത്രാന്മാരായി നിയുക്തരായിരിക്കുന്ന മോൺ. ജോസഫ് കൊല്ലംപറമ്പിൽ, മോൺ. തോമസ് പാടിയത്ത് എന്നിവരെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയും ഷംഷാബാദ് രൂപതാധ്യക്ഷൻ മാർ റാഫേൽ തട്ടിലും ചേർന്ന് അരപ്പട്ടയും സ്ഥാനചിഹ്നങ്ങളും അണിയിച്ചു. മെത്രാഭിഷേകത്തീയതി പിന്നീടു നിശ്ചയിക്കും.

## മോൺ. ജോസഫ് തടത്തിൽ പ്രോട്ടോ സിഞ്ചെല്ലൂസ്

പാലാ: പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസായി (മുഖ്യവികാരി ജനറാൾ) മോൺ. ജോസഫ് തടത്തിലിനെ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിയമിച്ചു. രൂപത സഹായമെത്രാനും പ്രോട്ടോ സിഞ്ചെല്ലൂസുമായിരുന്ന മാർ ജേക്കബ് മുരിക്കൻ താപസജീവിതത്തിലേക്കു പ്രവേശിച്ച സാഹചര്യത്തിലാണ് മോൺ. ജോസഫ് തടത്തിലിനെ പ്രോട്ടോ സിഞ്ചെല്ലൂസായി നിയമിച്ചത്.

2020 ഫെബ്രുവരി 15 മുതൽ പാലാ രൂപത സിഞ്ചെല്ലൂസായി പ്രവർത്തിക്കുകയായിരുന്നു. വികാരി ജനറാളെന്ന നിലയിൽ



രൂപതയിലെ ഇടവകകൾ, വൈദികർ, പ്രീസ്റ്റ് ഹോം, ഭരണങ്ങാനം അൽഫോൻസാ തീർഥാടനകേന്ദ്രം, അരുവിത്തുറ സെന്റ് ജോർജ്, കുറവിലങ്ങാട് ദേവമാതാ കോളജുകൾ, വിവിധ സന്ന്യസ്തഭവനങ്ങൾ, ഫാമിലി എയ്ഡ് ഫണ്ട്, എ.ഡി.സി.പി., പബ്ലിക് റിലേഷൻസ് വിഭാഗം, ഇന്റർനെറ്റ് ഇവാഞ്ചലൈസേഷൻ എന്നിങ്ങനെ നേരത്തേയുള്ള ചുമതലകൾക്കു പുറമേ പാലാ സെന്റ് തോമസ്, അൽഫോൻസാ, സെന്റ് തോമസ് ടീച്ചർ എജ്യുക്കേഷൻ എന്നീ കോളജുകളുടെ മാനേജർ എന്ന ചുമതലയും പുതിയ ഉത്തരവാദിത്വത്തിൽ ഉൾപ്പെടുന്നു.

**ദീപനാളം സാഹിത്യോത്സവം**

## മത്സരത്തീയതി നീട്ടി

ദീപനാളം സാഹിത്യോത്സവം ഒന്നാം ഘട്ട മത്സരത്തിന്റെ എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 30 വരെ നീട്ടിയിരിക്കുന്നു. അതനുസരിച്ച് രണ്ടാംഘട്ട (ഫൈനൽ) മത്സരം ഒക്ടോബർ 24 നു നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് ഫോൺ: 7306874714

**അറിയിപ്പ്**

തിരുവോണം പ്രമാണിച്ച് ഓഫീസ് അവധിയായതിനാൽ അടുത്തയാഴ്ച ദീപനാളം പ്രസിദ്ധീകരിക്കുന്നതല്ല.

പത്രാധിപർ

# കുഞ്ചെറിയായുടെ സ്വാതന്ത്ര്യം

കഥ



നിഷ ആന്റണി

തന്റെ സാമ്രാജ്യമായ നീളൻ വരാന്തയിൽ കരിവീട്ടികൊണ്ടു കടഞ്ഞെടുത്ത ചാരുകസേരയിലിരുന്ന് മുറ്റത്തു പെയ്യുന്ന മഴ കാണുകയായിരുന്നു കുഞ്ചെറിയ. ഈ തിണ്ണയും വരാന്തയും എന്റെയാകുന്നു, എന്റെ മാത്രമാകുന്നു എന്നു മറ്റുള്ളവരെ ബോധ്യപ്പെടുത്താനും ഇടയ്ക്കിടെ കൊച്ചുമക്കളുടെ വായിൽനിന്ന് ഉയർന്നു കേൾക്കുന്ന ജെൻഡർ ഇക്വാളിറ്റി, ഹ്യൂമൻ റൈറ്റ്സ്, പൊളിറ്റിക്കൽ കറക്റ്റ്നെസ്സ് തുടങ്ങിയ ഭാരപ്പെട്ട വാക്കുകൾ തനിക്കു വിനയാകാതിരിക്കാനും കുഞ്ചെറിയ വരാന്തസന്ദർശനം ദിവസത്തിൽ ഒരു പത്തു വട്ടം നടത്തിപ്പോന്നു.

''അപ്പാപ്പന്റെ ഈ ലോങ് ചെയറിൽ എല്ലാരും സിറ്റ് ചെയ്താൽ എന്താ പ്രോബ്ലം?'' കൊച്ചുമകൻ ഗീവസ് ഇടയ്ക്കിടെ അതിൽ കയറിയിരിക്കാനുള്ള അവകാശവാദം ഉന്നയിച്ചുകൊണ്ടിരുന്നു.

"എന്നിട്ടുവേണം ഇവിടെ നിന്നുകൂടി എന്നെ പറഞ്ഞയയ്ക്കാൻ."

പ്രായാധിക്യത്തിൽ അന്യാധീനമായിപ്പോയ സ്വന്തം മണ്ണിനെ നോക്കി അയാൾ മനസ്സിൽ പറഞ്ഞു. ഓരോന്നോർത്തു കിടക്കുമ്പോഴാണ് മോളിക്കുട്ടി സ്കൂളിൽനിന്നു വന്നു കയറിയത്.

"മഴച്ചാറ്റലുകൊണ്ട് ഇവിടെ ഇരിക്കരുതെന്ന് അപ്പനോടു പറഞ്ഞിട്ടില്ലേ. അതെങ്ങനാ പറഞ്ഞാ കേക്കോ? വലിവു കൂടിയാൽ മോൻ അമേരിക്കേന്ന് എത്തൂല നോക്കാൻ. ഈ ഞാനേയുള്ളൂ.'' മരുമകളുടെ സുവിശേഷവായനയിൽ കുഞ്ചെറിയാ തോറ്റെണീറ്റ് അകത്തേക്കു നടന്നു.

''ആ.... അപ്പനോട് ഒരു കാര്യം പറയാനുണ്ട്." മോളിക്കുട്ടി കുട മടക്കി പെരയ്ക്കാത്തു കയറി.

കുഞ്ചെറിയാ തിരിഞ്ഞു നിന്നു.

"എന്നതാ?"

"അതേയ്, സ്വാതന്ത്ര്യദിനത്തിന്റന്ന് എന്റെ സ്കൂളീന്ന് കൊറച്ച് സാറമ്മാര് അപ്പനെ ഇന്റർവ്യൂ ചെയ്യാനും, ആദരിക്കാനുമൊക്കെ വരുന്നുണ്ട്. അന്ന് കൊറച്ചു വൃത്തീം മെനേമൊള്ള വേഷോം ഇട്ടോണ്ടിരുന്നോണം."

"അതെന്നാടി മോളിക്കുട്ടീ ഇപ്പോ ഒരു പ്രത്യേകത?"

"ചേനക്കരേല് സ്വാതന്ത്ര്യസമരസേനാനീന്നു പറയാൻ അപ്പൻ മാത്രേ ഉള്ളൂ. അങ്ങനൊള്ളോരെ അന്ന് ആദരിക്കണംന്നാ എല്ലാരുടേം തീരുമാനം."

കുഞ്ചെറിയായ്ക്ക് രണ്ടു ദിവസം വലിവേ ഉണ്ടായില്ല. വാർദ്ധക്യക്ലേശങ്ങളൊക്കെ



മറന്ന് അയാൾ എന്തൊക്കെയോ സ്വപ്നം കണ്ടു.

താൻ ഏറ്റവും പുതിയ ഡ്രസ്സ് ധരിക്കുന്നത്, കാറ്റും വെളിച്ചവും കൊണ്ട് ചേനക്കരയുടെ ഗ്രാമവഴികളിലൂടെ നടക്കുന്നത്. എല്ലാവരുടെയും സ്നേഹമേറ്റു വാങ്ങി ചെറുതെങ്കിലും തന്റെ സമരകാലത്തെക്കുറിച്ചു പറയുന്നത്, ആദരമേറ്റു വാങ്ങുന്നത്. ഏറ്റവുമവസാനം മധുരമിട്ട കാപ്പിയും കടിയും കഴിക്കുന്നത്. ഇതിനൊക്കെ പുറമേ കുഞ്ചെറിയായെ ഏറ്റവും കൂടുതൽ സന്തോഷിപ്പിച്ചത് അന്നെങ്കിലും മത്തനേം, ഗീവറീതിനേം കാണാല്ലോ എന്നുള്ളതായിരുന്നു.

മഴ പെയ്തൊഴിഞ്ഞ ദിവസങ്ങൾക്കവസാനം സ്വാതന്ത്ര്യദിനം വന്നു.

കുഞ്ചെറിയാ വേലക്കാരിയോടു പറഞ്ഞ് ചൂടുവെള്ളമനത്തിച്ചു.

പിണ്ണതൈലം തേച്ചുഴിഞ്ഞ് കുളിച്ചു. ഇന്ന് വലിവുണ്ടാകരുത്. പ്രസംഗിക്കേണ്ടതാണ്. ഓട്സ് ചൂടുപാലിലിളക്കി കഴിച്ചു. വെള്ളഷർട്ടും മുണ്ടും ധരിച്ച് പ്രൗഢിയോടെ ചാരുകസേരയിലിരുന്നു. എത്രകാലംകൊണ്ടാണ് ഇന്ന് പുറത്തേക്കിറങ്ങുന്നത്!

വൈകാതെതന്നെ ഒരുപറ്റം ആൾക്കാർ നടകയറി വരുന്നത് കുഞ്ചെറിയാ കണ്ടു.

അവർ ചുറ്റുമിരുന്ന് കുറെ ചോദ്യങ്ങൾ ചോദിച്ചു.

കുഞ്ചെറിയാ ചരിത്രം പറഞ്ഞു.

കനലു പൊള്ളണ കഥകൾ വിളമ്പി. വൃദ്ധനുണർന്നു യുവാവായി.

കുഞ്ചെറിയായുടെ തിമിർപ്പ് കണ്ടൊരു കുട്ടി ചോദിച്ചു:

"എന്താപ്പാപ്പാ സ്വാതന്ത്ര്യം എന്നു പറഞ്ഞാൽ?"

"സ്വാതന്ത്ര്യന്നു പറഞ്ഞാൽ ദേ, ഇങ്ങനെയിരുന്ന് മനസ്സു തൊറന്ന് വർത്താനം പറേണം. കാറ്റും വെയിലുംകൊണ്ട് നമ്മടെ ചേനക്കരേക്കൂടെ നടക്കണം. എടയ്ക്കൊന്ന് നെലാവു കണ്ട് പൂതമ്പാറേടെ മോളിക്കിടന്ന് ഒന്നു കൂവണം. അതല്ലാണ്ടിപ്പോ എന്നാ സ്വാതന്ത്ര്യവാ മനുഷ്യനു വേണ്ടേ?"

കുഞ്ചെറിയാ എന്തൊക്കെയോ ഓർത്തു പറഞ്ഞു.

"അപ്പനെ അധികം സംസാരിപ്പിക്കണ്ട."

മോളിക്കുട്ടി കരുതലുള്ളവളായി.

"എന്നാപ്പിന്നെ ചടങ്ങ് നടത്താലേ.'' അതിഥിസമൂഹം സജ്ജരായി. അവർ കുഞ്ചെറിയായെ പെട്ടെന്ന് പൊന്നാടയണിച്ചു.

വൃദ്ധൻ സംശയിച്ചു നിന്നു.

ചേനക്കരയിൽ വെച്ചല്ലേ പരിപാടി?

നിഷ്കളങ്കമായി കുഞ്ചെറിയാ ചോദിച്ചു.

''യ്യോ ഇത്രേം പ്രായമായ അപ്പാപ്പനെ ബുദ്ധിമുട്ടിക്കാനോ? ഇത് ലൈവായി എല്ലാരും കണ്ടോണ്ടിരിക്കുവല്ലേ. മോളിക്കുട്ടിറ്റീച്ചറ് ഇതിന്റെ വീഡിയോ അപ്പാപ്പനെ കാണിച്ചുതരും."

കാറ്റ്. നടത്തം. ചേനക്കരയിലെ ഗ്രാമവഴികൾ.

കുഞ്ചെറിയായ്ക്ക് പെട്ടെന്ന് വലിവ് അനുഭവപ്പെട്ടു.

സ്വാതന്ത്ര്യത്തിന്റെയും പാരതന്ത്ര്യത്തിന്റെയും ഇടയിലുള്ള ദൂരത്തിലിരുന്ന് അയാളുടെ സ്വപ്നങ്ങൾ കിതച്ചുതുടങ്ങി. ■

## ഓണപ്പൂലരി

കാവ്യ ഭാസ്ക്കർ



ഓണപ്പാട്ടിന്നീണം മൂളി
പാറിപ്പോകും തുമ്പിക്കുഞ്ഞേ
കൂടെത്തുള്ളാൻ പോരുന്നുണ്ടേ
മുക്കുറ്റിപ്പൂക്കൾ.
കൂടയുമായി തൊടികൾ നീളെ
പാടിനടപ്പൂ കുരുന്നുകൾ
തുടുത്ത പൂക്കൾകൊണ്ടു മെനഞ്ഞു
നടുത്തളത്തിൽ മഴവില്ല്.
തുമ്പപ്പൂവുകൾ ചിരിച്ചുനിന്നു
താഴെ വരമ്പുകളിൽ.
വാകമരങ്ങൾ വീശിയെറിഞ്ഞു
കുന്നോളം പൂക്കൾ.
ചക്കരമാവിൻ കൈകളിലാടി
തിരുവോണപ്പൊന്നൂഞ്ഞാൽ.
പൂവിളി പാടി മദിച്ചു വരുന്നേ
കസവിൻ ചേലൊളികൾ.
ചെത്തിപ്പൂവുകളാർപ്പു വിളിച്ചു
തിരുവോണം വരവായി
വണ്ണാത്തിപ്പുള്ളുകൾ പാടി
തിരുവോണം വരവായി.
ശലഭങ്ങൾ ചേലയുടുത്തു
കരിവണ്ടുകൾ ചമയമണിഞ്ഞു
പൂക്കാലം വരവായ് വരവായ്
ചെറുകിളികൾ കൊഞ്ചി വിളിച്ചു
ഇനിയെന്നുമൊരുത്സവകാലം
മൊഴിയുന്നീ പൂവുകളെല്ലാം
തിരുവോണപ്പുലരി വിടർന്നാൽ
പുളകത്തിൻ ഉത്സവമേളം.






വിലക്കുറവ് എവിടെ?
Best Quality Material
ഞങ്ങളുടെ വസ്ത്രങ്ങളുടെ വിലയും ക്വാളിറ്റിയും
മറ്റുള്ളവരുടെ വിലയും ക്വാളിറ്റിയുമായി താരതമ്യം ചെയ്യൂ..
എന്നിട്ടു മനസ്സിലാക്കൂ... യഥാർത്ഥ വിലക്കുറവ്
angelform SINCE 1966 | JOCKEY | VSTAR | KITEX | Siyaram's PREMIUM SUITINGS & SHIRTINGS | Raymond
ചെറുപുഷ്പം
മെയിൻ റോഡ്, പാലാ
Ph: 212378



# നീതി തേടുന്ന തീരദേശജനത

## വിഴിഞ്ഞം സമരത്തിന്റെ കാണാപ്പുറങ്ങൾ



ഫാ. നോബിൾ പാറയ്ക്കൽ

വിഴിഞ്ഞം തുറമുഖത്ത് മത്സ്യത്തൊഴിലാളികളും അവർക്കു നേതൃത്വം കൊടുക്കുന്ന തിരുവനന്തപുരം ലത്തീൻ അതിരൂപതയും നടത്തുന്ന സമരത്തിന്റെ നിർണായകദിനങ്ങളിലൂടെയാണ് കേരളം കടന്നുപോകുന്നത്. സമരത്തെ സംബന്ധിച്ചും തീരദേശജനതയുടെ ആവശ്യങ്ങളെ സംബന്ധിച്ചും സ്വാഭാവികമായും ഇരുപക്ഷങ്ങളും ഇരുപക്ഷത്തും ചേർന്നുനിന്നുകൊണ്ടുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്.

തിരുവനന്തപുരത്തെ വളരെ പ്രസിദ്ധമായ ഒരു കടലോരപ്രദേശമാണ് വിഴിഞ്ഞം. ഈ പ്രദേശം കൂടുതലായി അറിയപ്പെടുന്നത് പുരാതനവാണിജ്യകേന്ദ്രമായ വിഴിഞ്ഞം തുറമുഖത്തിന്റെ പേരിലാണ്. തിരുവനന്തപുരം നഗരത്തിൽനിന്ന് ഏകദേശം 18 കിലോമീറ്റർ ദൂരത്തായി നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം സ്ഥിതിചെയ്യുന്നു. ആയ് രാജാക്കന്മാരുടെ തലസ്ഥാനമായിരുന്ന വിഴിഞ്ഞത്ത് ഡച്ചുകാരാണ് ആദ്യമായി പാണ്ടികശാല കെട്ടുന്നത്. 1622 ൽ ആദ്യത്തെ കത്തോലിക്കാപ്പള്ളിയും ഇവിടെ സ്ഥാപിതമായി.

ഭാരതത്തിലെ ഏറ്റവും ആഴം കൂടിയ തുറമുഖമാണ് വിഴിഞ്ഞം എന്നതിനാൽ വലിയ കപ്പലുകൾക്കും ഇവിടെ എത്തിച്ചേരാൻ സാധിക്കും. അതുപോലെ തന്നെ, തുറമുഖത്തുനിന്നു കപ്പൽച്ചാലുകളിലേക്കുള്ള ദൂരവും മറ്റു തുറമുഖങ്ങളെ അപേക്ഷിച്ച് വിഴിഞ്ഞത്തു കുറവാണ്. അതായത്, തുറമുഖത്തു നിന്ന് കപ്പൽച്ചാലിലേക്ക് വളരെ പെട്ടെന്ന് കപ്പലിനെത്താൻ സാധിക്കും. അതിനാൽത്തന്നെ, കേരളത്തിന്റെ തുറമുഖസ്വപ്നങ്ങളിലെന്നും വിഴിഞ്ഞം ഒരു വലിയ സാധ്യതയായി നിലനിൽക്കുന്നു.

ഉമ്മൻചാണ്ടി സർക്കാർ 2015 ഓഗസ്റ്റിൽ വിഴിഞ്ഞം അന്താരാഷ്ട്രതുറമുഖത്തിന്റെ വികസനപ്രവർത്തനങ്ങൾക്കു വേണ്ടി അദാനി പ്രൈവറ്റ് ലിമിറ്റഡുമായി 40 വർഷത്തേക്കുള്ള കിഴിവു കരാർ ഒപ്പിട്ടു. കരാറിന്റെ നടത്തിപ്പിനുവേണ്ടി കേരള സർക്കാർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എന്ന പേരിൽ നൂറു ശതമാനം സർക്കാരധീനതയിലുള്ള ഒരു സ്പെഷൽ പർപ്പസ് വെഹിക്കിൾ രൂപവത്കരിച്ചു. പദ്ധതിയുടെ മേൽനോട്ടത്തിനും അവസരോചിതമായ ഇടപെടലുകൾക്കും കേരളസർക്കാർ ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും ചീഫ് സെക്രട്ടറി നേതൃത്വം നൽകുന്ന ഒരു എംപവേർഡ് കമ്മിറ്റിയും രൂപവത്കരിച്ചു.

ആയിരം ദിനങ്ങൾകൊണ്ട് ഒന്നാം ഘട്ടം പൂർത്തിയാകുമെന്നായിരുന്നു അദാനിഗ്രൂപ്പ് അറിയിച്ചിരുന്നത്. അതുപ്രകാരം, 2019 ൽ പൂർത്തിയാകേണ്ട പദ്ധതി ഇപ്പോഴും ഇഴഞ്ഞുനീങ്ങുകയാണ്. ഓഖിയും പ്രളയും കൊവിഡുമൊക്കെയാണ് കാരണങ്ങളായിപ്പറയുന്നത്.

പൊതു-സ്വകാര്യപങ്കാളിത്തത്തോടെയുള്ള ആദ്യത്തെ തുറമുഖപദ്ധതിയാണു വിഴിഞ്ഞം. രാജ്യത്തെ ആദ്യത്തെ ആഴക്കടൽ ട്രാൻഷിപ്പ്മെന്റ് ടെർമിനലായ വിഴിഞ്ഞം പോർട്ടുപദ്ധതി യാഥാർത്ഥ്യമാകുന്നതോടെ തിരുവനന്തപുരത്തിന്റെ മുഖച്ഛായ മാറുമെന്നാണ് ശുഭപ്രതീക്ഷ. 7700 കോടി രൂപ ചെലവിൽ ആദ്യഘട്ടം പൂർത്തിയാക്കുമ്പോൾ ഒരു ദശലക്ഷം ഡി.ഇ.യു. കണ്ടെയ്നർ കൈകാര്യം ചെയ്യാനുള്ള ശേഷി തുറമുഖത്തിനുണ്ടാവുമത്രേ. നിലവിലുള്ള 800 മീറ്റർ ബർത്ത്, ഭാവിയിൽ 2000 മീറ്ററാക്കി വർദ്ധിപ്പിക്കും. അതോടെ മൂന്നു ദശലക്ഷം ഡിഇയു ആയി തുറമുഖത്തിന്റെ ശേഷി വർദ്ധിക്കുകയും ചെയ്യും. പദ്ധതി പൂർത്തിയാകുമ്പോൾ ഇതുവരെ കൊളംബോ തുറമുഖം കൈകാര്യം ചെയ്തിരുന്ന ഇന്ത്യൻ ട്രാൻഷിപ്മെന്റ് കാർഗോ വിഴിഞ്ഞത്തെത്തും. ഇന്ത്യയിലെ കയറ്റുമതിക്കാർക്കും ഇറക്കുമതിക്കാർക്കും അതുവഴി നേട്ടമുണ്ടാകും. ദുബായ്, കൊളംബോ, സലാല, സിംഗപ്പൂർ തുടങ്ങിയ തുറമുഖങ്ങൾക്കുപകരം വിഴിഞ്ഞംവഴി ട്രാൻസ്ഷിപ്പ്മെന്റ് നടത്തുമ്പോൾ 15,000 കോടിയോളം രൂപ വിദേശനാണ്യം ലഭിക്കുന്നു. അന്താരാഷ്ട്ര കപ്പൽചാനൽ വിഴിഞ്ഞത്തുനിന്ന് പത്തു മൈൽമാത്രം അകലെയാണെന്നതും വിഴിഞ്ഞം തുറമുഖത്തിന് അനുകൂലമായ ഘടകമാണ്.

വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ വിവിധമേഖലകളിൽ തിരുവനന്തപുരത്തിന് വികസനക്കുതിപ്പുണ്ടാകും. നിരവധിപേർക്ക് അനുബന്ധതൊഴിലവസരങ്ങളും ലഭിക്കും. ഷിപ്പിങ് ഏജന്റുമാർ, ലോജിസ്റ്റിക്സ് ട്രാൻസ്പോർട്ടേഷൻ സർവീസുകൾ, ഗോഡൗണുകൾ, കപ്പൽ മെയിന്റനൻസ്, കുടിവെള്ളപദ്ധതികൾ, വൈദ്യുതിവിതരണം, ഗതാഗതം, ടൂറിസം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ നിരവധി കേന്ദ്രങ്ങൾ തുറമുഖത്തിനനുബന്ധമായി ആവശ്യമുണ്ട്. അതിലൂടെ സർക്കാരിനു നികുതി വരുമാനവും നിരവധിപേർക്ക് തൊഴിലവസരങ്ങളും ലഭിക്കും.

വിഴിഞ്ഞം തുറമുഖപദ്ധതി നടപ്പാകുമ്പോൾ അതു പ്രതികൂലമായി ബാധിക്കുന്ന തീരദേശവാസികൾ അന്നുതന്നെ എതിർപ്പു പ്രകടിപ്പിച്ചിരുന്നു. സർക്കാരിടപെട്ട് പരിഹാരമാർഗങ്ങൾ വാഗ്ദാനങ്ങളായി നല്കി അന്നത്തെ സമരപരിപാടികൾ അവസാനിപ്പിച്ചു. എന്നിട്ടും ഏഴു വർഷങ്ങൾക്കിപ്പുറം തുറമുഖ നിർമാണപ്രവർത്തനങ്ങൾ ഏതാണ്ട് വൻതോതിൽ തുടങ്ങിയതിനുശേഷം വീണ്ടും തീരദേശവാസികൾ സമരത്തിനു വരുന്നതിന്റെ കാരണമെന്തായിരിക്കും? കാരണമിതാണ്: 2015 ൽ സർക്കാർ അന്നത്തെ സമരക്കാരോടു പറഞ്ഞത് വിഴിഞ്ഞം പോർട്ട് ഒരിക്കലും തീരശോഷണത്തിനു കാരണമാകില്ലെന്നായിരുന്നു. എന്നെങ്കിലും അത്തരം ഒരു സാഹചര്യമുണ്ടായാൽ 475 കോടി രൂപ പുനരധിവാസത്തിനായി തരാമെന്നും പറഞ്ഞിരുന്നു. അന്നു വിഴിഞ്ഞം പദ്ധതിമൂലം തീരശോഷണം ഉണ്ടാകാമെന്നു പദ്ധതിയുടെ പാരിസ്ഥിതികപ്രത്യാഘാതങ്ങളെക്കുറിച്ചു പഠിച്ച ഏഷ്യൻ കൺസൾട്ടന്റ്സ് മുന്നോട്ടുവച്ച പഠനം തിരുവനന്തപുരം ലത്തീൻ രൂപതയുടെ അധികൃതർ ചൂണ്ടിക്കാണിച്ചെങ്കിലും സർക്കാർ അന്ന് അതു സമ്മതിച്ചില്ല. ഇപ്പോൾ, ഏഴു വർഷങ്ങൾക്കുശേഷം 20 ശതമാനം പോർട്ട് പൂർത്തിയായപ്പോൾ തന്നെ വലിയ തീരശോഷണം വിഴിഞ്ഞം പ്രദേശത്തു സംഭവിച്ചിരിക്കുന്നു. അതായത്, ശംഖുമുഖം കടൽപ്പുറം ഉൾപ്പെടെയുള്ള തീരത്തെ 640 ഏക്കർ സ്ഥലം കടലെടുത്തിരിക്കുകയാണ്. കടലിന്റെ ആവാസവ്യവസ്ഥ തകർന്നു. അനേകം വീടുകൾ വാസയോഗ്യമല്ലാതായി. വളരെ രൂക്ഷമായ തീരശോഷണത്തിന് കേരളത്തിലെ തീരപ്രദേശങ്ങൾ വിധേയമായിക്കൊണ്ടിരിക്കുന്നുവെന്ന പഠനറിപ്പോർട്ടുകൾ പലതുമുണ്ട്.

സ്വത്തും സമ്പാദ്യവും കിടപ്പാടവും നഷ്ടപ്പെടുകയും ഒപ്പം, തൊഴിലും വരുമാനവും ഇല്ലാതാകുകയും ചെയ്യുന്ന സാഹചര്യമാണ് പതിനായിരക്കണക്കിനു തീരദേശവാസികൾക്ക് ഇപ്പോഴുള്ളത്. മുൻകൂട്ടി പ്രവചിക്കപ്പെട്ടിരുന്നതുമാത്രമാണ് വിഴിഞ്ഞം തുറമുഖനിർമാണത്തോടനുബന്ധിച്ച് നടന്നുകൊണ്ടിരിക്കുന്നത്. ഇന്റർനാഷണൽ ഫിനാൻസ് കോർപറേഷൻ, AECOM, ഏണസ്റ്റ് ആൻഡ് യങ് തുടങ്ങിയ ഏജൻസികൾക്കു പുറമേ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ 2010 മുതൽ 2015 വരെ പദ്ധതിയുടെ പ്രായോഗികതയിൽ വ്യക്തമായ എതിർപ്പു പ്രകടിപ്പിക്കുകയും മുന്നറിയിപ്പുകൾ നല്കുകയും ചെയ്തിരുന്നു. ഇത്തരം തടസ്സങ്ങളെയെല്ലാം മറികടന്ന് പദ്ധതിയുമായി മുന്നോട്ടുപോയ സർക്കാരുകളും അദാനി ഗ്രൂപ്പും കേരളത്തെ വലിയൊരു പ്രതിസന്ധിയുടെ മുനമ്പിലേക്കെത്തിക്കുകയായിരുന്നു.

പദ്ധതി തുടങ്ങി ആദ്യവർഷം തന്നെ പാരിസ്ഥിതികപ്രത്യാഘാതങ്ങൾ കണ്ടുതുടങ്ങിയതാണ്. പദ്ധതിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്കു പരിഹാരം കണ്ടെത്താനും ഉന്നയിക്കുന്ന ആവശ്യങ്ങളോടു ക്രിയാത്മകമായി പ്രതികരിക്കാനും സർക്കാർ ഇന്നോളം തയ്യാറായിട്ടില്ല.

ഈ സാഹചര്യത്തിലാണ് വിഴിഞ്ഞത്തെ തീരദേശവാസികൾ ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ പ്രത്യക്ഷസമരമുഖത്തേക്ക് ഇപ്പോൾ ഇറങ്ങിയിരിക്കുന്നത്. ഈ അതിജീവനസമരത്തിൽ അവരെ പിന്തുണയ്ക്കാനും അവരുടെ ആവശ്യങ്ങളറിഞ്ഞ് ഒപ്പം ചേരാനുമുള്ള ധാർമികചുമതല ഓരോ മലയാളിക്കുമുണ്ട്.

സമരമുഖത്ത് അവരുയർത്തുന്ന ആവശ്യങ്ങൾ ഏഴെണ്ണമുണ്ട്.

1. അദാനി തുറമുഖപദ്ധതി നിർത്തിവച്ച് തീരശോഷണത്തെക്കുറിച്ച് ശരിയായ പഠനം നടത്തുക.
2. സംസ്ഥാനസർക്കാർ പ്രഖ്യാപിച്ച പുനരധിവാസപാക്കേജ് നടപ്പാക്കുക. ദുരിതബാധിതരായ എല്ലാവരിലും അത് എത്തിക്കുക.
3. തീരശോഷണം ലഘൂകരിക്കാനും അതു ബാധിച്ചവരെ പുനരധിവസിപ്പിക്കാനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുക.
4. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് വേഗത്തിൽ നഷ്ടപരിഹാരം നല്കുക.
5. അവരുടെ മറ്റ് ഉപജീവനമാർഗങ്ങളെ അഭിസംബോധന ചെയ്യുക.
6. മുതലക്കുഴിയിൽ തുറമുഖത്തിനു സമീപമുള്ള ഡ്രെഡ്ജിങ് പരിശോധിക്കുക.
7. ജോലിയിൽനിന്നു വിട്ടുനില്ക്കാൻ നിർബന്ധിതമായ ദിവസങ്ങളിൽ മിനിമം വേതനം നല്കുക.

അശാസ്ത്രീയമായ തുറമുഖനിർമാണവും ഖനനപ്രവർത്തനങ്ങളും തീരസംരക്ഷണമാർഗങ്ങളുടെ അഭാവവും മത്സ്യബന്ധനരംഗത്തെ പ്രതിസന്ധികളുംമൂലം കേരളത്തിലെ തീരദേശമേഖലകളിലെ ജനങ്ങളനുഭവിക്കുന്ന വെല്ലുവിളികളും അതീവഗുരുതരമാണ്. കടൽക്ഷോഭത്തെ അതിജീവിക്കാൻ ഫലപ്രദമായ സുരക്ഷാമാർഗങ്ങൾ നടപ്പാക്കുമെന്ന വാഗ്ദാനം, ചെല്ലാനംപോലെയുള്ള ചിലയിടങ്ങളിൽ നടപ്പാക്കപ്പെട്ടിട്ടുണ്ടെങ്കിലും മറ്റിടങ്ങളിൽ അത്തരം ശ്രമങ്ങൾ ഒട്ടുംതന്നെ നടന്നിട്ടില്ല എന്നത് ഗുരുതരമായ കൃത്യവിലോപമാണ്. മാത്രമല്ല, തുറമുഖവികസനത്തിന്റെ പേരിലുള്ള അധിനിവേശശ്രമങ്ങൾ സാധാരണക്കാരുടെ ജീവനും സ്വത്തിനും ഒരു വിലയും കല്പിക്കാത്ത വിധത്തിലുള്ളതാണ്. കേരളജനസംഖ്യയുടെ ഭൂരിഭാഗവുമുൾപ്പെടുന്ന തീരദേശകാർഷികമേഖലകളിലെ ജനങ്ങളുടെ അതിജീവന പോരാട്ടങ്ങളോടു പ്രതികരിക്കാൻ കേന്ദ്രസംസ്ഥാന സർക്കാരുകൾ തയ്യാറാകണം. ■

33 വർഷത്തെ സേവനപാരമ്പര്യം

**നവഭാരത് കോളേജ്**

മരിയൻ ഹോസ്പിറ്റൽ Jn;
അരുണാപുരം പി.ഒ., പാലാ

Govt. V.H.S.S. നു സമീപം
പൊൻകുന്നം

Ph: 9495195739, 9495021259

ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം

പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes

HINDI TTC
എസ്എസ്എൽസിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

അനുസ്മരണം

# അചഞ്ചലനായ സഭാതനയൻ

## പാറേമ്മാക്കൽ തോമ്മാക്കത്തനാർ ജനിച്ചിട്ട് സെപ്റ്റംബർ 10 ന് 286 വർഷം



ജോൺ മാളിയേക്കൽ

പാറേമ്മാക്കൽ തോമ്മാക്കത്തനാർ രചിച്ച വർത്തമാനപ്പുസ്തകത്തിന്റെ മുഖവുരയിൽ നാം ഇപ്രകാരം വായിക്കുന്നു. "പണ്ടു പണ്ടേ കാവ്യരുടെയും (അന്യജാതിക്കാർ) നാനാ ജാതി ജനങ്ങളുടെയും ഇടയിൽ ഈശോമിശിഹായുടെ തിരുനാമം പ്രഘോഷിക്കുകയും അതിനനുസരിച്ച് ഏറിയ ത്യാഗം സഹിച്ച്, വലിയ നിഷ്ഠയോടും ചിട്ടയോടും കൂടി, തങ്ങളുടെ കാരണവന്മാർ നടന്നുകാണിച്ചുതന്ന മര്യാദയ്ക്കും ക്രമത്തിനും തങ്ങളാലാവുന്നപോലെ, ഒരു ഭംഗം വരുത്താതെ, ജീവിച്ചുപോന്ന ഒരു ജനതയാണ് മലങ്കരയിലെ നസ്രാണി ക്രിസ്ത്യാനികൾ."

ഇപ്രകാരം നമ്മുടെ സഭാനൗക സ്വച്ഛമായി നീങ്ങിക്കൊണ്ടിരിക്കുമ്പോഴാണ് പോർച്ചുഗീസുകാരുടെ ഇങ്ങോട്ടുള്ള കടന്നുകയറ്റം. ആദ്യമാദ്യം ഈ വിദേശികളെ നമ്മുടെ പൂർവികർ ഇരുകൈകളും നീട്ടി സ്വീകരിച്ചുപോന്നു. എന്നാൽ, പിന്നീട് അവർ യുദ്ധസന്നാഹങ്ങളുമായി വന്ന് കൊച്ചി രാജാവിനെയും ഇവിടുത്തെ ജനങ്ങളെയും കീഴ്പ്പെടുത്തുകയും രാജ്യത്തിന്റെയും സഭയുടെയും ഭരണം പിടിച്ചെടുക്കുകയും ചെയ്തു. അവരുടെ സ്വേച്ഛാധിപത്യം ഇവിടെ നടപ്പാക്കി. തങ്ങ ളുടെ ഇച്ഛയ്ക്കു വഴങ്ങാത്തവരെയെല്ലാം തല്ലാനും കൊല്ലാനും അവർ മടിച്ചില്ല. പൊറുതിമുട്ടിയ നസ്രാണിജനത അവർക്കെതിരേ തിരിഞ്ഞു. അങ്ങനെയാണ് കൂനൻ കുരിശുസത്യം മട്ടാഞ്ചേരിയിൽ അരങ്ങേറിയത്.



പാറേമ്മാക്കൽ തോമാക്കത്തനാർ

### റോമ്മായാത്രയുടെ തുടക്കം

സഭ കീറിമുറിക്കപ്പെട്ടതിൽ മനംനൊന്ത മലങ്കര പ്പള്ളിക്കാർ അങ്കമാലിയിൽ യോഗം ചേർന്നു. റോമിൽ ചെന്ന് മാർപാപ്പയെക്കണ്ട് പാതിരിമാരുടെ അടിമത്തത്തിൽനിന്നു സഭയെ മോചിപ്പിക്കേണ്ടതിനുവേണ്ട പരിശ്രമങ്ങൾ ചെയ്യാൻ മാർ കരിയാറ്റിയുടെ നേതൃ ത്വത്തിൽ ഒരു നിവേദകസംഘത്തെ റോമിലേക്ക് അയയ്ക്കാൻ യോഗം നിശ്ചയിച്ചു. ഇങ്ങനെയാണ് മാർ കരിയാറ്റിയും തോമ്മാക്കത്തനാരും ഒരുമിച്ചുള്ള റോമ്മായാത്രയ്ക്കു കളമൊരുങ്ങിയത്.

അത്യന്തം ക്ലേശപൂരിതമായിരുന്നു ഇവരുടെ റോമ്മായാത്ര. പാണ്ടിനാട്ടിലെ ചുട്ടുപഴുത്ത മണ്ണിലൂടെ കെട്ടും ഭാണ്ഡങ്ങളും പേറി കല്ലിലും കാലിൽ തറയ്ക്കുന്ന മുള്ളിലുംകൂടി ഓടിയും നടന്നും, വിശന്നും ദാഹിച്ചും നാലുമാസം നടന്നിട്ടാണ് ഈ യാത്ര ചിന്നപട്ടണത്ത് എത്തിയത്. തങ്ങൾ സഹിക്കുന്ന എല്ലാ ദുഃഖദുരിതങ്ങളും ജാതിയുടെ ഗുണത്തിനും ഉപകാരത്തിനുംവേണ്ടി എന്ന ചിന്തയാണ് അവരെ മുന്നോട്ടു നയിച്ചത്. വഴിക്കു തരങ്ങൻപാടിയിൽവച്ച് എല്ലാവരും കൂടി കണക്കുനോക്കിയപ്പോൾ ഏറിയാൽ നാലു പേർക്കു പോകാനുള്ള തുകയേ കൈവശമുള്ളൂ എന്നുകണ്ടു. ബാക്കിയുള്ളവർ മടങ്ങിപ്പോകാൻ തീരുമാനമായി. ആരൊക്കെ റോമിനു പോകണമെന്നായി അടുത്ത ചിന്ത. കരിയാറ്റിയും വിദ്യാർത്ഥികൾ രണ്ടുപേരും പോയേ മതിയാകൂ. ബാക്കിയുള്ള രണ്ടുപേരിൽ തോമ്മാക്കത്തനാരോ ചാക്കോക്കത്തനാരോ ആരു മടങ്ങണമെന്നായി അടുത്ത ആലോചന ചാക്കോക്കത്തനാരുടെ മനസ്സു ചോദിച്ചപ്പോൾ, റോമ്മായ്ക്കു പോകാനായിട്ടത്രേ താൻ മലയാളത്തിൽനിന്നു പുറപ്പെട്ടതെന്നും മടങ്ങിപ്പോകാൻ തനിക്കു ഭാവമില്ലെന്നും ചാക്കോക്കത്തനാർ ശഠിച്ചു.

തോമ്മാക്കത്തനാരുടെ മനസ്സു ചോദിച്ചതിന്, "ജാതിയുടെ ഗുണത്തിനല്ലാതെ ഓരോരുത്തന്റെയും സിദ്ധാന്തത്തിനല്ല പുറപ്പെട്ടിരിക്കുന്നത്. കാര്യത്തിന്റെ നിവൃത്തിക്ക് ഏതാണോ നല്ലത്, അപ്രകാരം മനസ്സായേ മതിയാകൂ എന്നതുകൊണ്ട് എല്ലാവരുടെയും ഇഷ്ടംപോലെ റോമ്മായ്ക്കു പോകണമെങ്കിൽ ആയതിനും വീണ്ടും മലയാളത്തിനു തിരിക്കണമെങ്കിൽ ആയതിനും താൻ ആസ്തമായിരിക്കുന്നു(മനസ്സാകുന്നു) എന്നായിരുന്നു തോമ്മാക്കത്തനാരുടെ മറുപടി. സ്വാർത്ഥത ഉള്ളിലില്ലാത്ത സഭാശുശ്രൂഷയാണ് തോമ്മാക്കത്തനാരുടെ വാക്കുകളിലും പ്രവൃത്തിയിലും പ്രകടമാകുന്നത്.

ഇതിനു സമാനമായി തോമ്മാക്കത്തനാർ മനസ്സു തുറക്കുന്ന മറ്റൊരു സന്ദർഭം 24-ാം പാദത്തിൽ കാണാം. യൂറോപ്പിലേക്കുള്ള കപ്പലിൽ കഷ്ടിച്ച് മൂന്നു പേർക്കു മാത്രമേ ഇടംകിട്ടൂ എന്നു കണ്ടപ്പോൾ തോമ്മാക്കത്തനാരുടെ മറുപടി ശ്രദ്ധേയമത്രേ:

"നമ്മുടെ ജാതിയുടെ ഗുണത്തിനും ഉപകാരത്തിനും വേണ്ടിയത്രേ നാം പുറപ്പെട്ടത്. ഏതായാലും അക്കാര്യം പൂർത്തിയാക്കാൻ കഴിയുന്ന വിധത്തിലെല്ലാം ശ്രമിച്ചേ മതിയാകൂ. മൂന്നുപേർക്കു മാത്രമേ കപ്പലിൽ ഇടം കിട്ടൂ എങ്കിൽ ഞാൻ മാത്രം മലയാളത്തിനു മടങ്ങിക്കൊള്ളാം."

സ്വാർത്ഥതയുടെ വലവിരിക്കാതെ സഭാസേവനം ചെയ്യുന്ന ഒരു ഉത്തമസഭാസ്നേഹിയെയാണ് ഇവിടെയും തോമ്മാക്കത്തനാരിൽ നാം കണ്ടുമുട്ടുന്നത്.

കരിയാറ്റിയുടെയും തോമ്മാക്കത്തനാരുടെയും റോമ്മായാത്ര നിഷ്ഫലമാക്കാൻവേണ്ടി പാതിരിമാർ മലങ്കരയിൽനിന്നും ഗോവയിൽനിന്നും നേതൃസ്ഥാനങ്ങളിലേക്കു നിരന്തരം അയച്ച കത്തുകളും ഇടപെടലുകളും യാത്രയിലൂടനീളം ഇവർക്ക് ഒന്നിനുമേൽ ഒന്നായി പ്രതിബന്ധങ്ങളും പരാജയങ്ങളും സമ്മാനിച്ചുകൊണ്ടിരുന്നു. ഇത്തരത്തിലുള്ള ആദ്യാനുഭവം കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായിൽനിന്നുതന്നെ നേരിട്ടു.

ഇന്നലെവരെ ഉറ്റമിത്രമായിരുന്ന കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ഇന്നു കാണുമ്പോൾ മഹാക്ഷോഭത്തോടെ സംസാരിക്കുന്നു! ഇതാ, മലയാളത്തിലെ പള്ളികളൊക്കെയും കലക്കുന്നവർ; നിങ്ങൾ ഇവിടെ എന്തിനു വന്നു? എന്നു തുടങ്ങി വളരെ പരുഷമായ ഭാഷയിൽ അദ്ദേഹം ശാസന തുടങ്ങി. ഇതു കേട്ടപ്പോൾ ചങ്കുപൊട്ടുന്ന വേദന തോന്നി. എന്നിട്ടും പോരാൻ നേരം യാതൊരു മനഃക്ലേശവും കൂടാതെ തങ്ങളുടെ പള്ളികൾക്കും ജനങ്ങൾക്കും വേണ്ടി മെത്രാന്റെ ആശീർവാദം വാങ്ങിപ്പോരാൻ കഴിഞ്ഞതിന്റെ പിന്നിലെ ചേതോവികാരം, "നമ്മുടെ ജാതിയുടെ ഗുണത്തിനും ഉപകാരത്തിനുംവേണ്ടിയാണ് തങ്ങൾ പുറപ്പെട്ടിരിക്കുന്നത് എന്ന ചിന്തതന്നെ.

കപ്പൽയാത്രയ്ക്കിടയിൽ കപ്പലിൽ വച്ച് കരിയാറ്റിയും തോമ്മാക്കത്തനാരും രോഗബാധിതരാകുന്നതും വൈദ്യൻ കൈവെടിയുന്നതും മരണത്തെ മുഖാമുഖം ദർശിക്കുന്നതും തന്മൂലം അനുഭവിക്കേണ്ടിവന്ന മാനസികവും ശാരീരികവുമായ പീഡകളുമെല്ലാം അവരിൽ ജ്വലിച്ചിരുന്ന സഭാസ്നേഹത്തിൽ കെട്ടടങ്ങി.

### ദൗത്യസംഘം പ്രൊപ്പഗാന്തായിൽ

റോമ്മാനഗരത്തിലെത്തിയ ദൗത്യസംഘം പ്രൊപ്പഗാന്തായിലേക്കാണ് ആദ്യം പോയത്. വാതിൽ കാവൽക്കാരൻ അവരെ മോൺസിഞ്ഞോർ ബോർജ്യായുടെ അടുത്തേക്കു പറഞ്ഞയച്ചു. തീർത്തും പരുഷമായ പെരുമാറ്റമാണ് മോൺ. ബോർജ്യ സമ്മാനിച്ചത്. അനന്തരം മോൺ. ബോർജ്യാ അവരെ പ്രൊപ്പഗാന്തായുടെ അധ്യക്ഷൻ കർദിനാൾ കസ്തെല്ലിയുടെ അടുത്തേക്കു പറഞ്ഞയച്ചു. ഈ സന്ദർശനത്തെക്കുറിച്ച് തോമ്മാക്കത്തനാർ ഇപ്രകാരം തുടരുന്നു: "റോമ്മായിലെ കൊടുംതണുപ്പിൽ വെള്ളമുറഞ്ഞുകിടക്കുന്ന മഞ്ഞുപാളികൾക്കിടയിലൂടെ യാതൊരു സംരക്ഷണകവചങ്ങളുമില്ലാതെ വെറും പാവങ്ങളെപ്പോലെ നടന്നാണ് ഞങ്ങൾ പ്രൊപ്പഗാന്തായുടെ പടികയറിയത്. തണുപ്പിന്റെ ആധികൃത്താൽ പാദങ്ങൾ നീരുവച്ച് വിരലുകൾക്കിടയിൽ വിണ്ടുകീറിയ നിലയിലാണ് ഞങ്ങൾ നടന്നത്. ഞങ്ങൾ കർദിനാളിന്റെ മുമ്പിലെത്തുമ്പോൾ നേരം ഇരുട്ടിക്കഴിഞ്ഞിരുന്നു.

ഞങ്ങളെ കണ്ടമാത്രയിൽ സമനില തെറ്റിയവനെപ്പോലെ കർദിനാൾ ശകാരമാരംഭിച്ചു. രണ്ടു നാഴിക നേരം ഈ ശകാരം തുടർന്നു. മലയാളക്കരയിലെ അറിവില്ലാത്ത നസ്രാണികളുടെ ഇടയിൽ കലക്കമുണ്ടാക്കുന്നവൻ താനത്രെ ആകുന്നു. ആരു പറഞ്ഞിട്ടാണ് താനിവിടെ വിദ്യാർത്ഥികളെ കൊണ്ടുവന്നത്? പട്ടിയെപ്പോലെ തന്നെ ഇവിടുന്ന് ഓടിക്കും. ഇങ്ങനെ ശകാരം നീണ്ടുപോയി. ഒടുവിൽ വിളിക്കാതെ വന്നവർക്ക് പ്രൊപ്പഗാന്തയിൽ ഇടമില്ല. നിങ്ങൾക്കു തെളിഞ്ഞിടത്ത് നിങ്ങൾ പോയി പാർക്കുകയേ വേണ്ടൂ. എന്നു പറഞ്ഞ് ആ രാത്രിയിൽ തന്നെ ഞങ്ങളെ അവർ പുറത്താക്കി."

വാവിട്ടു കരഞ്ഞുകൊണ്ടാണ് ഈ പാവങ്ങൾ പടിയിറങ്ങിയത്. ഈ കൊടുംതണുപ്പിൽ ഈ രാത്രിയിൽ ഞങ്ങൾ എവിടെപ്പോകും? പരിചയമുള്ള ഒരു മുഖം പോലുമില്ല. ഞങ്ങളെ ഇത്രനേരം വഴിനടത്തിയ നക്ഷത്രം ഇപ്പോൾ മാഞ്ഞുപോയിരിക്കുന്നു. ഉടയതമ്പുരാൻ തന്റെ സഹായഹസ്തം പിൻവലിച്ചതുപോലെ തോന്നി. മനസ്സു തകർന്ന് പാരം സങ്കടത്തോടും കണ്ണീരോടും കൂടി 'നിന്റെ തിരുമനസ്സിനു ചേർന്നവിധം ഞങ്ങളുടെ പള്ളികൾക്കും ജനങ്ങൾക്കും നന്മയാകുന്നതൊക്കെയും ചെയ്യണമെന്ന്' അധരംകൊണ്ടും ഹൃദയംകൊണ്ടും അപേക്ഷിച്ചുകൊണ്ട് അവർ പടിയിറങ്ങി.

### മാർപാപ്പയുടെ സന്നിധിയിൽ

തങ്ങളുടെ ആശാകേന്ദ്രമായ മാർപാപ്പയെക്കണ്ട് നസ്രാണിസഭയുടെ സങ്കടങ്ങൾ ബോധിപ്പിച്ചു നിവേദനം കൈമാറിയപ്പോൾ കരിയാറ്റിമല്പാനും തോമ്മാക്കത്തനാർക്കും വലിയ സംതൃപ്തിയും പ്രതീക്ഷയുമുളവായി. തുടർന്ന്, മോൺ. ബോർജ്യ മാർപാപ്പയുമായി കണ്ട് കാൽമണിക്കൂർ നേരത്തെ രഹസ്യസംഭാഷണം കഴിഞ്ഞപ്പോൾ തങ്ങളുടെ നിവേദനം തുറന്നുനോക്കുകപോലും ചെയ്യാതെ അത് മോൺ. ബോർജ്യായെ ഏല്പിച്ചിരിക്കുന്നു. അതോടെ സകല പ്രതീക്ഷയും അസ്തമിച്ചു.

തങ്ങൾക്കെതിരായി ഒറ്റക്കെട്ടായി ചേർന്നു പൊരുതിയ പാതിരിമാർക്ക് അധികാരസ്ഥാനങ്ങളിലുള്ള സ്വാധീനം എത്ര വലുതാണെന്ന് കരിയാറ്റിമല്പാനും തോമ്മാക്കത്തനാരും തിരിച്ചറിഞ്ഞു. പാതിരിമാർ ആഗ്രഹിച്ച പ്രകാരം ഒന്നും നേടാതെ വെറുംകൈയോടെ മടങ്ങേണ്ടിവന്നതിൽ അവരുടെ ഹൃദയം പിടഞ്ഞു. തങ്ങളുടെ പള്ളികൾക്കും ജനങ്ങൾക്കും ഉപകാരപ്പെടുന്ന എന്തെങ്കിലുമൊക്കെ ശേഖരിച്ചുകൊണ്ടു പോകണമെന്ന് അവർ ആഗ്രഹിച്ചു. അവിടെയും മോൺ. ബോർജ്യ തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. എങ്കിലും തങ്ങളുടെ കഴിവിനുതക്കവിധം നിരവധി സാധനങ്ങൾ അവർ ശേഖരിച്ചു. ഈ അന്വേഷണത്തിനിടയിൽ വില്പനയ്ക്കു വച്ചിരിക്കുന്ന അച്ചടിച്ച കുർബാനതക്സാകൾ ശ്രദ്ധയിൽപ്പെട്ടു. നാട്ടിലുള്ള കുർബാന തക്സാകൾ കൈകൊണ്ടെഴുതിയതും തെറ്റുകുറ്റങ്ങൾ നിറഞ്ഞതുമായിരുന്നു. പുതിയവ വാങ്ങാനുള്ള ധനസ്ഥിതി തങ്ങൾക്കുണ്ടായിരുന്നുമില്ല.

മാർപാപ്പായുടെ പേർക്ക് ഒരപേക്ഷ എഴുതിത്തന്നാൽ മാർപാപ്പ ഈ ഗ്രന്ഥം സമ്മാനമായി കൊടുക്കുന്ന പതിവുണ്ടെന്ന് കർദിനാൾ പറഞ്ഞതനുസരിച്ച് അപ്രകാരമൊരപേക്ഷ എഴുതി കർദിനാളിനെ ഏല്പിച്ചു.

കത്തോലിക്കാസഭയുടെ ആസ്ഥാനത്തു വാഴുന്ന അതിന്റെ അധിനാഥനോട് കിഴക്കേ ഇന്ത്യയിൽനിന്ന് ഏറെ ക്ലേശം സഹിച്ച് യുറോപ്പിലെത്തിയ രണ്ടു പുരോഹിതർ ഓരോ കുർബ്ബാന തക്സായ്ക്കുവേണ്ടി കേണപേക്ഷിക്കുന്നു. എന്നിട്ടും പാപ്പായ്ക്ക് കനിവുതോന്നിയില്ല. പരിഹാസപൂർവം അപേക്ഷ നിരസിക്കപ്പെട്ടു.

അവസാനമായി തങ്ങൾ മാർപാപ്പയ്ക്കു നല്കിയ അപേക്ഷയ്ക്ക് എന്തെങ്കിലുമൊരു മറുപടി തരണമെന്ന് ആവശ്യപ്പെട്ടു. മെത്രാൻവഴിയല്ലാതെ ലഭിക്കുന്ന അപേക്ഷകൾക്കു മറുപടിയില്ല എന്ന ഉത്തരമാണ് ലഭിച്ചത്.

തിരസ്കരണങ്ങളുടെ മഹാപ്രളയത്തിൽ മുങ്ങിത്താണപ്പോഴും മാതൃസഭയെ സ്നേഹിക്കാനും അധികാരികളെ ആദരിക്കാനും അവർ ഉത്സുകരായിരുന്നു. സഭയോടു ചേർന്നു നിന്നുകൊണ്ട് നസ്രാണിസഭയുടെ ഉന്നമനത്തിനുവേണ്ടി അവർ യത്നിച്ചു.

### മാർപാപ്പയോട് വിട പറയുന്നു

അവസാനം മാർപാപ്പയോടു വിട ചൊല്ലുന്ന രംഗവും വർത്തമാനപ്പുസ്തകം 54-ാം പാദത്തിൽ കാണാം.

'ഇനി നിങ്ങൾക്ക് എന്തൊരു വസ്തു വേണ്ടു എന്ന് മാർപാപ്പ ചോദിച്ചതിന്' ഞങ്ങൾക്കും ഞങ്ങളുടെ പള്ളികൾക്കും അങ്ങയുടെ ശ്ലൈഹികാശീർവാദമല്ലാതെ വേറൊരു വസ്തുവും ആവശ്യമില്ലെന്നു കണ്ഠമിടറാതെ പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ മുമ്പിൽ ഞങ്ങൾ മുട്ടുകുത്തി. മാർപാപ്പ ഞങ്ങളെ കരമുയർത്തി ആശീർവദിച്ചു. 'ഇനി ഞങ്ങളുടെ പട്ടക്കാർക്കും ജനങ്ങൾക്കും ഇതുതന്നെ ഞങ്ങൾ അപേക്ഷിക്കുന്നു.' എന്നു പറഞ്ഞപ്പോൾ കണ്ണുനിറഞ്ഞോ കണ്ഠമിടറിയോ നിശ്ചയമില്ല. ഉടനെ മാർപാപ്പാ തന്റെ കരമുയർത്തി നമ്മുടെ പട്ടക്കാർക്കും ജനങ്ങൾക്കും വാഴ്വുതരികയും ചെയ്തു.

ഈ വിശ്വാസവും വിധേയത്വവും കരിയാറ്റിമല്പാനും തോമ്മാക്കത്തനാർക്കും എവിടെനിന്നു കിട്ടി? അമ്മയുടെ മുലപ്പാലോടൊപ്പം പകർന്നുകിട്ടിയ വിശ്വാസവും വിധേയത്വവും സഭാസ്നേഹവുമാണ് മാർ കരിയാറ്റിയിലും പാറേമ്മാക്കൽ തോമ്മാക്കത്തനാരിലും നാം ദർശിക്കുന്നത്.

പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ 286-ാം ജന്മദിനമാചരിക്കുന്ന ഈ ശുഭസന്ധിയിൽ ഇവരുടെ അചഞ്ചലമായ സഭാസ്നേഹവും വിനയവും വിധേയത്വവും നമുക്കും മാർഗദീപമാകട്ടെ. ■

# ആണവയുദ്ധം ആസന്നമോ?



തോമസ് കുഴിഞ്ഞാലിൽ

യുക്രെയ്ൻ യുദ്ധം ആറു മാസം പിന്നിടുമ്പോൾ ലോകം ഭീതിയോടെ കണ്ട ദിവസങ്ങൾ അടുത്തു വരികയാണോ എന്നും ഒരു ആണവയുദ്ധത്തിനു സാക്ഷിയാകേണ്ടി വരുമോ എന്നും ഭയപ്പെടുന്നവർ ഏറെയാണ്.

യുക്രെയ്ൻ അധിനിവേശത്തിനിടെ റഷ്യൻസൈന്യം പിടിച്ചെടുത്ത സാപൊറിഷ്ഷ്യ എന്ന ചെറിയ പട്ടണത്തിലെ ആണവനിലയത്തിൽ മിസൈൽ പതിച്ചുവെന്ന വാർത്ത ലോകമാകെ ഭയം ജനിപ്പിക്കുകയുണ്ടായി. ആണവനിലയത്തിലെ ആറു റിയാക്ടറുകളിലൊന്നിന് തീപിടിച്ചുവെന്നായിരുന്നു യുക്രെയ്ൻ ഔദ്യോഗികവക്താവ് ആൻഡ്രി ട്രസ് മാധ്യമങ്ങളെ അറിയിച്ചത്. തീയണയ്ക്കാനെത്തിയ അഗ്നിശമനസേനാംഗങ്ങൾക്കുനേരെയും ശത്രുസൈന്യം നിറയൊഴിച്ചെന്നും മിസൈലാക്രമണം ഉടൻ നിർത്തിയില്ലെങ്കിൽ വൻദുരന്തമാണുണ്ടാവുകയെന്നും അദ്ദേഹം പറഞ്ഞു. നിലയത്തിലുണ്ടായ അഗ്നിബാധ വൈദ്യുതിസംവിധാനം തകരാറിലാക്കുമെന്നും ആണവാവശിഷ്ടങ്ങൾ സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ തകരുന്നപക്ഷം ആണവവികിരണത്തിനു വഴി വയ്ക്കുമെന്നും ട്രസ് കൂട്ടിച്ചേർത്തു.

ആണവനിലയത്തിൽ തീ പടരുന്നുവെന്ന വാർത്ത വ്യാപകമായി പ്രചരിച്ചതോടെ മറ്റൊരു ചെർണോബിൽ ദുരന്തത്തെ അഭിമുഖീകരിക്കേണ്ടിവരുമോയെന്ന ഭീതിയിൽ യൂറോപ്യൻരാജ്യങ്ങൾ പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കാൻ നിർബന്ധിതരായി. എന്നാൽ, മിസൈലുകൾ വീണത് ആണവനിലയത്തിലല്ലെന്നും സമീപത്തുതന്നെയുള്ള പരിശീലനകേന്ദ്രത്തിലാണെന്നുമുള്ള രാജ്യാന്തരആണവോർജ്ജഏജൻസിയുടെ മേധാവി റാഫേൽ മരിയാനോ ഗ്രോസിയുടെ സ്ഥിരീകരണം ലോകം ആശ്വാസത്തോടെയാണു ശ്രവിച്ചത്. ആണവവികിരണമോ മാലിന്യമോ അന്തരീക്ഷത്തിൽ കണ്ടെത്താനായില്ലെന്ന ഉറപ്പും അദ്ദേഹം നല്കി. മിസൈലുകൾ വീണ പരിശീലനകേന്ദ്രത്തിന്റെ അഞ്ചു നിലകളിൽ മൂന്നും നിലംപൊത്തുന്ന വീഡിയോദൃശ്യങ്ങളും വാർത്തകളും പുറത്തുവരികയും ചെയ്തു.

റഷ്യ പിടിച്ചെടുത്ത സാപൊറിഷ്ഷ്യ ആണവനിലയവും സമീപത്തുള്ള എനർഹോദാർ നഗരവും തിരിച്ചുപിടിക്കാൻ കഴിഞ്ഞ ഏതാനും ദിവസങ്ങളായി യുക്രെയ്ൻ സൈന്യം തുടങ്ങിവച്ച പടയോട്ടം പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാക്കിയിരിക്കുകയാണ്. ആണവനിലയം മറയാക്കിയാണ് റഷ്യയുടെ ആക്രമണമെന്ന് യുക്രെയ്ൻ ആരോപിക്കുന്നു. നിലയത്തിനുള്ളിൽ ആയുധങ്ങൾ സംഭരിക്കുകയും ആക്രമിക്കുകയുമാണ് റഷ്യയുടെ തന്ത്രം. ആണവനിലയം തകർന്നാലുണ്ടാകുന്ന വിപത്ത് നന്നായറിയാവുന്ന യുക്രെയ്ൻ സൈന്യം വളരെ കരുതലോടെയാണ് മുന്നേറുന്നത്. 500 ഓളം റഷ്യൻ സൈനികർ നിലയത്തിനുള്ളിലുണ്ട്.

**സാപൊറിഷ്ഷ്യ ആണവനിലയം**

സോവിയറ്റ് റിപ്പബ്ലിക്കുകളിലൊന്നായിരുന്ന യുക്രെയ്നിലെ എനർഹോദാർ നഗരപ്രാന്തത്തിനടുത്തുള്ള സാപൊറീഷ്ഷ്യയിൽ 1980കളുടെ തുടക്കത്തിലാണ് ആണവനിലയത്തിന്റെ നിർമ്മിതി. ശീതീകരിച്ച ആറു റിയാക്ടറുകളുള്ള ഈ നിലയം ഡ്നിയെപെർ നദിയുടെ ഇരുകരകളിലുമായി അരമൈൽ വിസ്തൃതിയിൽ നിലകൊള്ളുന്നു. യൂറോപ്പിലെ ഏറ്റവും വലിയ ഈ ആണവനിലയത്തിന് 5,700 മെഗാവാട്ട് ശേഷിയുണ്ട്. രാജ്യത്തിനാവശ്യമായ അഞ്ചിലൊന്ന് വൈദ്യുതിയും ഇവിടെയാണ് ഉത്പാദിപ്പിക്കുന്നത്. ശേഷിയുടെ കാര്യത്തിൽ ലോകത്തെ ഒൻപതാമത്തെ സ്ഥാനമാണ് ഇതിനുള്ളത്. ചെർണോബിൽ ആണവനിലയത്തിന്റെ ആറുമടങ്ങു ശേഷി. റിവ്നെ, ഖ്മെൽനിറ്റ്സ്കി, സാപൊറീഷ്ഷ്യ, തെക്കൻ യുക്രെയ്ൻ എന്നിവിടങ്ങളിലെ നാലു നിലയങ്ങളിലായി 13 ജിഗാവാട്ട് ശേഷിയുള്ള 15 റിയാക്ടറുകളാണ് യുക്രെയ്നുള്ളത്. ഊർജ്ജോത്പാദനത്തിന്റെ അളവു വച്ചുനോക്കിയാൽ ലോകത്തെ ഏഴാമത്തെ ആണവോർജ്ജരാജ്യവുമാണ്. റഷ്യയുടെ നിയന്ത്രണത്തിലുള്ള 'റോസ്റ്റം' എനർജി കോർപറേഷനിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ യുക്രെയ്നിലെ ജീവനക്കാർ തന്നെയാണ് ആണവനിലയം പ്രവർത്തിപ്പിക്കുന്നത്.

**ചെർണോബിൽ ആണവദുരന്തം**

യുക്രെയ്ൻ സോവിയറ്റ് റിപ്പബ്ലിക്കായിരുന്ന കാലത്തുതന്നെയാണ് 35 വർഷംമുമ്പ് 1986 ഏപ്രിൽ 26-ാം തീയതി ചെർണോബിൽ ആണവനിലയത്തിൽ പൊട്ടിത്തെറിയുണ്ടായത്. ആണവദുരന്തങ്ങളിലെ ഏറ്റവും വലുതെന്ന ഖ്യാതി നേടിയ ഈ അപകടം നിർമാണത്തിലെ അപാകതയും മാനുഷിക പിഴവുകളും മൂലം സംഭവിച്ചതാണെന്ന് അന്വേഷണത്തിൽ തെളിഞ്ഞു. 31 പേർക്കേ ജീവഹാനി സംഭവിച്ചുള്ളുവെങ്കിലും ചെർണോബിലും പരിസരപ്രദേശങ്ങളിലുമുണ്ടായ കാൻസർരോഗികളുടെ വർധന ആണവവികിരണം മൂലമാണെന്നും കണ്ടെത്തി. തൈറോയ്ഡ് കാൻസർമൂലം 16,000 പേരും മറ്റു കാൻസർ രോഗങ്ങൾ പിടിപെട്ട് 25,000 പേരും പിൽക്കാലത്തു മരണപ്പെട്ടതും ആണവദുരന്തത്തിന്റെ ഭയാനകമായ നേർസാക്ഷ്യമാണ്.

**ആണവദുരന്തങ്ങൾ വേറെയും**

യുഎസിലെ പെൻസിവാനിയ സംസ്ഥാനത്തെ ത്രീമൈൽ ഐലന്റിലും ജപ്പാനിലെ ഫുക്കുഷിമയിലും ഉണ്ടായവയാണ് പ്രധാനപ്പെട്ട മറ്റു രണ്ട് ആണവദുരന്തങ്ങൾ. 1979 മാർച്ച് 28 ന് ത്രീമൈൽ ഐലന്റിലെ ആണവനിലയത്തിലുണ്ടായ അപകടത്തിൽ മരണം സംഭവിച്ചില്ലെങ്കിലും രക്താർബുദം ബാധിച്ച് 333 പേർ മരിക്കാനിടയായത് ആണവവികിരണം മൂലമാണെന്നു സ്ഥിരീകരിക്കുകയുണ്ടായി.

2011 മാർച്ച് 11-ാം തീയതി വടക്കൻ പസിഫിക് സമുദ്രത്തിലുണ്ടായ ശക്തമായ ഭൂകമ്പത്തെത്തുടർന്നു രൂപപ്പെട്ട ഭീമാകാരമായ തിരമാലകൾ 30 അടി ഉയരത്തിലാണ് ഫുക്കുഷിമ നഗരത്തിലേക്ക് ഇരച്ചെത്തിയത്. നഗരപ്രാന്തത്തിലുള്ള ആണവറിയാക്ടറുകളെ സുനാമിത്തിരകൾ വിഴുങ്ങിയെന്ന വാർത്ത ലോകം ഭീതിയോടെയാണു ശ്രവിച്ചത്. തിരമാലകളിൽപ്പെട്ടും വാഹനങ്ങളിൽ ഞെരുകിപ്പോയവരുമുൾപ്പെടെ 1600 പേർക്കാണ് ജീവൻ നഷ്ടമായത്.

ഇക്കഴിഞ്ഞ ഓഗസ്റ്റ് 5-ാം തീയതി സാപൊറിഷ്ഷ്യയിലെ ആണവനിലയത്തിനു നേർക്കുള്ള ഷെല്ലാക്രമണത്തിൽ നിലയത്തിലെ സ്വിച്ച് ബോർഡു തകരുകയും ലൈറ്റുകൾക്കു കേടുപാടുകൾ സംഭവിക്കുകയും ചെയ്തിരുന്നു. നാശനഷ്ടങ്ങൾ വിലയിരുത്താൻ അന്താരാഷ്ട്ര ആണവോർജ്ജഏജൻസി മുമ്പോട്ടു വന്നെങ്കിലും യുക്രെയ്ന്റെ കടുത്ത എതിർപ്പുമൂലം ആ ഉദ്യമം ഉപേക്ഷിക്കുകയായിരുന്നു. റഷ്യ കൈവശപ്പെടുത്തിയ നിലയത്തിൽ ഏജൻസിയെ പരിശോധനയ്ക്കു നിയോഗിക്കുന്നത് ആണവനിലയത്തിനുമേലുള്ള റഷ്യയുടെ പരമാധികാരം അംഗീകരിക്കുന്നതിനു തുല്യമായേക്കുമെന്ന നിലപാടാണ് യുക്രെയ്ൻ സ്വീകരിച്ചത്.

ഒരു ആണവനിലയത്തിനിരുപുറവും നിന്നു മിസൈലുകൾ തൊടുത്തുവിടുന്ന റഷ്യയുടെയും യുക്രെയ്ന്റെയും നടപടി അത്യന്തം സ്ഫോടനാത്മകമാണെന്നു വിലയിരുത്തപ്പെടുന്നു. ആണവനിലയത്തിലെ ഒരു റിയാക്ടർ തകർന്നാൽപ്പോലും, അന്തരീക്ഷത്തിലെത്തുന്ന ആണവതരംഗങ്ങൾ ആയിരങ്ങളുടെ ജീവൻ അപഹരിച്ചേക്കാം. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ള ലൈനുകൾ വിച്ഛേദിച്ച് 2014 മുതൽ റഷ്യയുടെ അധീനതയിലുള്ള ക്രിമിയ ഉപദ്വീപിലേക്ക് വൈദ്യുതി എത്തിക്കുകയെന്ന ലക്ഷ്യവും റഷ്യയ്ക്കുണ്ട്.

ആണവനിലയത്തിൽ ഷെല്ലുകളും മിസൈലുകളും പതിക്കുന്നുണ്ടെങ്കിലും ഒരു വലിയ അപകടത്തിനുള്ള സാധ്യതയില്ലെന്നാണ് വിദഗ്ധരുടെ അഭിപ്രായം. ചെർണോബിലിൽ പൊട്ടിത്തെറിച്ച റിയാക്ടറിൽനിന്നും വ്യത്യസ്തമായി സാപൊറിഷ്ഷ്യയിലെ ആറു റിയാക്ടറുകളും 10 മീറ്റർ ഘനമുള്ള കോൺക്രീറ്റുകൊണ്ടു പൊതിഞ്ഞവയാണെന്നും അവർ പറയുന്നുണ്ട്. എന്നിരുന്നാലും, ശീതീകരണയന്ത്രങ്ങൾക്കു കേടുപാടുകൾ സംഭവിച്ചാലും ആണവാവശിഷ്ടങ്ങൾ സംഭരിച്ചുവച്ചിട്ടുള്ളയിടങ്ങളിൽ മിസൈലുകൾ പതിച്ചാൽ വികിരണസാധ്യത കൂടുതലായിരിക്കുമെന്നും അവർ അഭിപ്രായപ്പെട്ടു. രണ്ടു രീതിയിലായാലും, ആണവനിലയത്തിന് 30 കിലോമീറ്ററിനപ്പുറം ആണവവികിരണം ഉണ്ടാകില്ലെന്നും അവർ ആവർത്തിക്കുന്നുണ്ട്.

**ആണവയുദ്ധം ആസന്നമോ?**

യുദ്ധം അനിശ്ചിതമായി നീണ്ടുപോയാലും രണ്ടു രാജ്യങ്ങൾക്കും കാര്യമായ നേട്ടം അവകാശപ്പെടാൻ കഴിയുമോയെന്ന സംശയം ബ്രിട്ടീഷ് രഹസ്യാന്വേഷണവിഭാഗം തലവനായിരുന്ന ജനറൽ ജിം ഹോക്കെൻഹൾ ട്വിറ്റർ സന്ദേശത്തിൽ പങ്കുവച്ചത് അടുത്ത നാളുകളിലാണ്. ഉദ്ദേശിച്ചതുപോലെ മുന്നേറാൻ കഴിയാതെ വന്നാൽ, ഒരുപക്ഷേ, അണ്വായുധം പ്രയോഗിക്കാനും പുടിൻ മടിക്കില്ലെന്നും അദ്ദേഹം കുറിച്ചു. അണുബോംബുകൾ സ്വന്തമായുള്ള 9 രാജ്യങ്ങളിൽ ഒന്നാംസ്ഥാനവും റഷ്യയ്ക്കാണ്- 5,977. രണ്ടാംസ്ഥാനം യുഎസിനാണ്, 5,428 എണ്ണം. ചൈന 350, ഫ്രാൻസ് 290, യു കെ 225, പാക്കിസ്ഥാൻ 165, ഇന്ത്യ 160, ഇസ്രായേൽ 90, ഉത്തരകൊറിയ 20. ഈ വർഷം തയ്യാറാക്കിയ പട്ടികയാണിത്. രണ്ടാംലോകമഹായുദ്ധാവസാനം ഹിരോഷിമയിലും നാഗസാക്കിയിലും വർഷിച്ച ആറ്റംബോംബുകളുടെ പതിന്മടങ്ങു ശക്തിയുമുണ്ട്. ഒരു അണുബോംബിന്റെ ശേഷി ഒരു ലക്ഷം ടൺ ടി എൻ ടി ആണെന്നും കണക്കാക്കിയിട്ടുണ്ട്. ഇത്തരം ഒരു ബോംബ് ജനവാസമേഖലയിൽ വീണാൽ 5 ലക്ഷം പേരെങ്കിലും ഞൊടിയിടയിൽ ഭസ്മമായി മാറുമെന്നും പറയപ്പെടുന്നു.

റഷ്യ-യുക്രെയ്ൻ സംഘർഷം വർധിക്കുമ്പോൾ സാപൊറിഷ്ഷ്യ പോലുള്ള ആണവനിലയം യുദ്ധത്തിനിടയിൽപ്പെട്ടത് ആശങ്ക ഇരട്ടിപ്പിക്കുന്നു. ഏതെങ്കിലുമൊരു ആണവനിലയം യുദ്ധമേഖലയിൽപെടുന്നത് ആദ്യത്തെ സംഭവവുമാണ്. ഇരുരാജ്യങ്ങളും ഒരു മേശയ്ക്കു ചുറ്റുമിരുന്ന് പരിഹരിക്കേണ്ട പ്രശ്നങ്ങൾ ആണവയുദ്ധം വരെയെത്തിച്ചതിന് റഷ്യയും യുക്രെയ്നും ഉത്തരവാദികളാണ്.

■




ഓണാശംസകൾ

ജോൺസൺ ഡ്രൈക്ലീനേഴ്സ്

SINCE 1954

വിശ്വാസ്യതയുടെ 68 വർഷങ്ങൾ

ഡ്രൈക്ലീനിംഗ് & സാരി പോളീഷിംഗ്

മെയിൻ റോഡ്, പാലാ PH: 04822 - 212353

പഞ്ചായത്ത് ബിൽഡിംഗ്, കൊഴുവനാൽ PH: 9446412753

മാന്താടി ഓപ്പൺ മാർക്കറ്റ്, കിടങ്ങൂർ PH: 9495992753

നിങ്ങളുടെ വസ്ത്രങ്ങൾ ഉത്തരവാദിത്വത്തോടുകൂടി വൃത്തിയായി ഡ്രൈക്ലീൻചെയ്യാൻ സമീപിക്കുക




# മഹാബലിക്കഥയിലെ പാഠാന്തരങ്ങൾ

(3-ാം പേജ് തുടർച്ച)

മഹാബലി ഉള്ളിൽ ചിരിച്ചുകാണും. അതിരുകളില്ലാത്ത സാമ്രാജ്യത്തിന്റെ അധിപനായ തന്നോടു മൂന്നു ചുവടു ഭൂമി യാചിക്കുന്ന ബാലൻ!

എത്ര ചുവടു വേണമെങ്കിലും തരാമല്ലോ എന്നു ബലി വാക്കു നല്കി. അപ്പോളാണ്, കുലഗുരു ശുക്രാചാര്യർ കടന്നുവന്നത്. ബ്രാഹ്മണകുമാരനെ കണ്ടതേ, അദ്ദേഹം നടുങ്ങി. ബലിയുടെ അന്തകൻ! അദ്ദേഹം രാജാവിന്റെ ചെവിയിൽ സ്വകാര്യം പറഞ്ഞു: "ഒന്നും കൊടുക്കരുത്. അവൻ കുഴപ്പക്കാരനാണ്."

ഗുരുവിന്റെ തടസ്സവാദം കേട്ടപ്പോഴും ബലി ഉള്ളിൽ ചിരിച്ചുപോയിട്ടുണ്ടാകും. ഭൂചക്രം അടക്കിവാഴുന്ന തനിക്കു കുഴപ്പമുണ്ടാക്കാൻ നാലടിപോലും വളരാത്ത ഈ ചെക്കനു കഴിയുമെന്നോ! അസംഭവ്യം. അദ്ദേഹം സ്വയം വിശ്വസിപ്പിച്ചു. പിന്നെ തിരിഞ്ഞു ഗുരുവിനോടു പറഞ്ഞു: "മഹാബലി ഇതുവരെ വാക്കു പാലിക്കാതിരുന്നിട്ടില്ല. അള്ളന്നെടുത്തോളൂ." അദ്ദേഹം വാമനന് അനുവാദം നല്കി. ഗുരു വിഷണ്ണനായി.



വാമനന്റെ ഉള്ളംകൈയിൽ വെള്ളമൊഴിച്ചു വാക്കുറപ്പിക്കാൻ മഹാബലി വെള്ളം നിറഞ്ഞ കിണ്ടി കൈയിലെടുത്തു. കിണ്ടിവാലിൽ ഒരു കരടായി കടന്നുകൂടി വെള്ളം വീഴുന്നതു തടയാൻ ഗുരു ഒരു ശ്രമംകൂടി നടത്തി. കാര്യം മനസ്സിലാക്കിയ വാമനകുമാരൻ ഒരു ദർഭപ്പുല്ലു മുറിച്ചെടുത്തു മന്ത്രപൂർവം കിണ്ടിവാലിൽ കുത്തി. ഒരു കണ്ണുപൊട്ടി ചോരയൊലിപ്പിച്ചുകൊണ്ട് ശുക്രാചാര്യർ പുറത്തുചാടി. "നീ ഇതിന് അനുഭവിക്കും" എന്നു ബലിയെ ശപിച്ചുകൊണ്ടു യജ്ഞവേദിയിൽനിന്ന് ഓടിമറഞ്ഞു.

ഉള്ളംകൈയിൽ വെള്ളം വീണതോടെ വാമനൻ വളർന്നുതുടങ്ങി. ശിരസ്സ് ആകാശത്തിൽ മുട്ടി. പാദങ്ങൾ മണ്ണിലും. മഹാബലി ആശ്ചര്യഭരിതനായി നോക്കിനിൽക്കുന്നതിനിടയിൽ വാമനൻ തന്റെ ആദ്യ ചുവടുയർത്തി ഭൂമിയെ അളന്നു. രണ്ടാമത്തെ ചുവടുകൊണ്ട് സ്വർഗവും അളന്നു. മൂന്നാമത്തെ അളവിനുവേണ്ടി ചുവടുയർത്തിനിൽക്കുന്ന മഹാവിഷ്ണുവിനോടു മഹാബലി വിനയപൂർവം പറഞ്ഞു: "തൃപ്പാദം ഇനി എന്റെ ശിരസ്സിൽ വെച്ചാലും." മഹാബലി പാതാളത്തിലേക്കു താഴ്ന്നുപോയി.

മഹാവിഷ്ണു മഹാബലിയെ അദ്ദേഹത്തിന്റെ സ്വന്തം രാജ്യമായ പാതാളത്തിലേക്കു മടക്കിയയച്ചു. അതു ദൈവനീതി. മനുഷ്യനീതി അന്യരുടെ സ്വാതന്ത്ര്യം അപഹരിക്കുന്ന അസുരനീതിക്കു വഴിമാറിയപ്പോൾ നൈതികവിധികളുടെ സന്തുലനം നഷ്ടപ്പെട്ടു. അതു പുനഃസ്ഥാപിക്കുകയായിരുന്നു വാമനാവതാരത്തിന്റെ ലക്ഷ്യം. മഹാബലി ചക്രവർത്തിയിൽനിന്ന് വിഷ്ണു ഭഗവാൻ എടുത്തുകളഞ്ഞത് അദ്ദേഹത്തിന്റെ അഹന്ത മാത്രം. സ്വന്തം നാട് അദ്ദേഹത്തിനുതന്നെ നൽകി. ഭൂമി മനുഷ്യർക്കും സ്വർഗം ദേവകൾക്കും തിരിച്ചുകൊടുക്കുകയും ചെയ്തു.

ഈ കഥയിൽ മറ്റൊരു പാഠംകൂടിയുണ്ട്. ഭാരതീയപാരമ്പര്യമനുസരിച്ചു രാജാക്കന്മാർക്കെല്ലാം ധർമനീതി ഉപദേശിച്ചു കൊടുക്കാൻ ഒരു കുലഗുരുവുണ്ടാകും. തപോധനംകൊണ്ടും വേദജ്ഞാനം കൊണ്ടും നിറഞ്ഞ ആധ്യാത്മീയാചാര്യന്റെ വാക്കുകൾ രാജാവിനു കർമമാർഗത്തിൽ വഴികാട്ടും. ഉപദേശം അവഗണിച്ചാൽ ആപത്തുണ്ടാകാം. അതാണ് മഹാബലിയുടെ കാര്യത്തിൽ സംഭവിച്ചത്.

കഥയിലെ പാഠാന്തരങ്ങൾ ഇങ്ങനെയെങ്കിലും മഹാബലിക്കഥ കാലപ്രവാഹത്തിൽ മറ്റൊരു മിത്തായി രൂപംമാറി. ഭൂമിയിൽ സ്വർഗം വിടരണമെന്ന മനുഷ്യസ്വപ്നങ്ങളുടെ സാക്ഷാത്കാരമായി മഹാബലിക്കഥ പരിണമിച്ചു. "മാവേലി നാടു വാണീടും കാലം മനുഷ്യരെല്ലാരുമൊന്നുപോലെ - കള്ളവുമില്ലാ ചതിയുമില്ല എള്ളോളമില്ലാ പൊളിവചനം" എന്നിങ്ങനെ നാടിന്റെ മനസ്സു നിറഞ്ഞു. അതു സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും ഉത്സവമായ തിരുവോണത്തിനും രൂപം നല്കി. വർഷത്തിലൊരിക്കൽ മഹാബലി തന്റെ പ്രജകളെ കാണാൻ എഴുന്നള്ളുന്ന പുണ്യദിനം.

കഥയിലെ മഹാബലി പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തപ്പെട്ടു. പക്ഷേ, അദ്ദേഹത്തിന്റെ കേരളത്തിലെ പ്രജകളുടെയുള്ളിൽനിന്ന് അദ്ദേഹത്തെ ഇറക്കിവിടാൻ ഒരു ശക്തിക്കും കഴിഞ്ഞിട്ടില്ല. കഥകളിലും കളികളിലും നിറഞ്ഞ് അദ്ദേഹം അവിടെ കുടിയിരിക്കുകയാണ്. ■

# സ്നേഹസംഗമങ്ങളുടെ പൂക്കാലം



ഡോ. ജാൻസി ജയിംസ്

തിരുവോണം എല്ലാ മലയാളികൾക്കുമെന്നപോലെ എനിക്കും ഒരു മധുരമായ സ്മരണപുതുക്കലാണ്. എന്തിന്റെ സ്മരണയാണ് ആഘോഷിക്കുന്നതെന്ന് അറിയാതെയോ ചിന്തിക്കാതെയോ കടന്നുപോയ ബാല്യകാല ഓണങ്ങളിലും ഒന്നുമാത്രം തെളിഞ്ഞുനിന്നിരുന്നു - ആനന്ദത്തിന്റെയും ലാവണ്യത്തിന്റെയും അനിർവചനീയമായ വിശുദ്ധിയുടെയും സ്നേഹസംഗമങ്ങളുടെയും സംയോജിതയിന്ധനത്താൽ ജ്വലിച്ചുനിന്ന ഒരു ദീപനാളം. പിന്നീടാണ് ഈ നാടിന്റെ ചരിത്രത്തിൽ ഇടംപിടിച്ച ഗതകാലനന്മയുടെയും സമൃദ്ധിയുടെയുമായ ഒരു കാലഘട്ടത്തിന്റെ സാംസ്കാരിക ഉദ്ഘോഷമാണ് ഓണം എന്നു മനസ്സിലാക്കിയത്. ആ നല്ല കാലം നല്കുന്ന സന്ദേശമിതാണ്: 'പൊളി പറയലും കള്ളവും ചതിയുമില്ലാത്ത, എല്ലാരുമൊന്നുപോലെ ജീവിക്കുന്ന' ഒരു സമൂഹം. മലയാളികൾമാത്രമല്ല ലോകത്തിലെ ഏതൊരു ജനതയും കൈവരിക്കേണ്ട ഉദാത്തമായ അവസ്ഥ. നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽക്കൂടി ഈ സന്ദേശം മനസ്സിൽ കൊണ്ടുനടക്കുന്നത് ഒരു സുഖമായിരുന്നു, സന്തോഷമായിരുന്നു. അതൊരു ലക്ഷ്യമായി അംഗീകരിക്കുമ്പോൾ മനസ്സ് സുഗന്ധം പരത്തുന്ന പുഷ്പവൃഷ്ടിയിൽ കുളിച്ചിരുന്നു. ഇന്നോ?



2022 ലെ ഓണക്കാലത്ത് നമ്മൾ എത്തിനിൽക്കുന്നത് പറുദീസ നഷ്ടപ്പെട്ട ആദിമനുഷ്യന്റെ മാനസികാവസ്ഥയിലാണ്. സത്യവും ധർമവും കൈവെടിഞ്ഞതിനാൽ മനസ്സിന്റെ സമാധാനവും സമനിലയും നഷ്ടപ്പെട്ട മലയാളികളുടെ ഒരു കൂട്ടായ്മയായി മാറിയോ കേരളം? മോഷണവും അഴിമതിയും അരങ്ങുവാഴുന്ന, അനുചിതപ്രണയം നിരസിച്ച പെൺകുട്ടിയെ തീകൊളുത്തി കൊല്ലുന്ന, വിവാഹപ്പന്തലിൽ പപ്പടം വിളമ്പിയതിന്റെ കണക്കു പറഞ്ഞു പരസ്പരം ചീറിപ്പാഞ്ഞാക്രമിക്കുന്നവരുടെ കലികാലത്താണ് ഇത്തവണത്തെ തിരുവോണം വന്നെത്തുന്നത്.

കഴിഞ്ഞ ഓണത്തിനുശേഷം സംഭവിച്ചതു പലതും മഹാബലി വാണിരുന്ന കേരളത്തെക്കുറിച്ചുള്ള ധാരണകളുടെ വിപരീതാനുഭവങ്ങളായിരുന്നു. എങ്കിലും, വർഷത്തിലൊരിക്കൽമാത്രം വന്നെത്തുന്ന തിരുവോണത്തെ അവഗണിച്ചുകൂടാ. ഒരു നല്ല കാലത്തിന്റെ ചേതോഹരമായ ഓർമപ്പെടുത്തലിനോടു നിഷേധാത്മകമായി നിൽക്കുന്നതു ശരിയല്ല. മനുഷ്യസമൂഹത്തിനു കൈവരിക്കാവുന്ന ക്ഷേമത്തിന്റെയും സംതൃപ്തിയുടെയും സാധ്യതകളിലുള്ള വിശ്വാസത്തിന്റെ മണിമുഴക്കമാണ് തിരുവോണം. ഇത് സമഭാവനയുടെയും സഹവർത്തിത്വത്തിന്റെയും ആഘോഷമാണ്. നന്മയുടെ ചക്രവർത്തിയെ ചതിയിലൂടെ തിന്മ കീഴ്പ്പെടുത്തിയിട്ടും, ആ പുണ്യരൂപം ഒരു ജനതയുടെ അബോധമനസ്സിലും പൊതുബോധത്തിലും സ്നേഹത്തിന്റെയും കരുതലിന്റെയും നീതിയുടെയും ജ്വലിക്കുന്ന പ്രതീകമായി നൂറ്റാണ്ടുകളായി നിലനിൽക്കുന്നതിന്റെ തുടികൊട്ടാണ് തിരുവോണം. ഈ അനുസ്മരണാഘോഷം നന്മയുടെ അമരത്വത്തിലുള്ള മലയാളിയുടെ വിശ്വാസത്തിന്റെ പ്രഖ്യാപനംകൂടിയാണ്. അതുകൊണ്ടുതന്നെ, ഈ വർഷത്തെ ഓണത്തിന് പ്രത്യേകമായ മൂല്യവും സവിശേഷതയുമുണ്ട്. ഇരുട്ടിലാണല്ലോ പ്രകാശത്തിന്റെ വിലയും ആവശ്യവും ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത്. ഈ 'കെട്ടകാല'ത്ത്, എല്ലാ മാനുഷികമൂല്യങ്ങളും ചവിട്ടിമെതിക്കപ്പെട്ടു പാതാളഭൂമിയിലേക്കു തള്ളിയെറിയപ്പെടുന്ന അവസ്ഥയിലുള്ള ഈ ദുരന്തഭൂമിയിലേക്ക്, ഉൺമയുടെയും നന്മയുടെയും മഹാബലിത്തമ്പുരാനെ നാം വീണ്ടും ക്ഷണിക്കുന്നു, ഒരു പുനരുത്ഥാനത്തിന്റെ പ്രതീക്ഷകളോടെ. നിരാകരിക്കപ്പെട്ട മനോഗുണങ്ങളും സത്കൃത്യങ്ങളും തിരിച്ചുപിടിക്കാനുള്ള ത്വരകമാകട്ടെ ഈ ഓണമെന്നു പ്രാർത്ഥിക്കുന്നു. ഓണപ്പൂക്കൾ പുണ്യകർമങ്ങളുടെ വസന്തപുഷ്പങ്ങളാകട്ടെ. ഓണസദ്യ സ്നേഹവിരുന്നാകട്ടെ; ക്രിയാത്മകമായ സാമൂഹികമാറ്റത്തിനുള്ള ഊർജദായിനിയാകട്ടെ. അങ്ങനെയൊരു ഓണത്തിനായി ഹൃദയം നിറഞ്ഞ ആശംസകൾ, ദീപനാളത്തിനും വായനക്കാർക്കും. ഈ അക്ഷരനാളം ഓരോ ഓണത്തോടുമൊപ്പം കൂടുതൽ മനോഹരമായി കത്തിജ്വലിക്കുന്ന പ്രകാശനാളമായിത്തീരട്ടെ. ■






**സെപ്റ്റംബർ 11**
**ഏലിയ – സ്ലീവ – മൂശെ**
**ഒന്നാം ഞായർ**

പുറ 34 : 28–35
2 ദിന 5 : 11–14
1 കോറി 15 : 35–50
മർക്കോ 9 : 2–13

# പ്രാർത്ഥിക്കുന്നവൻ പ്രകാശിക്കും



ഡോ. ജോസഫ് കരികുളം

**ഈ**ശോയോടുള്ള ഉത്ഥാനത്തിനുശേഷം പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശിഷ്യന്മാർ നടത്തുന്ന സുവിശേഷപ്രഘോഷണത്തിന്റെ ഫലം സഭയുടെ നിർമിതിയിൽ ദർശിക്കത്തക്കവിധം ഉയിർപ്പുകാലവും ശ്ലീഹാക്കാലവും കൈത്താക്കാലവും ആരാധനക്രമവത്സരത്തിൽ ഉൾച്ചേർന്നിരിക്കുന്നു. ശിരസ്സായ ഈശോമിശിഹായും അവയവങ്ങളായ നമ്മളുമാകുന്ന സഭ, തന്റെ ആത്യന്തികലക്ഷ്യമായ ദൈവത്തിലേക്ക്/ദൈവരാജ്യത്തിലേക്ക്/നിത്യജീവനിലേക്ക് നീങ്ങുകയാണ്. ദൈവരാജ്യത്തിലേക്കുള്ള പ്രവേശനസമയം ശിരസ്സും രക്ഷകനും രക്ഷാകരപ്രവർത്തനങ്ങളുടെ കർത്താവുമായ ഈശോയുടെ സാന്നിധ്യം ഉണ്ടാകുമെന്നത് സഭയുടെ ആഴമായ വിശ്വാസമാണ്. ഈശോയുടെ രണ്ടാമത്തെ ആഗമനസമയത്താണ് അന്ത്യവിധിയും നന്മ ചെയ്തവരുടെ സ്വർഗരാജ്യപ്രവേശനവുമെന്നു സഭ വിശ്വസിക്കുന്നു. ഈശോയുമായുള്ള ഈ മുഖാഭിമുഖത്തിന് സഭ തന്റെ മക്കളെ ഒരുക്കേണ്ടതുണ്ട്. ഈ ഒരുക്കത്തിന്റെ ആവശ്യമെന്തെന്നും എങ്ങനെ ഈ ഒരുക്കം നടത്തണമെന്നും സഭ തന്റെ മക്കളെ പഠിപ്പിക്കുന്ന ഭാഗങ്ങളാണ് ഏലിയാ-സ്ലീവാ-മൂശക്കാലത്ത് നാം വായിക്കുന്നത്.

ഏലിയാ-സ്ലീവാ-മൂശക്കാലങ്ങളുടെ കേന്ദ്രബിന്ദു സ്ലീവായാണ്. സെപ്റ്റംബർ 14-ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഇക്കാലത്തെ ഏറ്റവും പ്രധാന തിരുനാൾ. രൂപാന്തരീകരണവേളയിൽ മൂശയുടെയും ഏലിയായുടെയും മധ്യേ നില കൊണ്ട മഹത്ത്വീകൃതനായ ഈശോയുടെ പ്രതീകമാണ് സ്ലീവാ. ദൈവപുത്രനായ ഈശോയുടെ ഭൂമിയിലെ ജീവിതം മാത്രമല്ല, ദൈവമാകുന്ന ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻതമ്പുരാന്റെ സാന്നിധ്യവും ഉത്ഥാനത്തിനുശേഷം പിതാവിന്റെ വലതുഭാഗത്തേക്ക് ആരോഹണം ചെയ്ത നമ്മുടെ സഹോദരനായ ഈശോമിശിഹായുടെ അസ്തിത്വവും വി. സ്ലീവായിൽ ദർശിക്കുന്നു. അതുകൊണ്ടാണ്, 'ഏലിയാ-ഈശോ-മൂശെ' എന്നു പറയാതെ 'ഏലിയാ-സ്ലീവാ-മൂശെ' എന്ന് ഈ കാലത്തിനെ വിളിക്കുന്നത്.

മാർത്തോമ്മാക്രിസ്ത്യാനികൾക്ക് മാർത്തോമ്മാസ്ലീവാ വളരെ പ്രധാനപ്പെട്ടതാണ്. സീറോ-മലബാർ ആരാധനക്രമത്തിൽ ഉപയോഗിക്കുന്നതും മാർത്തോമ്മാസ്ലീവായാണ്. ക്രൂശിതനായ മിശിഹായുടെ രൂപമുള്ള കുരിശ് അഥവാ ക്രൂശിതരൂപം-മിശിഹായുടെ പാപപരിഹാരർത്ഥമുള്ള കുരിശുമരണത്തെ പ്രത്യേകമാംവിധം അനുസ്മരിക്കുന്നു. എന്നാൽ, ഈശോയുടെ കുരിശുമരണത്തിൽ അവസാനിക്കുന്നതല്ല ദൈവത്തിന്റെ രക്ഷാകരപദ്ധതി. കുരിശിൽ മരിച്ച് അടക്കപ്പെട്ട് ഉത്ഥാനം ചെയ്ത ഈശോയിലേക്കുള്ള വളർച്ചയാണ് നമ്മുടെ രക്ഷാകരപദ്ധതിയുടെ പ്രധാന ഭാഗം. അതിനാൽ, ക്രൂശിതരൂപമില്ലാത്ത കുരിശ്, ക്രൂശിതനായ ഈശോയുടെ സ്മരണയും, ഉത്ഥിതനായ മിശിഹായുടെ സജീവസാന്നിധ്യവും ഓർമിപ്പിക്കുന്നു. മാർത്തോമ്മാസ്ലീവായാകട്ടെ ഉത്ഥാനം ചെയ്ത ഈശോയുടെ സ്മരണയോടൊപ്പം പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും സജീവസാന്നിധ്യം നിലനിറുത്തി ആരാധനക്രമത്തെ സമ്പുഷ്ടമാക്കുന്നു. ആരാധനാക്രമാനുഷ്ഠാനത്തിൽ മാർത്തോമ്മാസ്ലീവാ ഉപയോഗിക്കുമ്പോൾ 'എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു' എന്ന ഈശോയുടെ വാക്കുകൾ അന്വർത്ഥമാകുന്നു. കാരണം, മാർത്തോമ്മാസ്ലീവായെ നോക്കുന്നവർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സാന്നിധ്യമാണ് അനുഭവിക്കുന്നത്.

## പ്രാർത്ഥിക്കുന്നവൻ പ്രകാശിക്കും

ഈശോയുടെ രൂപാന്തരീകരണവുമായി ബന്ധപ്പെട്ട വായനകളാണ് ഒന്നാം ഞായറാഴ്ച വിചിന്തനത്തിനായി സഭാമാതാവ് നമുക്കു നല്കുന്നത്. ദൈവവുമായി സംസാരിച്ചു പത്തു പ്രമാണങ്ങളടങ്ങിയ ഫലകങ്ങളും വഹിച്ചുകൊണ്ട് സീനായ് മലയിൽനിന്നു താഴേക്കിറങ്ങിവരുമ്പോൾ മോശയുടെ മുഖം തേജോമയമായിരുന്നു എന്ന ചിന്തയാണ് ആദ്യവായന പങ്കുവയ്ക്കുന്നത് (പുറ. 34:28-35). "നാല്പതു രാവും നാല്പതു പകലും ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്യാതെ മോശ ദൈവത്തോടൊത്തു ചെലവഴിച്ചു. അത്രയധികം നാൾ ദൈവത്തോടൊത്തായിരുന്നതുകൊണ്ട് തന്റെ ശരീരഭാഷയ്ക്കുതന്നെ മാറ്റം വന്നത് മോശ അറിഞ്ഞിരുന്നില്ല (34-29b). ഈ നാളുകളിലത്രയും ദൈവം മോശയോടും മോശ ദൈവത്തോടും സംസാരിക്കുകയായിരുന്നുവെന്ന് പല പ്രാവശ്യം വചനഭാഗം സൂചന നല്കുന്നുണ്ട് (34,29b, 32b, 34.35b) അതായത്, ദൈവം തന്നോടു സംസാരിച്ചതിന്റെ, തനിക്കു ദൈവത്തോടു സംസാരിക്കാൻ കഴിഞ്ഞതിന്റെ അനുഭൂതിയിലായിരുന്നു മോശ.

ദൈവത്തോടുള്ള മനുഷ്യന്റെ സംഭാഷണമാണ് പ്രാർത്ഥന എന്ന നിർവചനം മോശയും ദൈവവുമായുള്ള സംഭാഷണത്തോടു ചേർത്തുവച്ചാൽ മോശയും പ്രാർത്ഥനയിലായിരുന്നുവെന്നു നമുക്കു മനസ്സിലാക്കാം. ആ പ്രാർത്ഥനയുടെ പ്രകാശമായിരുന്നു മോശയുടെ മുഖത്തെ തേജസ്സിന്റെ കാരണം. ദൈവത്തിന്റെ തേജസ്സ്, ദൈവത്തോടൊപ്പം ആയിരിക്കുന്നവന്റെ തേജസ്സിൽ മാറ്റം വരുത്തുന്നു. അതുകൊണ്ടാണല്ലോ നല്ലൊരു ധ്യാനമൊക്കെ നടത്തി, കുമ്പസാരിച്ചു വരുന്നയാളിന്റെ മുഖത്തും ദൈവത്തിന്റെ പ്രകാശം നാം ദർശിക്കുന്നത്. അതേ, പ്രാർത്ഥിക്കുന്നവൻ പ്രകാശിക്കും, ദൈവമവനെ ജ്വലിപ്പിക്കും!


## തേജസ്സുറ്റ ദൈവാലയം

സോളമൻ നിർമിച്ച ദൈവാലയത്തിൽ കർത്താവിനെ സ്തുതിച്ചുപാടുന്ന ഗായകസംഘത്തിനൊപ്പം എല്ലാവരുമൊരുമിച്ച് കൃതജ്ഞതാസ്തോത്രം അർപ്പിക്കുമ്പോൾ ദൈവാലയത്തിൽ വന്നുനിറയുന്ന കർത്താവിന്റെ തേജസ്സിനെക്കുറിച്ചാണ് രണ്ടാം വായന (2 ദിന. 5,11-14).

'ദൈവാലത്തിൽ കർത്താവിന്റെ തേജസ്സ് നിറഞ്ഞുനിന്നതിനാൽ' അവിടത്തെ സാന്നിധ്യം പ്രകടമായവിധത്തിൽ ജനത്തിനു ദർശിക്കാൻ കഴിഞ്ഞിരുന്നു. വി. ഗ്രന്ഥത്തിന്റെ പല ഭാഗങ്ങളിലും ദൈവാലയത്തിൽ നിറഞ്ഞിരുന്ന ദൈവത്തിന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള വിവരണങ്ങളുണ്ട്. "...അവിടത്തെ വസ്ത്രാഞ്ചലം ദൈവാലയം മുഴുവൻ നിറഞ്ഞുനിന്നു" (ഏശ. 6:1) "അവിടത്തെ ആഗമനത്തിന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരമ്പൽപോലെയായിരുന്നു. ഭൂമി അവിടത്തെ തേജസ്സുകൊണ്ട് പ്രകാശിച്ചു" (എസ. 43:2). കർത്താവിന്റെ മഹനീയവും ഭീതിജനകവുമായ സാന്നിധ്യത്തെ വർണിക്കാനുള്ള മാനുഷികവാക്കുകളായി മാറുകയാണ് മേഘവും വസ്ത്രാഞ്ചലവും പെരുവെള്ളത്തിന്റെ ഇരമ്പലുമെല്ലാം. ജറുസലേം ദൈവാലയത്തിൽ കർത്താവിന്റെ മഹനീയസാന്നിധ്യം ഉണ്ടായിരുന്നു. അതു ജനത്തിന് അനുഭവിക്കാൻ കഴിഞ്ഞിരുന്നു.

## പ്രകാശിക്കുന്ന പ്രിയപുത്രൻ

ദൈവത്തിന്റെ ചൈതന്യം നിറഞ്ഞ ഈശോയെ അതിന്റെ യഥാർത്ഥ രീതിയിൽ ദർശിക്കാൻ ശിഷ്യന്മാർക്കു ലഭിച്ച അവസരമാണ് രൂപാന്തരീകരണം (മർക്കോ. 9:2-13). മോശയിൽ ദൈവത്തിന്റെ തേജസ്സു പ്രകാശിച്ചതുപോലെ, ദൈവാലയത്തിൽ പ്രവാചകന്മാർ ദർശിക്കുന്നതുപോലെ ദൈവമഹത്ത്വം ഈശോയിൽ ശിഷ്യന്മാർ ദർശിക്കുന്നു. ദൈവത്തിന്റെ അവർണനീയവും തേജസ്സുറ്റതുമായ സാന്നിധ്യം ദർശിക്കുന്ന അവസരങ്ങളിലെല്ലാം സംഭവിക്കുന്നതുപോലെ (പുറ. 34:30, 2 ദിന. 5:14) രൂപാന്തരീകരണത്തിലും ശിഷ്യന്മാർക്കു ഭയമുണ്ടാകുന്നു. കർത്താവിന്റെ മഹത്ത്വത്തിന്റെ സാന്നിധ്യം ഭീതിജനകമായി തോന്നാമെങ്കിലും അതനുഭവിക്കുന്ന ജനത്തിനും പ്രവാചകന്മാർക്കും ശിഷ്യന്മാർക്കും അതു മനസ്സുനിറയുന്ന അനുഭവമാണ്. അതുകൊണ്ടാണ്, ഭീതിജനകമെന്നും ഭയപ്പെടുത്തുന്നതെന്നും പറയുന്നുണ്ടെങ്കിലും അവർ ഓടിപ്പോകാത്തതും ആ അനുഭവം നിരസിക്കാത്തതും. ആ ദൈവികാനുഭവത്തിൽ ആയിരിക്കാനുള്ള വഴിതേടുകയാണ് ജനവും പ്രവാചകരും ശിഷ്യന്മാരും." ഗുരോ, നാം ഇവിടെയായിരിക്കുന്നതു നല്ലതാണ്" (9:5).



## പ്രകാശിക്കുന്ന ശരീരം

മോശയിൽ കാണപ്പെട്ട ദൈവികപ്രകാശത്തെക്കുറിച്ചും ദൈവാലയത്തിലെ ദൈവികചൈതന്യത്തെക്കുറിച്ചും പറഞ്ഞുകൊണ്ട് സഭ മനുഷ്യനു സംഭവിക്കാവുന്ന ദൈവികമായ മാറ്റത്തെക്കുറിച്ചുള്ള അവലോകനത്തിന് പൗലോസ് ശ്ലീഹായുടെ വാക്കുകളെ ആശ്രയിക്കുന്നു (1 കോറി. 15: 35-50). ഭൗതികശരീരങ്ങളുടെ തേജസ്സിൽനിന്നു സ്വർഗീയശരീരങ്ങളുടെ തേജസ്സിലേക്കു മാറ്റപ്പെടേണ്ടവരാണ് നാം. ഈശോയുടെ രൂപാന്തരീകരണം അവിടത്തെ ഉത്ഥാനശേഷമുള്ള മഹത്ത്വീകൃതമായ ശരീരത്തിന്റെ മുന്നാസ്വാദനമായിരുന്നു. ഈശോയുടേതുപോലുള്ള ഉത്ഥാനം മരണശേഷം നമുക്കും ഉണ്ടാകുമെന്നത് അവിടത്തെ വാഗ്ദാനമാണ്. ആ വാഗ്ദാനത്തിന്റെ ഫലപ്രാപ്തിക്കായി നമുക്കൊരുങ്ങാം... പ്രാർത്ഥിക്കാം.

**കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ**



ചപ്പാത്ത്, അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ
(ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# വയൽക്കിളി പാടുന്നൂ, ഓണമെത്തി!



വത്സല നിലമ്പൂർ

അതിശക്തനും ആയോധന കലാവിരുതനും മികച്ച ഭരണാധികാരിയുമായിരുന്ന മഹാബലിയെ കുടവയറനും കുള്ളനും ഒക്കെയായി ചിത്രീകരിച്ചുകൊണ്ടുള്ള കാർട്ടൂണുകളും സ്റ്റിക്കറുകളും മാർക്കറ്റിൽ ഒരുങ്ങുകയായി, ഓണത്തെ വരവേൽക്കാൻ. പക്ഷേ, തെക്കൻപ്രവിശ്യയുടെ അസുരവംശജനായ ഈ ചക്രവർത്തിയെ ആരും മനസ്സിലാക്കുന്നില്ല.

ഓണം, വഞ്ചനയാൽ പാതാളത്തിലേക്ക്



ചവിട്ടിത്താഴ്ത്തപ്പെട്ട മഹാബലിയുടെ ഓർമദിനമാണ്. അന്നേദിവസം മഹാബലിയെയും മഹാവിഷ്ണുവിനെയും ആഘോഷങ്ങളെയും ജീവിതത്തിൽനിന്നു മാറ്റിനിറുത്താനാകാത്ത മലയാളി അടിച്ചുപൊളിച്ച് ആഘോഷിക്കുന്നു. ശ്രീബുദ്ധനെ ബന്ധപ്പെടുത്തിയും ഓണക്കഥ നിലനിൽക്കുന്നുണ്ട്. പൂർവാശ്രമത്തിൽ ശ്രീബുദ്ധൻ സിദ്ധാർത്ഥൻ എന്ന രാജകുമാരനായിരുന്നു. ശ്രാവണമാസത്തിലെ തിരുവോണനാളിൽ ബോധോദയം ഉണ്ടായാണ് സിദ്ധാർത്ഥൻ ശ്രീബുദ്ധൻ എന്ന സന്ന്യാസിയായി മാറുന്നത്. ഈ ശ്രാവണപദസ്വീകാരം പണ്ട് കേരളത്തിൽ ആഘോഷിച്ചിരുന്നുവെന്ന് ബുദ്ധമതവിശ്വാസികൾ പറയുന്നു. ശ്രാവണമാണ് പിന്നീട് ഓണം എന്ന പേരിൽ അറിയപ്പെട്ടതത്രേ.

ചേരമാൻ പെരുമാളും ഓണവും തമ്മിലുള്ള മറ്റൊരു കഥയും നിലവിലുണ്ട്. ചിങ്ങമാസത്തിലെ തിരുവോണനാളിലാണ് പെരുമാൾ ഇസ്ലാം മതം സ്വീകരിച്ച് മക്കത്തുപോയതെന്നാണു കഥ. ഇതിന്റെ ഓർമദിവസമാണ് ഓണമെന്നും പറയുന്നു.

സമുദ്രഗുപ്തനും ഓണവും തമ്മിലുള്ള ബന്ധം അധികമാരും കേട്ടിട്ടുണ്ടാകില്ല.

തൃക്കാക്കരക്ഷേത്രവും ഓണവും തമ്മിലും ദൃഢമായ ബന്ധമുണ്ട് വാമനൻ പ്രധാന പ്രതിഷ്ഠയായുള്ള ക്ഷേത്രങ്ങൾ വളരെ വിരളമാണ് കേരളത്തിൽ. അതിൽ ഒന്നാണ്, തൃക്കാക്കര വാമനമൂർത്തി ക്ഷേത്രം. ഈ ക്ഷേത്രത്തിലെ പ്രധാന ഉത്സവം ഓണംതന്നെയാണ്. ഇവിടത്തെ ഓണസദ്യയും വളരെ കേമമാണ്. മഹാബലിയുടെ ആസ്ഥാനം തൃക്കാക്കരയായിരുന്നുവെന്ന് ഐതിഹ്യം പറയുന്നു

ഓണസദ്യ തയ്യാറാക്കാൻ നാട് ഒന്നായി ഒരുങ്ങിയിരുന്ന കാലമൊക്കെ മാറി. വറുക്കലും പൊരിക്കലും മസാല പൊടിക്കലും സുഗന്ധത്തോടെ അടുക്കളകളിൽ നിറഞ്ഞുനിന്നിരുന്ന കാലം പഴമനസ്സുകളിൽ ഓർമ മാത്രം.

അമ്മൂമ്മയുടെ പുളിമരവിറക് എരിയുന്ന അടുപ്പുകളും അതിന്മേൽ വെളിച്ചെണ്ണ തിളയ്ക്കുന്ന ഓട്ടുരുളികളും അതിൽ മൊരിച്ചു കോരുന്ന സ്വർണനാണയങ്ങളെപ്പോലുള്ള ഏത്തക്കാ ചിപ്സും വലിയ വടുകപ്പുളി നാരങ്ങ അച്ചാറിന്റെ രുചിയും പായസങ്ങളുടെ വൈവിധ്യമാർന്ന നിറവും മനസ്സു നിറച്ചിരുന്ന കാലം അകലെയാണ്.

ഉത്രാടപ്പാച്ചിൽ ഓൺലൈനിലൂടെ മാളുകളെ തേടിയാണ്.

ചോറുമുതൽ പാലടവരെ മേശപ്പുറത്തു നിരക്കും. ഇനി കേൾക്കാം, പൂക്കളമിടാനും തയ്യാറായി ഇവന്റ് മാനേജ്മെന്റ് മുറ്റത്ത് എത്തിത്തുടങ്ങിയെന്ന്.

ഓണാഘോഷങ്ങൾ ഓരോ ദേശത്തെയും ആശ്രയിച്ചാണ്.

നദികളും കായലുകളും നിറഞ്ഞ ദേശങ്ങളിൽ വള്ളംകളികളായും വിശാലമായ പുരപ്പറമ്പുകളുള്ള ഇടങ്ങളിൽ പുലികളിയും വാദ്യമേളങ്ങളുമായും ഗ്രാമീണാന്തരീക്ഷത്തിൽ തിരുവാതിരകളിയായും ഓണം പൊടിപാറുമായിരുന്നു. ഇന്ന് ഈ ആഘോഷങ്ങളെല്ലാം ക്ലബുകളും ടൂറിസം വകുപ്പും ഏറ്റെടുത്തതോടെ അവയുടെ ആത്മാവ് നഷ്ടപ്പെട്ടു. റിഹേഴ്സലും പെർഫോമൻസുമായി എല്ലാം മാറി.

വാമനജയന്തി എന്ന ഒരു പേരും ഓണത്തിനുണ്ട്. തൃക്കാക്കരയുടെ മഹത്ത്വം കേട്ടറിഞ്ഞ കപിലമഹർഷി മഹാവിഷ്ണുവിനെ പ്രീതിപ്പെടുത്താനായി ഇവിടെയെത്തി കഠിനതപസ്സനുഷ്ഠിച്ചു. തപസ്സിൽ സംപ്രീതനായ മഹാവിഷ്ണു പ്രത്യക്ഷപ്പെട്ട് മഹർഷിയുടെ ആഗ്രഹപ്രകാരം ഇവിടെത്തന്നെ പ്രതിഷ്ഠയാകാൻ തീരുമാനിച്ചു.

വാമനാവതാരം പൂണ്ട മഹാവിഷ്ണുവിന്റെ പാദം വന്നുപതിച്ച സ്ഥലം എന്ന അർത്ഥത്തിലാണ് തിരുക്കാൽക്കര എന്ന പേര് ഈ സ്ഥലത്തിനു വന്നതത്രേ.

പൊന്നോണത്തിന് ഒരു ചരിത്രകഥ കൂടിയുണ്ട്.

കർക്കിടകമെന്ന പഞ്ഞമാസം കഴിഞ്ഞ്, മാനം തെളിയുന്ന ഈ കാലത്താണ്, വിദേശകപ്പലുകൾ പണ്ട് സുഗന്ധദ്രവ്യവ്യാപാരത്തിനായി കേരളത്തിൽ കൂടുതലായി അടുത്തിരുന്നത്. മഴമാറി വാണിജ്യം പുനരാരംഭിക്കുന്ന ശ്രാവണമാസത്തിലെ തിരുവോണനാളിൽ ദൂരെ നങ്കൂരമിട്ടുകിടക്കുന്ന കപ്പലുകൾ സ്വർണപ്പണവുമായി തുറമുഖത്തെത്തുന്നു. അങ്ങനെ സ്വർണനാണയം കൊണ്ടുവന്നിരുന്ന ഈ മാസത്തെ പൊന്നിൻചിങ്ങമാസമെന്നും, ഓണത്തെ പൊന്നോണമെന്നും വിളിക്കാൻ കാരണമായി എന്നു പറയപ്പെടുന്നു.

■




കവിത
കെ.എം. മാനുവൽ



# പൊന്നോണം വരവായി

പൊന്നോണനാളിൽ, മാവേലിമന്നൻ
മന്നിൽ വിളങ്ങും മെതിയടിമേൽ
രത്നം പതിപ്പിച്ച, പൊൻകിരീടം
മുത്തുക്കുട പോലൊരാലക്കുട.
    പൊന്നോണനാളിലെ സദ്യയുണ്ണാൻ
    അല്പമകലത്തണിനിരക്കാം.
    തൂശനില നന്നായ് വൃത്തിയാക്കി
    ലേശമതിൻ തുമ്പൊടിച്ചുവയ്ക്കാം.
പിന്നാലെ 'ലൈനിൽ' വിളമ്പുകാരും
മുന്നാൾ വിളമ്പട്ടെ ഉപ്പൊരല്പം
ഉപ്പേരി കൊണ്ടാട്ടം പപ്പടവും
കുപ്പിയിൽ... നാടൻ പനമ്പാനിയും!
    ചോറു വിളമ്പാൻ അറിഞ്ഞിടേണം
    കൂമ്പാരമായ് ഇല മധ്യേ വേണം.
    ഗോക്കൾതൻ ശുദ്ധമാം നെയ്യുവേണം,
    ചേർത്തുകഴിക്കാൻ പരിപ്പുവേണം.
പിച്ചളക്കിണ്ടിയിൽ പച്ചവെള്ളം
പിച്ചനടപ്പോനും കൈകഴുകി
കുട്ടികൾക്കാദ്യമേ പപ്പടങ്ങൾ
ആനപോൽ കുട്ടിപോൽ പപ്പടങ്ങൾ
    തോരനവിയലും സാമ്പാറതും
    മാങ്ങാക്കറിക്കെന്തു നല്ല പുളി
    കാരറ്റും കുക്കമ്പർ വെള്ളപ്ലേറ്റിൽ
    നാരങ്ങാ, തുണ്ടായ് മുറിച്ചും നീരും
അച്ചാറും, പച്ചടി, ഇഞ്ചിക്കറി;
അച്ചിങ്ങാ, ഇത്രയ്ക്കു നല്ല കറി!
തീയലും, പാവൽ മെഴുക്കിയതും
ചേനയിൽ, തേങ്ങാ, എരിശ്ശേരിയും!
    തക്കാളിച്ചാറിൻ, നിറം-മണവും;
    മുത്തു ചുവക്കും ചുവന്നുള്ളി-തൻ
    മാങ്ങാപ്പഴം! സ്വല്പം പൈനാപ്പിളും;
    കൊത്തിയരിഞ്ഞൊരു വമ്പൻകറി!
"ആയിരം രൂപയോ, ഒറ്റക്കിലോ?"
കാന്താരി! ഞെട്ടോടെ നാരങ്ങയിൽ!
നല്ലെണ്ണയിൽ മുത്ത, വെൺ-ഉലുവ;
പൊട്ടുംകടുകിൻ, സുഗന്ധമതും!
    ഓണത്തുമ്പിക്കൊ, രൂഞ്ഞാലുവേണം,
    ഓലേഞ്ഞാലിക്കിളി,പ്പാട്ടുവേണം,
    ഓടക്കുഴൽവിളി, രാഗത്തിലും
    ഒത്തുല്ലോരോമന, "തുമ്പികളി!"
കോലടിപ്പാട്ടുകൾ പാടീടേണം;
"കോലൊച്ച!" താളത്തിൽ കെട്ടീടേണം!
കാലിൽ ചിലങ്കയും, സെറ്റുസാരി;
കൈകൊട്ടിപ്പാട്ടിൽ, ലയിച്ചീടേണം!
    ഏതേതോ, ദൂരത്തഗാധങ്ങളിൽ;
    വാഴുന്ന മാവേലിത്തമ്പുരാനേ..;
    "ഉള്ളതുകൊണ്ടൊന്നും, ഓണംപോലെ!"
    ജീവിക്കാൻ, നിൻകഥ! പുണ്യമല്ലോ?

# തുയിലുണർത്തും ഓണപ്പാട്ടുകൾ

'പൂവിളി പൂവിളി പൊന്നോണമായി' എന്നു മലയാളികളെ പാടാൻ പഠിപ്പിച്ച അതുല്യപ്രതിഭയാണ് ശ്രീകുമാരൻ തമ്പി. ഓണത്തിന്റെ എല്ലാ സമൃദ്ധിയും സംസ്കാരവും ആഘോഷങ്ങളുമെല്ലാം തന്റെ വരികളിലൂടെ ആസ്വാദകന്റെ ഹൃദയത്തിൽ വരച്ചിട്ട കവി. ജാതിമതഭേദമെന്യേ മലയാളി കൊണ്ടാടുന്ന മഹോത്സവത്തിനെ ഹൃദയംകൊണ്ടു സ്വീകരിച്ച എഴുത്തുകാരനാണ് അ



ശ്രീകുമാരൻ തമ്പി

ദ്ദേഹം. മലയാളസിനിമയിൽ ഏറ്റവും കൂടുതൽ ഓണപ്പാട്ടുകൾ എഴുതിയ കവിയും ശ്രീകുമാരൻ തമ്പിതന്നെ. ബാല്യകാലത്തെ ഓണസ്മരണകൾതന്നെയാണ് അദ്ദേഹത്തെ മധുരിതമായ ഗാനങ്ങൾ എഴുതാൻ പ്രാപ്തനാക്കിയത്.

'തുയിലുണരൂ, തുയിലുണരൂ തുമ്പികളേ... തുമ്പപ്പൂങ്കാട്ടിലെ വീണകളേ...' ശ്രീകുമാരൻ തമ്പിയുടെ ആദ്യ ഓണപ്പാട്ട് ഇതായിരുന്നു. 'ഓണക്കോടിയുടുത്തു മാനം മേഘക്കസവാലേ...' എന്ന മറ്റൊരു പാട്ടും അദ്ദേഹത്തിന്റെ തൂലികയിൽനിന്നു പിറവിയെടുത്തു. എച്ച്.എം.വി. ആയിരുന്നു ആ ആൽബം പുറത്തിറക്കിയത്. തുടർന്നങ്ങോട്ട് ഓണത്തിന്റെ മനോഹാരിത വിളിച്ചോതുന്ന നിരവധി ഗാനങ്ങൾ അദ്ദേഹത്തിന്റെ തൂലികയിൽനിന്ന് ഉതിർന്നുവീണു. ഒടുവിൽ, ഓണത്തിനോടുള്ള പ്രണയംമൂത്ത് തിരുവോണം എന്ന പേരിൽ ഒരു സിനിമകൂടി അദ്ദേഹം സംവിധാനം ചെയ്തു. അദ്ദേഹംതന്നെയാണ് ഈ സിനിമയുടെ കഥയും തിരക്കഥയുമെഴുതിയത് (1975, നിർമാണം കെ.പി. മോഹനൻ). അഭിനയ ഇതിഹാസങ്ങളായ പ്രേംനസീറും കമലഹാസനും ഒന്നിച്ചഭിനയിച്ച ഏകചിത്രവും ഇതാണ്.

'കേരളം കേരളം...' എന്നു തുടങ്ങുന്ന ഗാനം മൂളാത്ത മലയാളികൾ ഉണ്ടാവില്ല. വിഷുക്കണി എന്ന ചിത്രത്തിൽ (1977) സലിൽ ചൗധരി - ശ്രീകുമാരൻ തമ്പി കൂട്ടുകെട്ടിൽ പിറന്നതാണ് 'പൂവിളി പൂവിളി പൊന്നോണമായി...' എന്ന ഗാനം. ഓണത്തെയും കാർഷികസംസ്കാരത്തെയും ഒരുപാട് സ്നേഹിച്ച എഴുത്തുകാരനും ബഹുമുഖപ്രതിഭയുമാണ് ശ്രീകുമാരൻ തമ്പി.

ഓണം ഇപ്പോൾ ചില പ്രതീകങ്ങൾ മാത്രമായി. ഓണം ഒരു കൂട്ടായ്മയുടെ ആഘോഷമാണ്, കുട്ടികളുടെ ആഘോഷമാണ്. ഓണക്കോടികൾ, ഓണക്കളികൾ, പൂക്കളം, ഊഞ്ഞാൽ, ഓണസദ്യ, ഓണപ്പാട്ട് തുടങ്ങി വലിയ ആഘോഷങ്ങളുടെ ഒരോർമയാണ് ഓണം. ഒരിക്കലും തിരിച്ചുവരാത്ത സുന്ദരനിമിഷങ്ങളുടെ ഓർമപ്പെടുത്തലാണ് ശ്രീകുമാരൻ തമ്പിയുടെ ഓരോ ഓണപ്പാട്ടും.

ഓണത്തെക്കുറിച്ചു ചോദിച്ചാൽ ഇന്നു റെഡിമെയ്ഡ് ഓണമല്ലേ എന്നാണ് ശ്രീകുമാരൻ തമ്പിയുടെ മറുപടി. പണ്ടൊക്കെ തിരുവോണനാളിൽ ജനം പുറത്തിറങ്ങില്ല. ഇന്നു നഗരങ്ങളിൽ തിരുവോണനാളിലാണ് വൻതിരക്ക്. ഹോട്ടലുകളിൽനിന്നു പാഴ്സൽ വാങ്ങുന്നതാണ് നഗരത്തിലെ തിരുവോണസദ്യ. പണ്ടൊക്കെ അടുക്കളയിൽനിന്നു തുടങ്ങുമായിരുന്നു ഓണത്തിരക്ക്. ഉത്രാടപ്പാച്ചിലുകൾ ഇന്നില്ല. എല്ലാവർക്കും തിരക്കാണ്. കൂട്ടുകുടുംബവ്യവസ്ഥിതി മാറിയതോടെ ഓണം അന്യംനിന്നുപോയി. ഞാനും എന്റെ ഭാര്യയും കുട്ടികളും എന്ന ചുരുക്കത്തിലേക്ക് മലയാളികളുടെ ഓണം മാറി.

ഓണത്തെ നെഞ്ചോടുചേർത്ത ശ്രീകുമാരൻ തമ്പിയെന്ന എഴുത്തുകാരന് റെഡിമെയ്ഡ് ഓണത്തിനോടു താത്പര്യമില്ല. കുടുംബത്തോടൊപ്പം പഴയ ഓർമകൾ പങ്കുവച്ച് തിരുവോണം ആഘോഷിക്കുന്നതാണ് അദ്ദേഹത്തിനിഷ്ടം. തിരുവോണത്തിന് രണ്ടു ദിവസംമുമ്പ് എല്ലാ തിരക്കുകളും മാറ്റിവച്ച് അദ്ദേഹം ചെന്നൈയിലെ കുടുംബവീട്ടിലേക്കു പോകും. അവിടെ കുടുംബത്തോടൊപ്പം ഇത്തവണയും ഓണമാഘോഷിക്കും.

■രഞ്ജിത്ത് കെ.ജി.

ശ്രേഷ്ഠമലയാളം
ഡോ. ഡേവിസ് സേവ്യർ

# എട്ടുനോമ്പ്



കന്യാമാതാവിന്റെ ജന്മദിനത്തോട് അനുബന്ധിച്ച് സെപ്റ്റംബർ ഒന്നുമുതൽ എട്ടുവരെ ക്രൈസ്തവർ ആചരിക്കുന്ന വ്രതമാണ് എട്ടുനേമ്പ് അഥവാ നോയമ്പ്. കന്യാമേരിയുടെ നാമത്തിലുള്ള ദേവാലയങ്ങളിലാണ് എട്ടുനോമ്പ് ആചരിക്കാറുള്ളത്. ബാവൂസാനോമ്പ് എന്നും ഇതിനു പേരുണ്ട്. ബാവൂസ എന്നത് ഒരു കൽദായ സുറിയാനിപ്പദമാണ്. പ്രാർത്ഥന, യാചന, അപേക്ഷ എന്നൊക്കെയാണർത്ഥം. പ്രാർത്ഥനയോടുകൂടിയ ഉപവാസമാണ് ബാവൂസാനോമ്പ്*.

കേരളത്തിൽ എട്ടുനോമ്പ് ആചരിച്ചു തുടങ്ങിയത് 9-ാം നൂറ്റാണ്ടിലാണ്. മുഹമ്മദിയൻ കൊടുങ്ങല്ലൂർ നശിപ്പിച്ചപ്പോൾ (പള്ളികൾ, അങ്ങാടികൾ, വീടുകൾ, കന്യകാത്വം നഷ്ടപ്പെടാതിരിക്കാൻ വേണ്ടി നസ്രാണിയുവതികൾ ആചരിച്ചു തുടങ്ങിയ വ്രതമത്രേ എട്ടുനോമ്പ്. പോർട്ടുഗീസുകാരുടെ അധാർമികബന്ധങ്ങളിൽപ്പെട്ടുപോകാതിരിക്കാൻവേണ്ടി കൊടുങ്ങല്ലൂരിലെ സ്ത്രീകൾ ആചരിച്ചു തുടങ്ങിയ വ്രതമാണ് എട്ടുനോമ്പ് എന്നൊരു വിശ്വാസവും നിലവിലുണ്ട്.

നോമ്പാചരണത്തിന്റെ പിന്നിലെ ചരിത്രവസ്തുതകൾ എന്തായാലും എട്ടുദിവസം ഉപവാസവും പ്രാർത്ഥനയുമായി കേരളത്തിലെ സ്ത്രീകൾ ആചരിക്കുന്ന അനുഷ്ഠാനമാണ് എട്ടുനോമ്പ്. എട്ടുനോമ്പ് എന്ന സമസ്തപദത്തെ 'എട്ടു നോമ്പ്' എന്നിങ്ങനെ വിശ്ലേഷിച്ച് എഴുതരുത്. എട്ട്, നോമ്പ് - ഇവ ചേർത്തെഴുതുമ്പോൾ എട്ട് എന്നതിന്റെ ഒടുവിലുള്ള സംവൃതമായ (അടക്കിയുച്ചരിക്കേണ്ട) ഉകാരം വിവൃതമായ (തുറന്നുച്ചരിക്കേണ്ട) ഉകാരമായി മാറും. അങ്ങനെ എട്ട്, നോമ്പ് സമാസിക്കുമ്പോൾ എട്ടുനോമ്പ് എന്ന ശുദ്ധരൂപം കിട്ടുന്നു. മൂന്നുമാസങ്ങൾക്കുമുമ്പ് എന്നു ചേർത്തെഴുതണം. വന്നു കണ്ടു കീഴടക്കി ചെന്നു കണ്ടു പറഞ്ഞു, കണ്ടുകൊണ്ടാടി, കേട്ടുമടുത്തി... വന്നു കണ്ടു കീഴടക്കി മൂന്നും പൂർണക്രിയകൾ. "മലയാളത്തിലാകട്ടെ/ പുരുഷാപേക്ഷയെന്നിയേ/ വിനയെച്ചമുറപ്പിച്ചാ/ ഖ്യാതമതുതന്നെയാം/ വിവൃതം ദീർഘയോഗ്യതാം, പ്രാധാന്യത്തിനു ലക്ഷണം" ** എന്നാണല്ലോ കേരളപാണിനീയമതവും. അതായത്, മലയാളത്തിൽ പൂർണക്രിയ ഉണ്ടാകാൻ ധാതുവിനോട് കാലപ്രത്യയം ചേർക്കുമ്പോൾ ഉണ്ടാകുന്ന വിനയെച്ചത്തെ ബലപ്പെടുത്തിയാൽ മതിയാകും. വിനയെച്ചം ഉറപ്പിക്കുമ്പോൾ അർത്ഥപരമായ പ്രാധാന്യം കിട്ടുകയും അങ്ങനെ അത് മുറ്റുവിനയായി പരിണമിക്കുകയും ചെയ്യുന്നു. അന്ത്യസ്വരത്തെ വിവൃതമാക്കിയും അതിനെ ദീർഘിപ്പിച്ചുമാണ് പ്രാധാന്യം കൈവരുത്തേണ്ടത്.

* ജോർജ് കുരുക്കൂർ, ഡോ., ക്രൈസ്തവശബ്ദകോശം, പി.ഒ.സി. പ്രസിദ്ധീകരണം, 2002, പുറം-179.

** രാജരാജവർമ്മ ഏ.ആർ. കേരള പാണിനീയം, എൻ.ബി.എസ്. കോട്ടയം, 1988, പുറം - 207.

# ഇതാ, നിന്റെ അമ്മ!

## എട്ടുനോമ്പ് : ആരംഭവും അർത്ഥവും

ഡോ. സി. വെള്ളരിങ്ങാട്ട്



സീറോ മലബാർ സഭയിൽ മൂന്നുനോമ്പ്, എട്ടുനോമ്പ്, പതിനഞ്ചു നോമ്പ് എന്നിങ്ങനെ പല നോമ്പാചാരണങ്ങളുണ്ടായിരുന്നു. ഇന്ന് പലതും ഇല്ലാതായി വരുന്നു! ക്രിസ്തീയജീവിതം താപസജീവിതമാണ് എന്ന് ത്രെന്തോസ് സൂനഹദോസ് (1545-1563) പറഞ്ഞുവച്ചത് വിസ്മരിച്ചതുപോലെയായി. അതു വീണ്ടെടുക്കണം. കാരണം, നോമ്പാചരണം നമ്മെ വിശുദ്ധീകരിക്കും.

സെപ്റ്റംബർ 8 പരിശുദ്ധ കന്യകാമാതാവിന്റെ ജന്മദിനമായി നാം ആചരിക്കുന്നു. യേശുവിന്റെ അമ്മയുടെയും നമ്മുടെ സ്വർഗീയ അമ്മയുടെയും ജന്മദിനം. മറിയം ജനിച്ചത് സാർവത്രിക മധ്യസ്ഥയാകാനും യേശുവിന്റെ രക്ഷാകരവേലയിൽ പങ്കുചേരാനുമാണ്. മറിയം എന്ന സുറിയാനി പദത്തിനർത്ഥം ശ്രേഷ്ഠം, ഉന്നതം എന്നാണ്.

**ആരംഭം**

ചരിത്രം ഇങ്ങനെ പറയുന്നു: ഏഴാം നൂറ്റാണ്ടിൽ ബസ്രാ എന്ന സ്ഥലത്തിനടുത്ത് ഹീര എന്ന ഒരു നഗരമുണ്ടായിരുന്നു. ആളുകൾ നല്ല ശതമാനവും ക്രിസ്ത്യാനികൾ. ഒരിക്കൽ ബാഗ്ദാദിലെ ഖാലിഫ് ഈ പട്ടണം പിടിച്ചടക്കി; തീവ്രവാദിയായ ഒരു മുസ്ലീമിനെ അവിടെ ഗവർണറായി നിയമിക്കുകയും ചെയ്തു. ഖാലിഫ് നിഷ്ഠുരനും സ്ത്രീലമ്പടനുമായിരുന്നു. ഓരോ മൂന്നു ദിവസവും ഖാലിഫ് ഹീരയിലെത്തും. സ്ത്രീകളെ തേടിയായിരുന്നു ഈ വരവ്. ഈ ദുസ്ഥിതിയിൽനിന്നു രക്ഷപ്പെടാൻവേണ്ടി വനിതകൾ സ്ഥലത്തുള്ള പരിശുദ്ധ കന്യകയുടെ ദേവാലയത്തിൽ ഓടിക്കൂടി, മാതാവിന്റെ സഹായം യാചിച്ചുകൊണ്ട് തീക്ഷ്ണമായി പ്രാർത്ഥിച്ചു. സഹായലബ്ധിക്കായി അവിടുത്തെ വികാരിയച്ചൻ മൂന്നുദിവസത്തെ കഠിനനോമ്പാചരണം പ്രഖ്യാപിച്ചു.

മൂന്നാംദിനം കുർബാനമധ്യേ ഒരു സുവർണപ്രകാശം പള്ളിയെ ശോഭായമാനമാക്കി. വൈദികനു മാതാവിന്റെ ദർശനമുണ്ടായി എന്നും 'ഭയപ്പെടേണ്ട, സന്തോഷമായിരിക്കുക, ഖാലിഫ് ജീവിച്ചിരിപ്പില്ല' എന്ന് മാതാവ് പറഞ്ഞു എന്നും പറയപ്പെടുന്നു. വൈദികൻ ഈ വിവരം വിശ്വാസികളെ അറിയിച്ചു. അവർ ദൈവത്തെ സ്തുതിച്ചു; അമലോദ്ഭവ മാതാവിനു ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

**എട്ടുനോമ്പ്**

ഈ സംഭവത്തിന്റെ സ്മരണയ്ക്കായി എട്ടു ദിവസത്തെ നോമ്പാചരിക്കാൻ സ്ത്രീകൾ തീരുമാനിച്ചു. കാരണം, തങ്ങളുടെ അഭിമാനവും കന്യാത്വവും എല്ലാം അമലോദ്ഭവമാതാവ് കാത്തുസൂക്ഷിക്കുമെന്ന് അവർ വിശ്വസിച്ചു. മാതാവിനോടുള്ള ഭക്തിയും നോമ്പാചാരണവും ക്രമേണ വർദ്ധിച്ചുവന്നു.

ഈ വിശ്വാസം അന്ധമായ ഒന്നല്ല; യുക്തിസഹമാണ്. അതായത്, അമലോദ്ഭവയും നിത്യകന്യകയുമായ മാതാവിന് സ്ത്രീയെ സംബന്ധിച്ച എല്ലാ ആശയഭിലാഷങ്ങളും അറിയാം; അവയെ സംബന്ധിച്ച് വേണ്ടതെല്ലാം പരിശുദ്ധ അമ്മ ചെയ്യാതിരിക്കില്ല. അതാണ് തന്നെ വിളിച്ച് കരഞ്ഞവർക്കുവേണ്ടി പരിശുദ്ധ അമ്മ ചെയ്തത്.

സീറോ മലബാർ സഭയിൽ എട്ടുനോമ്പ് ആചരിക്കുന്നത് സെപ്റ്റംബർ ഒന്നുമുതൽ എട്ടുവരെയുള്ള ദിവസങ്ങളിലാണ്. നമ്മുടെ ദേശത്തുവന്ന മിഷനറിമാർ മരിയഭക്തിയുടെ ഈ നോമ്പാചരണം ഇവിടെ അവതരിപ്പിച്ചു. മരിയഭക്തരായ കേരളീയൽ സസന്തോഷം അത് ഏറ്റുവാങ്ങി പ്രചരിപ്പിച്ചു.

നിത്യജീവൻ പ്രാപിക്കാൻ ദൈവത്തെ സ്നേഹിക്കണമെന്ന് ഈശോ പ്രസ്താവിച്ചു. ദൈവമനുഷ്യനായ ഈശോയെ സ്നേഹിക്കുന്നവൻ എങ്ങനെ അവിടുത്തെ അമ്മയെ സ്നേഹിക്കാതിരിക്കും? ഇതാ, നിന്റെ അമ്മ എന്ന് കുരിശിൽ കിടന്നുകൊണ്ട് ഈശോ പറഞ്ഞപ്പോൾ അതിനാലേ അവൾ മനുഷ്യരെല്ലാവരുടെയും അമ്മയായി. എങ്കിൽ ആ അമ്മയെ, പരി. മറിയത്തെ, മക്കൾ എന്ന നിലയിൽ നമ്മൾ സ്നേഹിക്കാൻ കടപ്പെട്ടവരാണ്.

എല്ലാ ഭക്തിപ്രകടനങ്ങളുടെയും കേന്ദ്രബിന്ദു ഈശോയാണ്. മരിയൻ ഭക്തി യേശുവിനെ കൂടുതൽ മഹത്ത്വപ്പെടുത്തുന്നു. ■

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,

Phone: 212498 , 211028

സഹോദരസ്ഥാപനം:

മൂഴയിൽ ബാങ്കേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ

ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

**സാന്ത്വനം**



സിസ്റ്റർ ഡോ. നിക്കോൾ എസ്.വി.എം

# താരതമ്യം അരുത്

ആകാശിന്റെ പിരുപിരുപ്പുള്ള സ്വഭാവം സഹിക്കാതായപ്പോൾ ക്ലാസ് റ്റീച്ചർ അമ്മയെ വിളിച്ച് അവനെ കൗൺസലിങ്ങിനു കൊണ്ടുപോകണം എന്നു പറഞ്ഞതുകൊണ്ട് കുട്ടിയുമായി വന്നതാണ് ആ അമ്മ. ആകാശിന്റെ അമ്മയ്ക്കും അവനെക്കുറിച്ചു ധാരാളം പരാതികൾ ഉണ്ടായിരുന്നു. മൂന്നാം ക്ലാസിൽ പഠിക്കുന്ന കുട്ടി എല്ലാം മറന്നുപോകുന്നു. ഒന്നും ശ്രദ്ധിക്കുന്നില്ല, വല്ലതും പറഞ്ഞാൽ ദേഷ്യം, എടുത്തുചാടിയുള്ള സംസാരം, ഇതെല്ലാം പോരാഞ്ഞിട്ട് ഒന്നും പഠിക്കുകയുമില്ല. ഇങ്ങനെ ഒരുപാടു സങ്കടവും ദേഷ്യവും നിറഞ്ഞ ഒരു പരാതിക്കൂമ്പാരമായിരുന്നു ആ അമ്മയ്ക്കു പറയാനുണ്ടായിരുന്നത്.

ഈ പരാതികളെല്ലാം വളരെ ശ്രദ്ധിച്ചു കേൾക്കുന്നുണ്ടായിരുന്നു ആകാശ്. നേരാണോ ആകാശ്, ഇങ്ങനാണോ എന്ന ചോദ്യത്തിനു ചെറിയ ചിരിയോടെ അവൻ സമ്മതം മൂളി. അപ്പോഴും കസേരയിൽ അടങ്ങിയിരിക്കാൻ അവൻ ബുദ്ധിമുട്ട് കാണിച്ചു. കുട്ടിയുടെ പെരുമാറ്റപ്രത്യേകതകൾ കണ്ടപ്പോഴും കേട്ടപ്പോഴും മനസ്സിലായി, അവൻ ഒരു ADHD കുട്ടിയാണെന്ന് (Attention deficit hyperactivity disorder).



ഇന്ന് സ്കൂളുകളിൽ ADHD ഉള്ള കുട്ടികൾ ഏകദേശം പത്ത് അല്ലെങ്കിൽ പതിനഞ്ചു ശതമാനം വരും. ADHD ഉണ്ടാകുന്നതിനു വ്യക്തമായ കാരണങ്ങളൊന്നുമില്ലെങ്കിലും ജനിതകം (Genetics) ആകാം; അതുപോലെ പാരമ്പര്യവും കാരണമാകാം. കൂടുതലായും ഇതു പാരമ്പര്യമായി വരുന്നു.

ചില ക്ലിനിക്കൽ പഠനങ്ങൾ പറയുന്നത്, ADHD ഒരു പെരുമാറ്റവൈകല്യമോ മാനസികരോഗമോ പഠനവൈകല്യമോ അല്ലെന്നാണ്.

ADHD യുടെ ലക്ഷണങ്ങൾ ശ്രദ്ധക്കുറവ്, ഏകാഗ്രതക്കുറവ്. സമയനിഷ്ഠയില്ലായ്മ, എടുത്തുചാട്ടമുള്ള പ്രകൃതം, അതിശയിപ്പിക്കുന്ന വികാരപ്രകടനം, പിരുപിരുപ്പ് എന്നിവയായി കരുതപ്പെടുന്നു. തലച്ചോറിന്റെ പ്രവർത്തനത്തകരാറുമൂലമാണ് ഇതുണ്ടാകുന്നത്. നമുക്ക് റൈറ്റ് ബ്രെയ്നും ലെഫ്റ്റ് ബ്രെയിനുമാണുള്ളത്. ഇതിലെ ലെഫ്റ്റ് ബ്രെയിനിന്റെ പ്രവർത്തനക്കുറവാണ് ADHD കുട്ടികളിൽ കാണുന്നത്. അതുകൊണ്ടാണ് ഈ കുട്ടികൾ പഠനത്തിൽ പിന്നാക്കം, ശ്രദ്ധക്കുറവ്, ഓർമക്കുറവ് ഒക്കെ കാണിക്കുന്നത്. ഒരു വയസ്സിൽ ഒരു വാക്ക്, അതായത് 'അമ്മ' 'അപ്പ'; രണ്ടു വയസ്സിൽ രണ്ടു വാക്ക്: 'ഞാൻ പോവാ' 'എനിക്കു വേണ്ട' ഇങ്ങനെയൊക്കെ സംസാരിക്കുന്നുണ്ടോ എന്നു മാതാപിതാക്കൾ ശ്രദ്ധിക്കുകയും ഇല്ലെങ്കിൽ പരിശീലിപ്പിക്കുകയും വേണം. ഓരോ പ്രായത്തിലും അതിന്റേതായ വളർച്ച കാണിക്കുന്നില്ലെങ്കിൽ പിറകിലാണെന്നു മാതാപിതാക്കൾ മനസ്സിലാക്കണം. ആൺകുട്ടികളിലാണെങ്കിൽ പിരുപിരുപ്പ് കൂടും. അടങ്ങിയിരിക്കില്ല, സാധനങ്ങൾ ശ്രദ്ധക്കുറവുമൂലം നശിപ്പിക്കും, ദേഷ്യപ്പെട്ട് മറ്റുള്ളവരെ ഉപദ്രവിക്കും. പെൺകുട്ടികളിൽ അധികം പിരുപിരുപ്പ് കാണില്ല. പക്ഷേ, ശ്രദ്ധക്കുറവിനും മറവിക്കും പഠിക്കാത്ത അവസ്ഥയ്ക്കും മാറ്റം കാണില്ല. ഉദാ. ടൈംടേബിൾ അനുസരിച്ച് പുസ്തകം എടുക്കുമ്പോൾ പലതും വിട്ടുപോകും. ഉച്ചഭക്ഷണം എടുക്കാൻ വിട്ടുപോകും. ഇതൊക്കെ ADHD കുട്ടികളുടെ പതിവാണ്.

സ്കൂളിൽ എന്നതിനെക്കാൾ വീട്ടിലാണ് പഠനകാര്യങ്ങളിലും വൈകാരിക വിഷയങ്ങളിലും ഈ കുട്ടികൾക്കു പരിശീലനം നല്കേണ്ടത്. അതിന് മാതാപിതാക്കൾക്ക് നല്ല ക്ഷമയും കരുണയും ദയയും വാത്സല്യവും ഉണ്ടാവണം. അതുപോലെ കുട്ടി മനഃപൂർവ്വം ചെയ്യുന്നതല്ല ഇത് എന്ന നല്ല ബോധ്യവും ഉണ്ടാവണം. കുട്ടികളോടുള്ള സ്നേഹം ഉള്ളിലുണ്ടായാൽപ്പോരാ, അത് പുറമേ കാണിക്കുകയും വേണം. ആദ്യമായി ചെയ്യേണ്ടത് കുട്ടി എന്തെങ്കിലും ഒരു നല്ല കാര്യം ചെയ്യുമ്പോൾ അഭിനന്ദിക്കുകയും ഒരു ചെറിയ സമ്മാനം നൽകുകയുമാണ്. രണ്ടാമത്, എന്തെങ്കിലും മോശമായ കാര്യങ്ങൾ ചെയ്താൽ ശിക്ഷിക്കുകയും അതിന്റെ വരുംവരായ്കകളെക്കുറിച്ച് പറഞ്ഞു മനസ്സിലാക്കുകയുമാണ്. കുട്ടിയുടെ എടുത്തുചാട്ടത്തെ നിയന്ത്രിക്കാനാണ് സമ്മാനം നൽകുന്നതും ശിക്ഷിക്കുന്നതും. നിങ്ങൾ വീട്ടിൽ വയ്ക്കുന്ന നിയമങ്ങൾ ലളിതവും വ്യക്തവുമായിരിക്കണം. അല്ലെങ്കിൽ കുട്ടിക്ക് അത് കേട്ടുനിൽക്കാനുള്ള ക്ഷമ കാണില്ല. ടി.വി. കാണുന്നതും മൊബൈൽ ഉപയോഗിക്കുന്നതും പരമാവധി കുറച്ച്, വരയ്ക്കാനും കളർ കൊടുക്കാനും അവസരമൊരുക്കണം. സാധാരണ ഒരാളുടെ ശ്രദ്ധിക്കുവാനുള്ള കഴിവ് 40-45 മിനിറ്റാണ്. ഈ കുട്ടികളുടേത് 5 മുതൽ 15 മിനിറ്റുവരെയാണ്. അതിനാൽ, പഠിപ്പിക്കാൻ ഇരിക്കുമ്പോൾ പതിനഞ്ചു മിനിറ്റിനുശേഷം ചെറിയ ഇടവേള നല്കണം.

വീടിനു പുറത്ത് ഇവർക്ക് ഓടിക്കളിക്കാൻ അവസരം നല്കണം. അതോടൊപ്പം ഏതു കാര്യത്തിനും ഒരു അടുക്കും ചിട്ടയും ഉണ്ടായിരിക്കാൻ പരിശീലിപ്പിക്കണം. മറ്റു കുട്ടികളുമായി ഇവരെ താരതമ്യം ചെയ്യാതിരിക്കാൻ പരമാവധി ശ്രദ്ധിക്കണം. കാരണം 'എന്നെ ഒന്നിനും കൊള്ളില്ല, ഞാൻ എന്തു ചെയ്താലും ഇങ്ങനാ, അതുകൊണ്ട് ഞാൻ ഇങ്ങനെ മതി' എന്നു ചിന്തിക്കുന്ന കുട്ടികൾ കുറവല്ല. ആവശ്യമെങ്കിൽ മരുന്നുകൾ നൽകി നിയന്ത്രണവിധേയമാക്കാം. ചികിത്സിച്ചാലും ഇല്ലെങ്കിലും പ്രായം കൂടുന്നതനുസരിച്ച് നല്ല പരിശീലനത്തിലൂടെ പിരുപിരുപ്പ് കുറയും. എന്നാൽ, ശ്രദ്ധക്കുറവും എടുത്തുചാട്ടവും ഇവരുടെകൂടെയുണ്ടാവും. ■




ഗിരീഷ് കെ. ശാന്തിപുരം

സൂര്യതാപമേറ്റു പഴുത്ത പാറപ്പുറത്തേക്കാണ് ഭടന്മാർ ദേവസഹായത്തിനെ അടിച്ചുവീഴ്ത്തിയത്. പാറപ്പുറത്തേക്കു മലർന്നു വീണ ദേവസഹായം അങ്ങനെ തന്നെ അവിടെക്കിടന്നു. എഴുന്നേൽക്കാനുള്ള ത്രാണി അദ്ദേഹത്തിനുണ്ടായിരുന്നില്ല.

പാറയുടെ ഉഷ്ണമേറ്റ് പുറത്തെ വ്രണങ്ങൾ വെന്തു. മുഖത്തെയും മാറിലെയും മുറിവുകളിലേക്കു സൂര്യജ്വാലകൾ കത്തിയിറങ്ങി. ദേവസഹായത്തിന് അകവും പുറവും പൊള്ളി. കുമിളകൾ പൊന്തി. ദേവസഹായത്തിന്റെ കാഴ്ചമങ്ങി.

ദൈവമേ, എന്റെ ദുർഘടദിനങ്ങൾ എന്ന് ഒഴിഞ്ഞുപോകും? എന്റെ പ്രാണൻ കഷ്ടതകൊണ്ട് നിറഞ്ഞിരിക്കുന്നു. എന്റെ ഹൃദയം ദുഃഖത്താൽ കലങ്ങിപ്പോകുന്നു. എന്റെ സങ്കടങ്ങളാൽ ഞാൻ ചിതറിപ്പോകാതിരിക്കാൻ അവിടുന്നു കൃപയായിരിക്കേണമേ...

തിളയ്ക്കുന്ന വെയിലിൽ, പൊള്ളുന്ന പാറപ്പുത്തു കിടന്ന് ദേവസഹായം മൗനംകൊണ്ടു പ്രാർത്ഥിച്ചു. ആ മൗനപ്രാർത്ഥനയുടെ മുഴക്കങ്ങൾ സ്വർഗത്തിലേക്കെത്തിയിരിക്കണം. ഒരു ശക്തിവന്ന് ദേവസഹായത്തിൽ നിറയാൻ തുടങ്ങി. അദ്ദേഹം സാവധാനം എഴുന്നേറ്റിരുന്നു.

അദ്ദേഹത്തിന്റെ തൊണ്ടയും നാവും ചുണ്ടും ദാഹംകൊണ്ടു പൊരിഞ്ഞു. രാജഭടന്മാർ ഇനി വെള്ളം തരുമെന്നു പ്രതീക്ഷിക്കേണ്ടതില്ല. സാത്താന്റെ പിണിയാളുകളെപ്പോലെയാണ് അവരുടെ ചെയ്തികളത്രയും.

ദേവസഹായം മുട്ടിന്മേൽനിന്നു. വിലങ്ങണിഞ്ഞ കൈകളും കണ്ണുകളും സ്വർഗത്തിലേക്കുയർത്തി.

"ദൈവപുത്രനായ യേശുദേവാ, ഭൂമിയിലെ പാപങ്ങളെ ഇല്ലാതാക്കാൻ ഗാഗുൽത്തായിൽ ഉദിച്ചുയർന്ന സൂര്യനേ... എന്റെ പീഡകരുടെ അജ്ഞതയെ പൊറുക്കണമേ... സ്വർഗസ്ഥനായ പിതാവേ, എന്റെ ദാഹത്തെ ശമിപ്പിക്കാൻ അങ്ങയുടെ കരുണാവർഷമല്ലാതെ മറ്റൊന്നും ഞാൻ കാണുന്നില്ല. സമരിയാക്കാരിയോടു കുടിപ്പാൻ ചോദിച്ച നീ എന്നെ ഉപേക്ഷിക്കരുതേ..."

ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ട് വിലങ്ങിട്ട കൈകൾ മടക്കി ഇരുമുട്ടുകൾക്കൊണ്ടും പാറയിൽ ശക്തിയായി ഇടിച്ചു. പാറപിളർന്നു. പിളർപ്പിനിടയിലൂടെ കണ്ണീർപോലെ തെളിഞ്ഞ ജലം പുറത്തേക്കു പ്രവഹിക്കാൻ തുടങ്ങി. ദേവസഹായം തന്റെ കൈക്കുടന്നയിൽ വെള്ളം കോരിയെടുത്ത് ആവോളം പാനം ചെയ്തു.

കണ്ടുനിന്നവർ ആശ്ചര്യഭരിതരായി. "ഇവനിൽ എന്തോ മന്ത്രശക്തിയുണ്ട്. അല്ലെങ്കിൽ ഇതെങ്ങനെ സംഭവിക്കും?" ഭടന്മാർ പറഞ്ഞു.

"ഇവൻ ദൈവത്തിനു പ്രിയപ്പെട്ടവൻതന്നെ." കാഴ്ചക്കാരിൽ ചിലർ പറഞ്ഞു. അവർ അവനിൽ വിശ്വസിച്ചു. അവനുവേണ്ടി പ്രാർത്ഥിച്ചു. വിശ്വാസികളായി മടങ്ങി.

ഈ അദ്ഭുതവർത്തമാനം നാടെങ്ങും പടർന്നേറി. നാടിന്റെ നാനാഭാഗത്തുനിന്നും ആളുകൾ വന്നുകൊണ്ടിരുന്നു. അവർ അദ്ഭുതനീരൊഴുക്കു കണ്ടു. ദേവസഹായത്തെ കണ്ടു. ചിലർ ഭക്ഷണപദാർത്ഥങ്ങൾ കാഴ്ചവച്ചു. ഉപദേശങ്ങൾ സ്വീകരിച്ചു. അനേകം രോഗികൾ അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചവരായി മടങ്ങി.

ഇങ്ങനെയൊക്കെയാണെങ്കിലും ദേവസഹായത്തിനുള്ള പതിവുശിക്ഷ ഭടന്മാർ മുടക്കിയിരുന്നില്ല. മുടക്കാൻപാടില്ല. രാജകല്പനയാണ്. ദിവസവും മുപ്പതടി. മുളകുപ്രയോഗം.

പുലിയൂർകുറിശ്ശിയിൽ ദേവസഹായംപിള്ളയുടെ ദേഹത്തു പുരട്ടാനുള്ള മുളകു പതിവായി അരച്ചുകൊടുത്തിരുന്ന സ്ത്രീ പുണ്യപുരുഷനോട് അനുകമ്പ തോന്നി കുറച്ചു പച്ചരികൂടി ചേർത്തരച്ചുകൊടുത്തു. നീറ്റലിന് അല്പം ശമനം കിട്ടട്ടെ എന്ന് ആ പാവം സ്ത്രീ കരുതി.

മുളക് ദേഹത്തിൽ തേച്ചുപിടിപ്പിച്ചതിൽ പിന്നീട് ദേവസഹായം പറഞ്ഞു: "ഇന്നത്തെ മരുന്നു തേച്ചിട്ട് എനിക്കു പതിവിൽ കൂടുതൽ വേദന തോന്നുന്നു." അതു കേട്ടതിൽ പിന്നീട് ആ സ്ത്രീ അങ്ങനെ ചെയ്തില്ല.

നാൾക്കുനാൾ ദേവസഹായത്തിന് സന്ദർശകരുടെ എണ്ണം പെരുകിവന്നു. രാത്രികാലങ്ങളിൽപ്പോലും വിളക്കും പന്തവുമായി ആളുകളെത്തിക്കൊണ്ടിരുന്നു. വന്നവരാകട്ടെ, ദേവസഹായത്തെപ്പറ്റി കരുണയോടും ആദരവോടുംകൂടി സംസാരിക്കാൻ തുടങ്ങി.

ജനങ്ങളുടെ വികാരം തങ്ങൾക്കെതിരേ തിരിയുന്നു എന്നു മനസ്സിലാക്കിയ ബ്രാഹ്മണരും ഭടന്മാരും അധികാരികളുടെ അനുവാദത്തോടെ ദേവസഹായത്തിനെ ബ്രഹ്മപുരം മണക്കര, അപ്പട്ടുവിള മുതലായ ഗ്രാമങ്ങളിലൂടെ നടത്തി പെരുവിളയിലെത്തിച്ചു. അവിടെ ആരാച്ചാരുടെ തൊഴുപ്പുരയ്ക്കു സമീപം നിന്നിരുന്ന ഉണങ്ങിയ പട്ടവേപ്പുമരത്തിൽ കെട്ടി വച്ചു. ശേഷം ഭടന്മാർ മടങ്ങി.

ഓരോരോ സ്ഥലങ്ങളിലേക്കും ദേവസഹായത്തിനെ മാറ്റുമ്പോഴും അതതുസ്ഥലത്തെ അധികാരികൾക്കുവേണ്ടി അവരുടെ അനുചരന്മാരാണ് ദേവസഹായത്തെ പീഡിപ്പിച്ചിരുന്നത്. പെരുവിളയിലെത്തിയപ്പോൾ അവിടുത്തെ ആരാച്ചാരും അനുചരന്മാരുമാണ് ആ ദൗത്യം ഏറ്റെടുത്തത്.

സന്ധ്യയോടടുത്ത നേരമായിരുന്നത്. ഇരുട്ടുവീണപ്പോൾ ആരാച്ചാരുടെ അനുചരന്മാർ സൗകര്യപ്രദമായി ഉറങ്ങാനുള്ള സ്ഥലം തേടിപ്പോയി. ദേവസഹായത്തിന് ഇരിക്കാനോ കിടക്കാനോ കഴിയുമായിരുന്നില്ല. വേപ്പുമരത്തിനോടു ചേർത്തുനിറുത്തിയാണ് ദേവസഹായത്തിനെ ബന്ധിച്ചിരുന്നത്. കൈകളിലും കാലുകളിലും വിലങ്ങുതറച്ചിരുന്നു.


നിലാവും മഞ്ഞും ഒരുപോലെ പെയ്യുന്ന ഒരു രാത്രിയായിരുന്നത്. രാത്രിയിലെപ്പോഴോ നിലാവെളിച്ചത്തിൽ അല്പമകലെ ഒരാൾ നില്ക്കുന്നത് ദേവസഹായം കണ്ടു. ആരാച്ചാരുടെ ആളുകളാരെങ്കിലുമാകാം. അല്ലാതാര്? പിന്നെയെപ്പോഴോ നിലാത്തെളിമയിൽ ദേവസഹായം ആളെ തിരിച്ചറിഞ്ഞു. ശെൽവൻ.

"ശെൽവനല്ലേ..." ദേവസഹായം ചോദിച്ചു.

"അതേ പെരിയവരേ..."

"നട്ടാലത്തിനു മടങ്ങാത്തതെന്ത്?"

"എനിക്ക് അങ്ങയെ വിട്ടു പോകാൻ കഴിയില്ല പെരിയവരേ."



അല്പനേരത്തേക്ക് ദേവസഹായം ശബ്ദിച്ചില്ല. വാക്കുകൾ തൊണ്ടയിൽ കുരുങ്ങിപ്പോകുന്നു. കരുണയുടെയും സ്നേഹത്തിന്റെയും ദീപശിഖയുമായി എന്റെ പിന്നാലെ ഒരാൾ... ദേവസഹായം പറഞ്ഞു:

"മിത്രമേ, എന്റെ വഴികൾ ചെന്നെത്തുന്നത് മരണത്തിലേക്കാണ്. വഴികളിലാകട്ടെ നിറയെ വിഷസർപ്പങ്ങളും കട്ടക്കാരയും കൂർത്തുമൂർത്ത കല്ലുകളും. നിനക്ക് എന്നെ പിന്തുടരാൻ കഴിയില്ല. കാരണം, ഇതെന്റെ നിയോഗമാണ്."

"പെരിയവരേ, എനിക്കു മരണത്തെ ഭയമില്ല. എന്തു സംഭവിച്ചാലും ഞാൻ അങ്ങയുടെ പിന്നാലെയുണ്ട്. ഗാഗുൽത്തായിലേക്കു കുരിശു ചുമക്കാൻ യേശുവിനെ സമീപിച്ച ശിമയോനെപ്പോലെ..."

എവിടെനിന്നോ ഭീകരമാം വിധം പെട്ടിച്ചൂടൻ നീട്ടിക്കൂവി. നിലാവ് മാഞ്ഞു. ദേവസഹായത്തിന്റെ കണ്ണുകളിൽനിന്ന് ശെൽവൻ മാഞ്ഞുപോയി.

മരത്തിൽ കെട്ടിനിറുത്തിയപാടേ മുന്നോട്ടു കുനിഞ്ഞ ശിരസ്സുമായി ദേവസഹായം ഉറക്കത്തിലേക്കു വീണു.

നേരം വെളുത്തിട്ടും ദേവസഹായം ഉണർന്നില്ല. മുന്നോട്ടൊടിഞ്ഞ ശിരസ്സുമായി കുരിശിൽ മരിച്ചുകിടക്കുന്ന യേശുദേവനെ ഓർമിപ്പിക്കുന്നുണ്ടായിരുന്നു ദേവസഹായമപ്പോൾ.

ഉറക്കമുണർന്നുവന്ന ആരാച്ചാരുടെ കൂട്ടാളികൾ ദേവസഹായം മരിച്ചിട്ടുണ്ടാകുമെന്നു കരുതി. മുന്നോട്ടൊടിഞ്ഞു തൂങ്ങിയ ശിരസ്സുകണ്ടാൽ അങ്ങനെയേ തോന്നൂ.

ദേവസഹായത്തിനടുത്തേക്ക് വേഗത്തിൽ നടന്നടുത്ത അവൻ മറ്റൊരു കാഴ്ചയിൽ ഞെട്ടിത്തരിച്ചു. തലേന്നു രാത്രി വേപ്പുമരത്തോടു ചേർത്ത് ദേവസഹായത്തിനെ കെട്ടുമ്പോൾ, ഉണങ്ങി ആകാശത്തേക്ക് ചില്ലകൾ കൂർപ്പിച്ചുനിന്നു വേപ്പുമരം നിറയെ പൂത്തുതളിർത്തിരിക്കുന്നു.

വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനും പറ്റാത്ത അവസ്ഥയിലായിരുന്നു അവർ. അവർ ആരാച്ചാരെ വിവരമറിയിച്ചു. വീടിനുള്ളിൽനിന്ന് പുറത്തുവന്ന് ആരാച്ചാർ വായപിളർന്നു നിന്നുപോയി.

രണ്ടുവർഷത്തിലേറെയായി ഉണങ്ങി നിലംപൊത്താറായി നിന്ന മരമാണ്. അതു നിറയെ ഇലകളും പൂക്കളുമായി കാറ്റിലുലഞ്ഞു നില്ക്കുന്നു.

അദ്ഭുതമല്ലാതെ മറ്റെന്ത്? ആരാച്ചാർക്കും അനുചരന്മാർക്കും തങ്ങളുടെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. പക്ഷേ, എങ്ങനെ വിശ്വസിക്കാതിരിക്കും? കൺമുമ്പിൽ കാണുന്നതല്ലേ സത്യം.

വിവരമറിഞ്ഞ് ആളുകൾ എത്തിക്കൊണ്ടിരുന്നു. വന്നവർ വന്നവർ അദ്ഭുതപരതന്ത്രരായി. അവരുടെ സംസാരവും കോലാഹലങ്ങളും പ്രാർത്ഥനാരവും കേട്ടാണ് ദേവസഹായം കണ്ണുതുറന്നത്. തനിക്കു ചുറ്റും ആളുകൾ വട്ടമിട്ടു നില്ക്കുന്നു. തന്നെ കെട്ടിവച്ചിരിക്കുന്ന ഉണക്കമരത്തിൽ നിറയെ പൂക്കളും ഇലകളും. ചില്ലകളിൽ പലതരം പക്ഷികൾ കലപില വയ്ക്കുന്നു.

"ദൈവമേ, നിന്റെ മഹാദയ എന്റേമേൽ വർഷിച്ചിരിക്കുന്നു. അവിടുത്തേക്കു സ്തുതിയായിരിക്കട്ടെ..."

മരിച്ചു എന്നു കരുതിയ ദേവസഹായം ഉണർന്നെണീറ്റപ്പോൾ ആരാച്ചാരുടെ കൈയാളുകൾ അമ്പരന്നു.

"ഇവനിൽ മാന്ത്രികവിദ്യകളോ മഹേന്ദ്രജാലമോ ഉണ്ട്. അല്ലെങ്കിൽ ഇങ്ങനെയൊന്നും സംഭവിക്കില്ല." ആരാച്ചാരുടെ ആൾക്കാർ പറഞ്ഞു.

"ഇതിൽ ദൈവികശക്തിയുണ്ട്. സത്യവേദത്തിന്റെ ശക്തി. യേശുദേവന്റെ ശക്തി." കാഴ്ചക്കാരിൽ പലരും അങ്ങനെ പറഞ്ഞു. ആരാച്ചാർക്കും ദേവസഹായത്തിൽ വിശ്വാസം തോന്നിത്തുടങ്ങിയിരുന്നു.

ജനങ്ങളുടെ പ്രവാഹമായിരുന്നു പിന്നീടുള്ള ദിവസങ്ങളിൽ. വരുന്നവരിലേറെയും രോഗികൾ. മാനസികപീഡകളിൽപ്പെട്ടുഴലുന്നവർ. അശുദ്ധാരൂപിയാൽ പീഡിപ്പിക്കപ്പെടുന്നവർ. മറ്റു സങ്കടങ്ങളനുഭവിക്കുന്നവർ.

പുണ്യപുരുഷന്റെ പ്രാർത്ഥനയാലും അനേകം രോഗികൾ സൗഖ്യമുള്ളവരായി. അനേകരിൽനിന്ന് അശുദ്ധാത്മാക്കൾ പുറത്തായി. മിക്കവരുടെയും സങ്കടങ്ങൾക്കറുതിയായി.

അനേകർ ദേവസഹായത്തിന്റെ മഹത്ത്വം കണ്ടു വിശ്വസിച്ച് ക്രിസ്തുമതം സ്വീകരിച്ചു. പെരുവിളയിലും സമീപപ്രദേശങ്ങളിലും താമസിച്ചിരുന്ന വെള്ളാളർ, വാണിയന്മാർ, നാടാർ വിഭാഗത്തിൽപ്പെട്ടവർ തുടങ്ങി അനേകജാതിക്കാർ ക്രിസ്തുമതത്തിലേക്കു ചേക്കേറി. അവർ ദേവസഹായത്തിനാവശ്യമുള്ള സഹായം ചെയ്തുകൊടുക്കുന്നതിൽ താത്പര്യം കാണിക്കുകയും ചെയ്തു. ആരാച്ചാരാകട്ടെ ദേവസഹായത്തിനെ പീഡിപ്പിക്കുന്നതിൽനിന്ന് അനുചരന്മാരെ പിന്നാക്കം പിടിച്ചു.

വിശ്വാസികളായിത്തീർന്ന ആളുകൾ ആരാച്ചാരുടെ സഹായത്തോടെ വേപ്പുമരത്തിനു സമീപം ഒരു ഓലപ്പുരകെട്ടി അതിൽ അദ്ദേഹത്തെ താമസിപ്പിച്ചു. എന്തിനുമേതിനും തയ്യാറായി ശെൽവനുമുണ്ടായിരുന്നു സമീപം.

പെരുവിളയിൽ സംഭവിക്കുന്ന ഓരോ കാര്യങ്ങളും ഓലക്കുറിപ്പുവഴി ശെൽവന്റെ സഹായത്തോടെ ദേവസഹായം ക്യാപ്റ്റൻ ഡിലനായിയെ അറിയിച്ചുകൊണ്ടിരുന്നു. അതാകട്ടെ, അദ്ദേഹത്തിനും കുടുംബത്തിനും ആശ്വാസപ്രദമായിരുന്നുതാനും.

അങ്ങനെയിരിക്കേ, ഒരു ദിവസം ആരാച്ചാർ ദേവസഹായത്തോട് തന്റെ സങ്കടം പറഞ്ഞു.

ആരാച്ചാർ വിവാഹം കഴിച്ചിട്ട് ഏറെ നാളുകളായിരുന്നു. പക്ഷേ, സന്താനങ്ങളുണ്ടായില്ല. സന്താനലബ്ധിക്കായി അമ്പലങ്ങൾതോറും നേർച്ചകാഴ്ചകൾ കഴിച്ചും വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച് പൂജാദികർമങ്ങൾ നടത്തിയും മന്ത്രതന്ത്രങ്ങളോടുകൂടി ബലികർമങ്ങൾ സമർപ്പിച്ചും സമ്പത്ത് ഏറെ നശിപ്പിച്ചതല്ലാതെ പ്രയോജനമൊന്നും സിദ്ധിച്ചില്ല.

ശേഷം 16-ാം പേജിൽ

# എന്റെ ഓണം

സാക്ഷിനന്ദ എസ്.

എന്റെ ഓണാഘോഷം എന്നും അമ്മയുടെ വീട്ടിലാണ്. അച്ഛന്റെ വീട് പാലക്കാടും അമ്മവീട് കോഴിക്കോടു മായതിനാൽ, ഓണം ഞങ്ങൾക്കൊരു യാത്രകൂടിയാണ്. ഓണപ്പരീക്ഷ കഴിഞ്ഞാൽ സ്കൂൾ അടച്ചു. പിന്നെ എനിക്കും ഗൗരിക്കും ഗീതമ്മയുടെയും അമ്മച്ചന്റെയും വീട്ടിൽ പോകാൻ തിടുക്കമായി.

ആഘോഷങ്ങളെല്ലാം അമ്മവീട്ടിലായതിനാൽ പാലക്കാട് വെറുമൊരു പൂക്കളം മാത്രം ഇട്ടുവയ്ക്കും. അതും രാവിലെ സൈക്കിളിൽ കൊണ്ടുവരുന്ന പൂക്കൾ. വീട്ടുമുറ്റത്തു മന്ദാരവും തെച്ചിയും മഞ്ഞക്കോളാമ്പിയുമൊക്കെയുണ്ടെങ്കിലും കുറച്ചു പൂക്കൾ വാങ്ങിച്ചിടും.

ഗീതമ്മയുടെ വീട് കോഴിക്കോട് തിരുവമ്പാടി തമ്പലമണ്ണ എന്ന സ്ഥലത്താണ്. അവിടെ നിറയെ പൂക്കളുണ്ട്. പൈസ കൊടുത്തു വാങ്ങണ്ട. ചെമ്പരത്തി, തുമ്പ, മുക്കുറ്റി, ഒക്കെയുമുണ്ട്. അവിടെപ്പോകുമ്പോൾ ഇഷ്ടംപോലെ കൂട്ടുകാരുണ്ട്. അമ്മയുടെ ബന്ധുക്കൾ. അപ്പോഴാണ് ഓണം ആഘോഷമായി തോന്നാറ്.

രാവിലെ പൂക്കളമിട്ടു ഞങ്ങൾ ഫോട്ടോ എടുക്കും. പിന്നെ ടിവിയിലെ ഓണപ്പരിപാടികൾ ആസ്വദിച്ചിരിക്കും. ഉച്ചയാകുമ്പോൾ അമ്മമ്മയുടെകൂടെ പറമ്പിൽ പോയി വാഴയില വെട്ടിക്കൊണ്ടു വന്നു സദ്യയുണ്ണും.

ഓണസദ്യയിൽ എനിക്കിഷ്ടം ഓലൻ ആണ്. ഞാൻ എപ്പോഴും ഓലക്കറി എന്നു പറയും. അമ്മ തിരുത്തും: ഓലക്കറിയല്ല, ഓലൻ.

ഉച്ചയ്ക്കുശേഷം അവിടെ പുലിക്കളിക്കാരുടെ വരവായി. ആദ്യമൊക്കെ പുലിയെ കാണുമ്പോൾ ഞാൻ ഓടിയൊളിക്കുമായിരുന്നു. പിന്നെയാണ് അത് ഓണക്കളിയാണെന്നും ആളുകൾ വേഷംകെട്ടി വരുന്നതാണെന്നുമൊക്കെ മനസ്സിലായത്.

സദ്യ കഴിച്ചു കഴിഞ്ഞാൽ വിരുന്നുകാർ എല്ലാവരും കൂടിയിരുന്നു കഥകൾ പറയും. അമ്മമ്മയുടെ അമ്മയും ഉണ്ടായിരുന്നു അന്ന്.

ഇക്കഴിഞ്ഞ ഓണത്തിന് അമ്മൂമ്മ ഉണ്ടായിരുന്നില്ല. കൊറോണയ്ക്കു ശേഷം ഓണം അത്ര രസമുണ്ടായിരുന്നില്ല. എല്ലാവരും അവരവരുടെ വീട്ടിലൊതുങ്ങി. കാണാനാളില്ലാത്ത പൂക്കളം. പുത്തനുടുപ്പുകൾ നഷ്ടമായ കൊറോണക്കാലം.

എല്ലാവരും സന്തോഷത്തോടെ വട്ടത്തിൽ ഇരുന്നു കഥകൾ പറയുന്ന ഓണമാണ് എനിക്ക് ഏറെ ഇഷ്ടം.



# ഓണമധുരം



ആൻസി മാത്യു

## നെയ്പ്പായസം



### ചേരുവകൾ

ഉണക്കലരി - 250 ഗ്രാം
ശർക്കര - അരക്കിലോഗ്രാം
നെയ്യ് - 250 ഗ്രാം
ഈന്തപ്പഴം - 100 ഗ്രാം
തേൻ - കാൽ കപ്പ്
ഏലക്ക, ജീരകം പൊടിച്ചത് - ഒന്നര ടേബിൾസ്പൂൺ
കദളിപ്പഴം നുറുക്കിയത് - 2 എണ്ണം
ഉണക്കമുന്തിരി - 100 ഗ്രാം
കൽക്കണ്ടം പൊടിച്ചത് - 100 ഗ്രാം
ഉണക്കത്തേങ്ങ ചെറുതായി അരിഞ്ഞത് - ഒന്നിന്റെ പകുതി

### തയ്യാറാക്കുന്ന വിധം

അരി വൃത്തിയാക്കി അരമണിക്കൂർ കുതിർക്കാൻ വയ്ക്കുക കുറച്ചു വെള്ളവും അല്പം നെയ്യും ഒഴിച്ച് അരി വേവിച്ചു വറ്റിക്കുക. ഇതിലേക്ക് ശർക്കര കാൽകപ്പ് വെള്ളമൊഴിച്ച് ഉരുക്കി പാനിയാക്കി അരിച്ച് ഒഴിക്കുക. ഈ കൂട്ട് നന്നായി വഴറ്റി കുറച്ചു ഭാഗം നെയ്യും ചേർത്ത് ഇടയ്ക്കിടയ്ക്ക് ഒഴിച്ച് ഇളക്കി ഉരുളിയിൽനിന്നു വിട്ടുവരുന്ന പാകത്തിനു വഴറ്റുക. ഇതിലേക്കു നുറുക്കിയ പഴവും ഈന്തപ്പഴവും മുന്തിരിയും ചേർത്ത് യോജിപ്പിച്ച് അടുപ്പിൽനിന്നു മാറ്റുക. മറ്റൊരു ചീനച്ചട്ടിയിൽ കുറച്ചു നെയ്യൊഴിച്ച് ചൂടാക്കി തേങ്ങാക്കൊത്തുചേർത്ത് ഇളം ബ്രൗൺ നിറമായി വറുത്ത് ആ നെയ്യോടുകൂടി പായസത്തിലേക്ക് ഒഴിച്ച് ഇളക്കുക ഏലയ്ക്കപ്പൊടിയും ജീരകപ്പൊടിയും ചേർത്ത് നന്നായി യോജിപ്പിച്ച് അവസാനം തേനും കൽക്കണ്ടം പൊടിച്ചതും ചേർക്കുക.

## മാമ്പഴപ്രഥമൻ

### ചേരുവകൾ

പഴുത്ത മാങ്ങ - അരക്കിലോ
നെയ്യ് - 50 മില്ലി
ശർക്കര - 300 ഗ്രാം (ചൂടുവെള്ളത്തിൽ ഉരുക്കി അരിച്ചത്)
കുറുകിയ തേങ്ങാപ്പാൽ - 400 മില്ലി (ഒരു എണ്ണത്തിന്റേത്)
ഏലക്ക പൊടിച്ചത് - ഒരു ടീസ്പൂൺ
ചുക്ക് പൊടിച്ചത് - അര ടീസ്പൂൺ
നെയ്യിൽ വറുത്ത കശുവണ്ടി നുറുക്ക് - 20 ഗ്രാം
നെയ്യിൽ വറുത്ത ഉണക്കമുന്തിരിങ്ങ - 15 ഗ്രാം
കനം കുറച്ച് നുറുക്കി നെയ്യിൽ വറുത്ത തേങ്ങാക്കഷണങ്ങൾ - 2 ടേബിൾ സ്പൂൺ

### തയ്യാറാക്കുന്ന വിധം

പഴുത്ത മാങ്ങ ചെറുതായി നുറുക്കി മിക്സിയിൽ അരച്ചെടുക്കുക. ഇത് ചുവടു കട്ടിയുള്ള സ്റ്റീൽ പാത്രത്തിൽ ഒഴിച്ച് ചെറുതീയിൽ നെയ് ചേർത്തു വരട്ടുക. ഇതിൽ ശർക്കര ഉരുക്കി അരിച്ചത് സാവധാനം ചേർക്കുക. തേങ്ങാപ്പാൽ ചേർത്ത് ചൂടാകുമ്പോൾ വാങ്ങി ഏലക്കാ പൊടിച്ചത്, ചുക്കുപൊടി, കശുവണ്ടി, മുന്തിരിങ്ങ, തേങ്ങാക്കഷണങ്ങൾ എന്നിവ ചേർക്കുക.





# ദേവാങ്കണം

11-ാം പേജ് തുടർച്ച

ദേവസഹായംപിള്ളയയുടെ പ്രാർത്ഥനയാൽ അനേകർ സുഖം പ്രാപിച്ചു മടങ്ങിപ്പോകുന്നതും മറ്റ് അദ്ഭുതപ്രവൃത്തികളും കണ്ട് ദേവസഹായത്തിൽ വളരെ വിശ്വാസം തോന്നിയതുകൊണ്ടാണ് ആരാച്ചാർ തന്റെ സങ്കടം പറഞ്ഞത്.

"എനിക്ക് അനവധി സ്വത്തുക്കളുണ്ട്. അനന്തരാവകാശികളില്ലാതെ അത് അന്യാധീനപ്പെട്ടുപോകുമല്ലോ എന്നോർക്കുമ്പോൾ അതിയായ വ്യസനം തോന്നുന്നു. അല്ലയോ മാഹാത്മാവേ, നിങ്ങളുടെ പ്രാർത്ഥന ദൈവസന്നിധിയിലെത്തുന്നതിന് കാലതാമസമുള്ളതായി ഞാനറിയുന്നില്ല. അതിനാൽ താങ്കൾ ദൈവത്തോടു പ്രാർത്ഥിച്ച് എന്നെ അനുഗ്രഹിക്കണമെന്ന് അപേക്ഷിക്കുന്നു."

സങ്കടപൂർണമായിരുന്നു ആരാച്ചാരുടെ അപേക്ഷ. അദ്ദേഹത്തിന്റെ വ്യസനം ദേവസഹായത്തിന് മനസ്സിലാക്കാവുന്നതേയുള്ളൂ.

"നിങ്ങൾ വിഷമിക്കേണ്ട." ദേവസഹായം പറഞ്ഞു. "നിങ്ങളുടെ സങ്കടം ദൈവം കാണുന്നുണ്ട്. ലോകത്തിന്റെ രക്ഷയ്ക്കായി സ്വയം ബലിയായിത്തീർന്ന യേശുദേവന്റെ അനുഗ്രഹത്താൽ നിങ്ങൾക്കൊരു കുഞ്ഞു പിറക്കും. നിങ്ങൾ വിശ്വാസിക്കുക. വാക്കുകൾ ഫലിക്കാതിരിക്കില്ല."

അതങ്ങനെ തന്നെ സംഭവിച്ചു. രണ്ടോ മൂന്നോ മാസങ്ങൾ കഴിഞ്ഞുപോയിട്ടുണ്ടാകണം. ഒരു ദിവസം ആരാച്ചാർ വന്ന് ദേവസഹായത്തോടു പറഞ്ഞു:

"അല്ലയോ മഹാത്മാവേ, താങ്കളുടെ "പ്രാർത്ഥന ദൈവസന്നിധിയിലെത്തിയിരിക്കുന്നു. എന്റെ ഭാര്യ ഗർഭം ധരിച്ചിരിക്കുന്നു."

"അവൾ ഒരു പുത്രനെ പ്രസവിക്കും." ദേവസഹായം പറഞ്ഞു. അതും സത്യമായി ഭവിച്ചു.

(തുടരും)

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 977813773
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA



കവിത

നെസി അൽഫോൻസ് ജോർജ്

# ഇനിയുമൊരു കലാപധ്വനിയോ?

നിദ്രവിട്ടുണരും പുലരിയിൽ
തേടിയണഞ്ഞു കണ്ണീർമഴ-
യതിലലിഞ്ഞില്ലാതാകുമനേക
പൈതങ്ങളും നിറസ്വപ്നങ്ങളും.

ആർത്തിരമ്പുന്ന തിരപോലെ
വിണ്ണിലൊഴുകിയണയുന്ന രാഗമേ,
അങ്ങകലേക്കു മറയുന്നു നീ
ശൂന്യതയുടെ രൂപവും പേറി.

പാഞ്ഞടുക്കുമിരുണ്ട വേഷങ്ങൾ
വാർത്തെടുക്കുന്നു കലാപഭൂമിയെ
രോഷമുയർത്തി, രക്തഗന്ധം പരത്തി-
യതിൽനിന്നുയരുന്നു വിലാപസ്വരം.

പലായനം ചെയ്യുന്നനേകർ
ജീവിതസ്വപ്നഭാണ്ഡവുമായി
ഒരായുസ്സുകൂടി കിട്ടിയതി-
ലാനന്ദമോടെ...

രക്തഗന്ധം ചൊരിയും തൻ
പ്രിയാരാമത്തിൽനിന്നോടി-
യകലുന്നകലങ്ങളിലേക്കതാ
വെമ്പലോടിളംതെന്നൽ.

ഭീതിയുടെ നിറപ്പകർച്ചയിൽ
ചേക്കേറാനൊരിടം തേടി-
യകലുന്ന ദ്വിജവൃന്ദം
പറന്നകലുന്നകലങ്ങളിലേക്ക്...

കലാപധ്വനിക്കിനി വിരാമമില്ലേ?
പുതുവെളിച്ചത്തിൻ പിറവി-
യെന്നാണിനിയെന്നോതി
അശ്രുപൊഴിക്കുന്നു മനുഷ്യമക്കൾ.

ആർത്തിരമ്പുന്ന തിരപോലെ
വിണ്ണിലൊഴുകിയണയുന്ന രാഗമേ,
അങ്ങകലേക്കു മറയുന്നു നീ
ശൂന്യതയുടെ രൂപവും പേറി.

ഓണാശംസകൾ

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി
പാലാ രൂപതയുടെ സാമൂഹ്യക്ഷേമവികസന വിഭാഗം



അഗ്രിമ
- കർഷകസേവനകേന്ദ്രം
- നാടൻ പച്ചക്കറി മാർക്കറ്റ്
- കാർഷിക നഴ്സറി
- ഇക്കോഷോപ്പ്

സെന്റ് തോമസ് പ്രസിനു സമീപം, പാലാ
Ph: 9074556724 Email:dssspalai@gmail.com, Web:www.psws.org

● മേൽത്തരം ഹൈബ്രീഡ് പച്ചക്കറിത്തൈകൾ ● വിത്തുകൾ ● ഫലവൃക്ഷത്തൈകൾ ● തെങ്ങിൻതൈകൾ ● പൂച്ചെടികൾ ● പൂച്ചട്ടികൾ ● വളങ്ങൾ ● ഹൈടെക് കോഴിക്കൂടുകൾ ● കാടക്കൂടുകൾ ● തേനീച്ചപ്പെട്ടികൾ ● മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ● കാടക്കുഞ്ഞുങ്ങൾ ● മത്സ്യക്കുഞ്ഞുങ്ങൾ ● കോഴി–കാട–മത്സ്യത്തീറ്റകൾ ● കാർഷികമൂല്യവർദ്ധിതഭക്ഷ്യോത്പന്നങ്ങൾ ● വെളിച്ചെണ്ണ ● അരിപ്പൊടി ● പുട്ടുപൊടി ● കറിപ്പൗഡറുകൾ ● സോപ്പുകൾ ● ലോഷനുകൾ ● പലവ്യഞ്ജനങ്ങൾ ● ജൈവപ്പച്ചക്കറികൾ etc...

ഓണാശംസകൾ



എവർഷൈൻ
ഗോൾഡ് കവറിംഗ് & സിൽവർ ജൂവലറി
മെയിൻ റോഡ്, പാലാ
Phone: 9495021399
കല്യാണസംബന്ധമായ എല്ലാവിധ ആഭരണങ്ങളും ഡ്രസുകളും വിലയ്ക്കും വാടകയ്ക്കും കൊടുക്കുന്നു.



OVERSEAS
EDUCATION SERVICES
STUDY AT
GERMANY CANADA AUSTRALIA NEW ZEALAND
For Plus two & Degree Students
Great opportunities in Germany without IELTS & German Language
NAIPUNNYA INTERNATIONAL
By the Archdiocese of Ernakulam-Angamaly
St.Thomas Press Building, Pala, Pin:686575
0482 2 201546 | pala@naipunnyaint.com
Head Office — ERNAKULAM 0484-2381948/49
Other Branches — KALOOR 9544 9191 44 | ANGAMALY 9544 9191 55 | THRIKKAKARA 9544 9191 33

ഓണാശംസകൾ
Thanks to the whole -hearted support and co-operation for the past few years
SURYA DRUGS
Room No. 3K, Puthumana Tower,
PALA P.O., Kottayam Dist.
Ph: 04822- 201977(O)
WHOLESALE PHARMACY IN PALA HAVING FULL RANGE OF SURGICAL EQUIPMENTS, DENTAL PRODUCTS & GENERAL MEDICINES

ഓണാശംസകൾ
S.J. ആയുർവേദ ഫാർമസി
പുതിയ കാവ് ടെമ്പിൾ റോഡ്
ചെത്തിമറ്റം – പാലാ
ബ്രാഞ്ചുകൾ: കോട്ടയം & ആലപ്പുഴ
മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...
നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം
Please Contact:
Dr. K.V. Joseph DAM
Mob: 9447421216, 04822-214167



# മലരിക്കലെ ആമ്പൽവസന്തം



സാംസൺ പാലാ

കോട്ടയം ജില്ലയിലെ പടിഞ്ഞാറൻ പാടശേഖരമായ മലരിക്കലെ ആമ്പൽപ്പൂത്തടാകം വിനോദസഞ്ചാരികളെ വീണ്ടും മാടിവിളിക്കുകയാണ്. കുമരകം റൂട്ടിൽ രണ്ടു കിലോമീറ്റർ നീളത്തിൽ റോഡിന്റെ പടിഞ്ഞാറുവശത്തായി 1850 ഏക്കർ വിസ്തൃതിയിൽ പരന്നു കിടക്കുന്ന ജെ ബ്ലോക്ക് ഒൻപതിനായിരം എന്ന പേരിലറിയപ്പെടുന്ന ഈ നെൽപ്പാടത്തിന്റെ നോക്കെത്താത്ത ദൂരത്തിലുള്ള കാഴ്ച എത്രയോ മനോഹരമാണ്. ഈ പാടശേഖരത്തിലാണ് ആമ്പൽപ്പൂക്കൾ തഴച്ചു വളർന്നു നിൽക്കുന്നത്.

കേരളത്തിൽ പലയിടങ്ങളിലും ആമ്പൽ കാണാമെങ്കിലും ഇത്രയും കൂട്ടമായി കടൽപോലെ തിങ്ങിനിറഞ്ഞു നിൽക്കുന്നത് വേറിട്ട ഒരു കാഴ്ചതന്നെ. മലരിക്കൽ എന്ന കൊച്ചുഗ്രാമം അറിയപ്പെടാൻ തുടങ്ങിയതുതന്നെ, ആമ്പൽപ്പൂവിന്റെ വരവോടെയാണ്. ഈ ആമ്പൽ പൂങ്കാവനം ചിങ്ങമാസത്തിൽ വിരുന്നിനെത്തുന്ന പൊന്നോണത്തെ വരവേൽക്കുന്നു. പുലർച്ചയ്ക്കുമുമ്പേ ഉണരുന്ന ഇളം വയലറ്റുനിറമുള്ള ഈ ആമ്പൽപ്പൂക്കൾ സൂര്യന്റെ വരവോടെ കൈകൂപ്പാൻ തുടങ്ങും. രാവിലെ ഒൻപത്-പത്തു മണിയോടെ എല്ലാം കൂമ്പിയ നിലയിലായിരിക്കും. 2019 ഒക്ടോബർ ആദ്യവാരത്തിലാണ് മലരിക്കൽ ആമ്പൽപ്പൂവസന്തം ജനശ്രദ്ധയാകർഷിക്കുന്നത്. പിന്നീടുള്ള വർഷങ്ങളിൽ ഇത് തുടർവസന്തമായി.

പട്ടുപരവതാനി വിരിച്ചതുപോലെ കാണുന്ന ഈ ആമ്പൽപ്പൊയ്കയിൽ ലക്ഷോപലക്ഷം പൂക്കൾ വിരിഞ്ഞു നിൽക്കുന്നു. പ്രഭാതത്തിലെ ശീതക്കാറ്റടിക്കുമ്പോൾ ജലത്തിലെ ഓളപ്പരപ്പിൽ പൂക്കൾ വിറപൂണ്ട് ഇളകിയാടുന്നതു രസമുള്ള കാഴ്ചയാണ്. ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ പൂത്തുലഞ്ഞുനിൽക്കുന്ന ഈ ആമ്പൽപ്പൂപ്പാടം സെപ്റ്റംബർ പകുതിയോടെ മോട്ടോറുകളുപയോഗിച്ച് വെള്ളം വറ്റിച്ച് നെൽക്കൃഷിക്കു തയ്യാറാക്കുന്നു. ഇതോടെ അല്പായുസുകളായ ഈ ആമ്പൽപ്പൂക്കൾ അപ്രത്യക്ഷമാകുന്നു. ഏപ്രിൽ-മെയ് മാസങ്ങളിൽ പുഞ്ചക്കൊയ്ത്തു കഴിഞ്ഞാലുടൻ വീണ്ടും പാടത്തു വെള്ളം കയറ്റും.

നാലഞ്ചടി നീളത്തിലും ആഴത്തിലും ചെളിയിൽ പൂണ്ടുനിൽക്കുന്ന ആമ്പൽപ്പൂവിന്റെ തണ്ടിന് ചെറിയ കപ്പലുത്തണ്ടിന്റെ ആകൃതിയും ഇലകൾ പരന്നു വൃത്താകൃതിയിലുമാണ് ശുദ്ധജലത്തിലും വളരുന്ന ഈ പൂക്കൾ വയലറ്റ്, പിങ്ക്, വെള്ള, നീല, മഞ്ഞ എന്നിങ്ങനെ പല നിറങ്ങളിലും വെള്ളാമ്പൽ, ചിറ്റാമ്പൽ, മഞ്ഞാമ്പൽ എന്നിങ്ങനെ പല പേരുകളിലും കാണപ്പെടുന്നു.

പൂക്കൾ അടുത്തു ചെന്നു കാണാൻ സാദാ വള്ളങ്ങളും മോട്ടോർ വള്ളങ്ങളും സദാസമയവും റെഡി. ആമ്പൽപ്പൂത്തടാകത്തിലൂടെ പൂക്കളെ ഭേദിച്ചു വള്ളങ്ങൾ നീങ്ങുമ്പോൾ നമുക്കു പൂക്കളെ തൊട്ടുതലോടുകയും പറിച്ചെടുക്കുകയും ചെയ്യാം. രണ്ടു ദിവസങ്ങൾക്കുള്ളിൽ അവയുടെ ആയുസ്സു തീരും. ആഴം കുറവായതിനാൽ വെള്ളത്തിലിറങ്ങി പൂവിറുക്കുന്നവരുമുണ്ട്. തൂവെള്ളനിറമുള്ള പാത്തകൾ ധാരാളമായി നീന്തിത്തുടിക്കുന്നതും കൊക്കുകൾ, മുണ്ടികൾ എന്നിവ പൂവിലും ഇലയുടെ വക്കിലുമിരുന്ന് ചെറുമത്സ്യങ്ങൾ കൊത്തിവലിച്ചെടുക്കുന്നതും, ഹൃദ്യമായ കാഴ്ചയാണ്. പൂവുകളിൽ പാറിപ്പറന്നു നടക്കുന്ന ഓണത്തുമ്പികളും പൂക്കൾക്കിടയിലൂടെ തലപൊക്കി മുങ്ങിത്താഴുന്ന നീർക്കാക്കകളും മരച്ചില്ലകളിലിരുന്ന് ഉന്നംപിടിച്ച് വെള്ളത്തിലേക്ക് ഊളിയിട്ട് ചെറുമത്സ്യത്തെ ചുണ്ടിൽ പൊക്കിയെടുക്കുന്ന പൊൻമാൻ പക്ഷികളും കൗതുകക്കാഴ്ചകളാണ്.

'സിംഫായേസിയ'യുടെ കുടുംബത്തിൽപ്പെട്ട ആമസോൺ വാട്ടർ ലില്ലിയുടെ പരമ്പരാഗത ചെറുമക്കളാണ് ഇന്നു നാം കാണുന്ന ആമ്പൽപ്പൂവൃന്ദാവനം. ഈ വാട്ടർ ലില്ലിയുടെ പൂർണവളർച്ചയെത്തിയ ഒരിലയ്ക്ക് 45 കിലോ ഭാരവും ആറടി വ്യാസവുമുണ്ട്. മൂന്നു നാലു പേർക്ക് നീണ്ടുനിവർന്നു കിടക്കാനും കുട ചൂടാനും ഇതിന്റെ ഒരിലമതി.

പൂക്കൾ സന്ദർശിക്കാൻ പറ്റിയ സമയം ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളാണ്. സൂര്യൻ ഉദിച്ചുയരുന്നതിനുമുമ്പ് രാവിലെ 6.30 മുതൽ 8 മണിവരെ മലരിക്കൽ പാടശേഖരം ആമ്പൽപ്പൂസാഗരത്തിലാറാടി നിൽക്കുന്നു. സഹകരണ ടൂറിസംവഴി ആമ്പൽ പുഷ്പോത്സവം ആണ്ടുതോറും നടത്താറുണ്ട്.

■

ഓണാശംസകൾ!

ചെറുവള്ളിൽ ഫർണിച്ചർ

ഹെഡ് പോസ്റ്റ് ഓഫീസിനു സമീപം മെയിൻറോഡ്, പാലാ

PHONE : 9447258525, 04822 – 213093

വുഡൻ, സ്റ്റീൽ, മോൾഡഡ് ഫർണിച്ചറുകൾ, മെത്തകൾ, Peps, Rubco, Sky foam തുടങ്ങിയവയുടെ പാലായിലെ അംഗീകൃതവിതരണക്കാർ






ഒരു കാലഘട്ടത്തിന്റെയും ഒരു തലമുറയുടെയും
പാലായിലെ ജനസമൂഹത്തിന്റെയും വിലപ്പെട്ട ചരിത്രരേഖ

സാംസൺ പാലായുടെ

# ഒരു പാലാക്കാരന്റെ ഹൃദയത്തുടിപ്പുകൾ

(അനുഭവക്കുറിപ്പുകൾ)





സാംസൺ പാലാ

**ഈ പുസ്തകത്തെക്കുറിച്ച്**

തന്റെ കളരിപഠനകാലംമുതലുള്ള ഓർമകളാണ് സാംസൺ പാലാ വായനക്കാരുമായി പങ്കുവയ്ക്കുന്നത്. ലളിതമായ ഭാഷയിലും ശൈലിയിലും അദ്ദേഹത്തിന്റെ ഓർമകളുടെ ചുരുളുകളഴിയുമ്പോൾ അതു പാലായുടെ മുക്കാൽ നൂറ്റാണ്ടുകാലത്തെ സാമൂഹികഭൂമികയെയാണ് സ്പർശിച്ചുപോകുന്നത്. ഇതു പാലായുടെ രാഷ്ട്രീയചരിത്രമല്ല. അതിലേക്കു സാംസൺ കടക്കുന്നതേയില്ല. എന്നാൽ, പാലായിലെ അക്കാലത്തെ സാമൂഹികസാഹചര്യങ്ങളെയും എനിക്കും നിങ്ങൾക്കും കണ്ടും കേട്ടും അറിയാവുന്ന ഒട്ടേറെ കഥാപാത്രങ്ങളെയും അദ്ദേഹം നമ്മുടെ ഓർമകളിലേക്കു തിരികെക്കൊണ്ടുവരുന്നുമുണ്ട്. അവരിൽ പലരുടെയും അറിയാത്ത നന്മകളെ സ്വാനുഭവത്തിൽനിന്നാണ് സാംസൺ നമുക്കു മുമ്പിൽ സാക്ഷ്യപ്പെടുത്തുന്നത്. എന്നാൽ, സാംസൺ പാലായുടെ ആത്മകഥയുടെ കാതലായി ഞാൻ കണ്ടത് പാലായെക്കുറിച്ചുള്ള ഒരു പാലാക്കാരന്റെ അഭിമാനബോധമാണ്. പാലായോടുള്ള ഗ്രന്ഥകാരന്റെ വൈകാരികമായ ബന്ധത്തെയും വരികൾക്കിടയിൽ നമുക്കു വായിച്ചെടുക്കാം.

ഡോ. സിറിയക് തോമസ് (മുൻ വൈസ്ചാൻസിലർ, മഹാത്മാഗാന്ധി സർവകലാശാല)



വില: 250 രൂപ

കോപ്പികൾക്ക്:

- സാംസൺ പാലാ ............ Ph: 7559982102
- സെന്റ് തോമസ് ബുക്ക്സ്റ്റാൾ, പാലാ Ph: 6282632531
- പ്രിന്റ് ഹൗസ് പാലാ ............ Ph: 9846472868
- അൽഫോൻസാ ബുക്സ്, പാലാ Ph: 9400771392
- സിൻസിയർ ബുക്സ്, പാലാ ..... Ph: 9447231238

ഉടൻ പ്രസിദ്ധീകരിക്കുന്നു...

■ ലോകത്തിലെ വിവിധ ഭൂഖണ്ഡങ്ങളിലൂടെ സാംസൺ പാലാ നടത്തിയ അതിസാഹസികയാത്രയുടെ നേർക്കാഴ്ചകൾ! ■ ലോകാദ്ഭുതങ്ങളുടെ നാട്ടിലെ സഞ്ചാരകഥകൾ കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ വിജ്ഞാനപ്രദം!! ■ ദീപനാളത്തിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ പുസ്തകരൂപത്തിൽ ഉടൻ പുറത്തിറങ്ങുന്നു.

**ലോകാദ്ഭുതങ്ങളുടെ നാട്ടിലൂടെ**

പ്രസാധനം: ദീപനാളം പബ്ലിക്കേഷൻസ്, പാലാ

Deepanalam Weekly
RNI No : 16998/68
Vol. 55 No. 27 Date of Publication 1 Sept 2022
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai. Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai Kottayam Dist. Kerala, Pin-686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org